സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

അന്തിമ രേഖ

കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറ്
ചുമതലപ്പെടുത്തിയത്

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഘട്ടംII സെക്ഷൻ A പാക്കേജ് 2&3 ന് വേണ്ടി എൻ.എ.ഡി. കവല മുതൽ അസീസി കവല വരെയും അസീസി കവല മുതൽ മഹിളാലയം കവല വരെയും എറണാകുളം ജില്ലയിലെ ആലുവ, കണയന്നൂർ താലൂക്കുകളിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത്, എന്നീ വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ

03.12.2020

അർത്ഥനാധികാരി

റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

കൊച്ചിൻ – 682025

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ., കളമശ്ശേരി
കളമശ്ശേരി – 683104
ഫോൺ: 0484 – 2911330-332/2550785
rossrajagiri@gmail.com
www.rajagirioutreach.in

ഉള്ളടക്കം

അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാതലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1.പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആ ഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ളബഡ്ജറ്റുസാമ്പത്തിക നടപടികളും

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

സൂചനകളും അനുബന്ധങ്ങളും

പട്ടികകൾ

1.3.1. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ വിവരങ്ങൾ

1.5.1. പദ്ധതിബാധിതമാകുന്ന വീടുകൾ

1.5.2. പദ്ധതിബാധിതമാകുന്ന നിർമ്മിതികൾ

1.5.3. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ

3.1.1. പഠന സംഘം

3.5.1. മീറ്റിങ്ങുകളുടെ സമയക്രമം

3.5.2. പദ്ധതി ബാധിതരുടെ ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

5.6.1.1. 3 വർഷമോ അതിലധികമോ ആയ വാടകക്കാർ

5.6.1.2. 3 വർഷമോ അതിലധികമോ ആയ തൊഴിലാളികൾ

5.6.2.1 പദ്ധതി ബാധിതമായേക്കാവുന്ന വൃക്ഷങ്ങൾ

6.2.1 കുടുംബങ്ങളുടെ മാസ വരുമാനവും ചെലവും

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

ചിത്രങ്ങൾ

2.6.1. പദ്ധതിയുടെ സ്ട്രിപ്പ് പ്ലാൻ

4.8.1. കുടുംബങ്ങൾക്ക് കൈവശമായ ഭൂമിയുടെ അളവ്

6.1.1. പദ്ധതിപ്രദേശത്തെ പദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യ

6.1.2. പദ്ധതിപ്രദേശത്തെ പദ്ധതിബാധിത കുടുംബാംഗങ്ങളുടെ വയസ്

6.1.3. പദ്ധതിപ്രദേശത്തെ പദ്ധതിബാധിത കുടുംബങ്ങളുടെ മതം

6.1.4. പദ്ധതിപ്രദേശത്തെ പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം

6.2.1. പദ്ധതിപ്രദേശത്തെ പദ്ധതിബാധിത കുടുംബങ്ങളുടെ മാസ വരുമാനവും ചെലവും

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജം, ആശയവിനിമയ സംവിധാനം എന്നിവ പോലെയുള്ള അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ വികസനത്തിന് വഴിതെളിയുകയും ജലവിതരണം, ശുചീകരണം, മലിനജല നിർമ്മാർജനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനം ജീവിത നിലവാരത്തെ മെച്ചപ്പെടുത്തുകയും ചെയ്യും. ജനങ്ങളുടെയും ചരക്കുകളുടെയും സന്തുലിത നീക്കം അന്തർലീനമായിരിക്കുന്ന സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് രാജ്യ വികസനത്തിൻെറ ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ക്രമാനുഗതമായി നടപ്പിലാക്കുന്ന പഞ്ചവത്സര പദ്ധതികളിൽ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിന് വേണ്ടിയുള്ള കരുതൽ ഉത്തരോത്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ കേരള ത്തിൽ എല്ലാ പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിധത്തിലുള്ള സമഗ്രമായ റോഡ് ശൃംഖല വികസിപ്പിച്ചുവരുന്നു.

കേരളത്തിൻെറ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊച്ചി, രാജ്യത്തെ രണ്ടാംനിര പട്ടണമായി വളരെ വേഗത്തിൽ വളർന്നു കൊണ്ടിരിക്കുന്ന പട്ടണങ്ങളിൽ ഒന്നാണ്. 1999 ൽ സ്ഥാപിതമായ കൊച്ചി അന്തർദേശീയ വിമാനത്താവളത്തിൻെറ സേവനം എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, തൃശൂർ ജില്ലകളിലെ കേരളത്തിൻെറ ഉൾനാടുകളിലും ഉപയോഗപ്പെടുത്തുന്നു. പുതിയ വിമാനത്താവളം നിലവിൽ വന്നതോടെ യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനുമായി ഗുണനിലവാരമുള്ള റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് അനുപേക്ഷണീയമായിരിക്കുന്നു. കൂടാതെ മികച്ച അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് ഒരു പ്രദേശത്തിൻെറ വളർച്ചയ്ക്കും വികസനത്തിനും അത്യന്താപേക്ഷിതമായ ഒരു മുൻ ഉപാധിയാണ്.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തെ എറണാകുളം നഗരത്തിൻെറ പ്രാന്ത പ്രദേശങ്ങളിലൂടെ വില്ലിങ്ടൺ ഐലൻറുമായി ബന്ധിപ്പിക്കുന്നതിനായാണ് സീപോർട്ട്-എയർപോർട്ട് റോഡ് വിഭാവന ചെയ്തിരിക്കുന്നത്. ദേശീയപാത 66 ലെ ഇരുമ്പനം കവല മുതൽ നെടുമ്പാശേരി എയർപോട്ട് റോഡ് വരെയാണ് സീപോർട്ട്-എയർപോർട്ട് റോഡ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ കൊച്ചി അന്തർദേശീയ വിമാനത്താവളവും കൊച്ചി തുറമുഖവും തമ്മിൽ ഒരു മികച്ച ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ നെടുമ്പാശേരി മുതൽ കുണ്ടന്നൂർ വരെ ദേശീയപാതക്ക് ഒരു ബൈപാസ് കൂടിയായിരിക്കും ഇത്. പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടം ഇരുമ്പനം മുതൽ കളമശേരി വരെയും രണ്ടാം ഘട്ടം കളമശേരി മുതൽ നെടുമ്പാശേരി വരെയുമാണ്. രണ്ട് വരി പാതയായി 2003 ൽ പൂർത്തിയാക്കിയ ആദ്യ ഘട്ടം ഗതാഗതത്തിൻെറ ആധ്യക്യം മൂലം നാല് വരി പാതയാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. കളമശേരി എച്ച്.എം.ടി. റോഡ് മുതൽ മഹിളാലയം കവല വരെയുള്ള രണ്ടാം ഘട്ടം വീണ്ടും 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു; ഭാഗം എ: കളമശേരി എച്ച്.എം.ടി. റോഡ് മുതൽ മഹിളാലയം കവലവരെയും, ഭാഗം ബി. മഹിളാലയം കവലമുതൽ ചൊവ്വര വരെയും, ഭാഗം സി. ചൊവ്വര മുതൽ എയർപോർട്ട് റോഡ് വരെയുമാണ്.

സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടം II പാക്കേജ് 2 & 3 ന് വേണ്ടി അതായത് എൻ.എ.ഡി. കവല മുതൽ മഹിളാലയം കവല വരെയുള്ള റോഡ് നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. ഘട്ടം II പാക്കേജ് 1 അതായത് എച്ച്.എം.ടി. റോഡ് പോയിൻറ് മുതൽ എൻ.എ.ഡി കവലവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നഗരാതിർത്തിക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന വിമാനത്താവളത്തിൽ നിന്നും ഏലൂരിൽ നിന്നും സ്മാർട്ട് സിറ്റിയിലേക്കും വൈറ്റില മൊബിലിറ്റി ഹബ്ബിലേക്കും എളുപ്പത്തിൽ എത്തിച്ചേരുന്നതിനുള്ള ഒരു പ്രധാന ബന്ധിപ്പിക്കലും കൂടിയായിരിക്കും ഇത്. സീപോർട്ട്-എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിൻെറ നിർമ്മാണത്തിലൂടെ കൊച്ചി നഗരത്തിന് കൊച്ചി നഗരത്തിൻെറ പുറത്തുള്ള പ്രദേശങ്ങളുമായി മികച്ച രീതിയിലുള്ള ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ വരും

വർഷങ്ങളിൽ ഉണ്ടാകുവാനിടയുള്ള വർദ്ധിച്ച ഗതാഗതത്തെ ലളിതമാക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കിൽ നിന്നും സ്മാർട്ട് സിറ്റിയിൽ നിന്നുമുള്ള യാത്രക്കാർക്ക് നിർദ്ദിഷ്ട റോഡിലൂടെ എയർപോട്ടിലേക്കും കൊച്ചി നഗരത്തിലേക്കും പ്രവേശിക്കുവാനാകും. സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ യാത്രക്കാർക്ക് കൂടുതൽ സമയം നഷ്ടപ്പെടുത്താതെ വിമാനത്താവളത്തിലെത്തി ചേരുവാൻ കഴിയും. ദേശീയ പാത 544 ൽ നിന്നും എയർപോർട്ടിലേക്ക് എത്തുവാൻ കുണ്ടന്നൂർ ജംഗ്ഷനിൽ നിന്നോ വൈറ്റില ജംഗ്ഷനിൽ നിന്നോ പാലാരിവട്ടത്തു നിന്നോ എച്ച്.എം.ടി ജംഗ്ഷനിൽ നിന്നോ തിരിഞ്ഞ് സീപോർട്ട്-എയർപോർട്ട് റോഡിലൂടെ യാത്ര ചെയ്യുവാൻ കഴിയും. താഴെ വിവരിക്കുന്ന വസ്തുതകൾ പരിഗണിക്കുമ്പോൾ രണ്ടാം ഘട്ട നിർമ്മാണത്തിൻെറ പ്രാധാന്യം മനസിലാക്കാവുന്നതാണ്.

1. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള വൈറ്റില മൊബിലിറ്റി ഹബ്ബിനെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന ലിങ്ക് ആയിരിക്കും ഇത്.
2. സ്മാർട്ട്സിറ്റി, ഇൻഫോപാർക്ക്, വീഗാലാൻറ് എന്നിവിടങ്ങളിലേക്കും കൊച്ചിയുടെ പടിഞ്ഞാറും തെക്കുമുള്ള പ്രദേശങ്ങളിലേക്കും തുടർച്ചയായതും തടസമില്ലാത്തതുമായതുമായ ഗതാഗതം സാധ്യമാകും.
3. കരിങ്ങാച്ചിറ, കാക്കനാട്, തൃക്കാക്കര, കളമശേരി മുതലായ ഇടങ്ങളിലെ വർദ്ധിച്ച് വരുന്ന ഗതാഗതത്തെ പുതിയ രൂപരേഖ ലളിതമാക്കും. കൂടാതെ ദേശീയ പാത 85 ഉം ദേശീയ പാത 544 മായും എളുപ്പത്തിലും വേഗതയേറിയതുമായ ബന്ധിപ്പിക്കലുമായിരിക്കും നിർദ്ദിഷ്ട റോഡ്.
4. മഹിളാലയം വരെയുള്ള ടി റോഡ് പൂർത്തിയാകുമ്പോൾ തൃപ്പൂണിത്തുറയിലെയും തെക്കൻ കൊച്ചിയിലെയും ജനവാസ പ്രദേശങ്ങളും കൊച്ചിയിലെ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്റ്റ് പ്രദേശങ്ങളുമായുള്ള ബന്ധപ്പെടുത്തൽ മെച്ചപ്പെടുത്തും.
5. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും തെക്കൻ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലേക്കും ടി റോഡിലൂടെ വേഗത്തിൽ എത്തിച്ചേരുവാൻ കഴിയും

6. നിർദ്ദിഷ്ട റോഡിനെ ചിത്രപുഴയിൽ പ്രവർത്തിക്കുന്ന ജല ഗതാഗത സംവിധാനവുമായി (IWT III-അമ്പലമുകൾ ബ്രാഞ്ച്) ബന്ധിപ്പിക്കുന്നതിലൂടെ ദേശീയ പാത 49 ഉം ദേശീയ പാത 47 മായുള്ള സുഗമമായി ബന്ധപ്പെടുത്തുവാൻ കഴിയും
7. മെട്രോ റെയിൽ നിലവിൽ വന്നതിനാൽ പേട്ട ജംഗ്ഷനിൽ നിന്ന് ഇരുമ്പനത്തേക്ക് പോകുന്നതിന് വാഹനങ്ങളും ആളുകളും കൂടുതലായി നിർദ്ദിഷ്ട റോഡ് ഉപയോഗിക്കും
8. വല്ലാർപാടം ടെർമിനലിൽ നിന്നുമുള്ള ചരക്ക് വാഹനങ്ങൾക്ക് കളമശേരിയിൽ നിന്ന് തിരിഞ്ഞ് എളുപ്പത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരുവാൻ കഴിയും. കൂടാതെ വടക്കൻ ദിശയിലേക്ക് പോകുന്ന വാഹനങ്ങൾക്ക് വേണ്ടി ഗതാഗത ആധിക്യമുള്ള കളമശേരി മുതൽ അത്താണി വരെയുള്ള റോഡിന് ഒരു ബൈപാസ് ആയിരിക്കും.

നിർദ്ദിഷ്ട പദ്ധതി ഒരു പൊതു ആവശ്യമായ് കണ്ടു കൊണ്ട് 20/03/2020 തീയതിയിൽ കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച ഒരു വിജ്ഞാപനം G.O.(P)No.30/2020/RD ഏപ്രിൽ 7, 2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ:1047 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിനു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ ടി വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013വകുപ്പ് 4(1) അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഘട്ടം II സെക്ഷൻ എ യ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമകുന്ന പ്രദേശങ്ങളായ ആലുവ താലൂക്കിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിലും കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട തൃക്കാക്കര നോർത്ത് വില്ലേജിലും നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖയാണ് ഇത്.

1.2 സ്ഥലം

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഘട്ടംII സെക്ഷൻ എ യ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന പ്രദേശങ്ങൾ ആലുവ താലൂക്കിലെ ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിലും കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിലും ഉൾപ്പെടുന്നു. പ്രസ്തുത പ്രദേശങ്ങൾ ചൂർണിക്കര, കീഴ്മാട്, എടത്തല പഞ്ചായത്തുകളിലും ആലുവ മുനിസിപ്പാലിറ്റിയിലും ഉൾപ്പെട്ടതാണ്. വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിട ങ്ങൾ, മതപരമായ കെട്ടിടങ്ങൾ, വീടുകൾ എന്നിങ്ങനെ ധാരാളം നിർമ്മിതികൾ നിറഞ്ഞ താണ് ഈ പ്രദേശം. കൂടാതെ കൃഷിക്ക് ഉപയോഗിക്കുന്നതും അല്ലാത്തതുമായ ഒഴിഞ്ഞസ്ഥലങ്ങളും ഈ പ്രദേശത്തുണ്ട്. 6.60 കി.മീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട റോഡ് കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയാണ് കടന്ന്പോകുന്നത്.

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

ഏപ്രിൽ 7, 2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1047 ൽ പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാർ റെവന്യൂ(ബി) ഡിപ്പാർട്ട്മെൻറിൻെറ 20/03/2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.30/2020/RDആലുവ താലൂക്കിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിൽ നിന്നും കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട തൃക്കാക്കര നോർത്ത് വില്ലേജിൽ നിന്നും ഏകദേശം 30.3590 ഹെക്ടർ ഭൂമി സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണ ത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ അല്ലെങ്കിൽ ആവശ്യമായ് വന്നേക്കാമെന്നോ വെളിപ്പെടുത്തുന്നു. ടി വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ സ്ഥലവിവരങ്ങൾ പട്ടിക 1.3.1. ൽ നൽകിയിരിക്കുന്നു.

പട്ടിക 1.3.1. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ വിവരങ്ങൾ

വില്ലേജ്	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*
ചൂർണിക്കര	34	303/p, 305/p, 306/p, 312/p, 314/p, 315/p, 316/p, 317/p, 435/p, 436/p, 437/p, 438/p,

		439/p, 440/p, 441/p, 442/p, 443/p, 444/p, 445/p, 446/p, 448/p, 449/p, 450/p, 451/p, 453/p, 454/p, 455/p, 460/p, 484/p, 485/p, 486/p, 492/p, 493/p, 494/p, 495/p, 498/p, 499/p, 553/p,554/p, 555/p, 556/p, 557/p
കീഴ്മാട്	33	21/p, 22/p, 23/p, 28/p, 29/p, 31/p, 32/p, 33/p, 41/p, 42/p, 55/p, 56/p, 57/p, 65/p, 67/p, 68/p, 69/p, 71/p, 73/p, 74/p, 208/p, 209/p, 212/p, 213/p, 215/p, 216/p, 217/p, 227/p, 228/p, 229/p, 230/p, 233/p, 234/p, 260/p, 261/p, 262/p, 263/p, 264/p, 268/p, 269/p, 270/p, 34/p, 207/p, 218/p, 267/p
ആലുവ വെസ്റ്റ്	59	90/p, 93/p, 94/p, 95/p, 96/p, 97/p, 98/p, 99/p, 100/p, 101/p, 122/p
	60	105/p, 106/p, 134/p
തൃക്കാക്കര നോർത്ത്	6	56/p, 57/p, 134/p

നിർദ്ദിഷ്ട റോഡിൻെറ രൂപരേഖ അനുസരിച്ച് കൂടുതലായും നിലവിൽ കൃഷി ചെയ്യാത്ത കാർഷിക ഭൂമിയിലൂടെയാണ് കടന്ന് പോകുന്നത്. നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഉപയോഗം വിലയിരുത്തുമ്പോൾ കച്ചവടം, കാർഷികം, ജനവാസം എന്നീ ആവശ്യങ്ങൾ ക്കായി ഉപയോഗിക്കുന്നു എന്ന് കാണാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠന സംഘം കണ്ടെത്തിയ 192 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള വസ്തു ക്കളിൽ 105 ഉടമകളുടെ സ്ഥലങ്ങൾ "നിലം" വിഭാഗത്തിലും 83 എണ്ണം"പുരയിടം" വിഭാഗത്തിലും 4 എണ്ണം"നിലം നികർത്ത് പുരയിടം" വിഭാഗത്തിലും പെടുന്നു.

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന പ്രസക്തമല്ല എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തുന്നു. നിർദ്ദിഷ്ട രൂപരേഖ കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയും നിലങ്ങളിലൂടെയുമാണ് കടന്നുപോകുന്നത് എന്നതിനാൽ വീടുകൾക്ക് വളരെ കുറവ് ആഘാതങ്ങളേ ഉണ്ടാകുന്നുള്ളു. കൂടാതെ പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളില്ല എന്ന് അർത്ഥനാധികാരി സമർപ്പിച്ച ഫോറം നമ്പർ 2 വെളിപ്പെടുത്തുന്നു.

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിനു വേണ്ടി, കളമശേരി എച്ച്.എം.ടി.റോഡ് മുതൽ മഹിളാലയം കവലവരെ ഭൂമി ഏറ്റെടുക്കലാണ് നിർദ്ദിഷ്ട പദ്ധതി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കൊച്ചി തുറമുഖവും തമ്മിൽ പൂർവ്വാധികം മെച്ചപ്പെട്ട ഒരു ബന്ധപ്പെടുത്തൽ വികസിപ്പിച്ചുകൊണ്ട് പ്രദേശത്തിൻെറ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് സീപോർട്ട്- എയർ പോർട്ട് നിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നത്. വളരെ കുറവ് പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന വിധത്തിലാണ് സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ അർത്ഥനാധികാരി വിഭാവന ചെയ്തിരിക്കുന്നത് എങ്കിലും ഉടമകൾക്ക് ഭൂമി നഷ്ടമാകൽ, ഭൂമിയോട് ചേർന്ന ചമയങ്ങൾ നഷ്ടമാകൽ, കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ, പുനർനിർമ്മാണത്തിന് അവശേഷിക്കുന്ന സ്ഥലത്തിൻെറ അപര്യാപ്തത, സ്കൂളിൻെറ സൗകര്യങ്ങൾ പദ്ധതി ബാധിതമാകൽ തുടങ്ങിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട് എന്ന് മനസിലാക്കുന്നു. പദ്ധതിയുടെ പൊതുവായ പ്രത്യാഘാതങ്ങൾ താഴെ വിവരിക്കുന്നു.

a. ഭൂമി നഷ്ടമാകൽ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് നടത്തിയ സർവ്വെയിൽ 192 വസ്തുവകകളുടെ ഉടമകളെയാണ് കണ്ടെത്തുവാൻ കഴിഞ്ഞത്.

പദ്ധതിബാധിതമാകുന്ന 192 വസ്തുവിൽ 117 എണ്ണം ഉടമകൾക്ക് തങ്ങളുടെ മുൻഗാമികളിൽ നിന്നും പാരമ്പര്യമായ് കൈവന്നതാണ്. ശേഷിച്ച 75 എണ്ണം ഉടമകൾ വ്യത്യസ്ത കാലയളവുകളിലായ് വാങ്ങിയതാണ്.

b. വീടുകൾ പദ്ധതിബാധിതമാകൽ

35 ഭൂവുടമകളുടെ വസ്തുക്കളിലുള്ള വീടുകൾ പൂർണമായോ ഭാഗികമായോ പദ്ധതി ബാധിതമാകുന്നുണ്ട്. ടി വീടുകളിൽ 22 വീടുകൾ ഉടമകൾ ഇപ്പോൾ താമസിച്ചു വരുന്ന വീടുകളാണ്. ശേഷിക്കുന്ന വീടുകൾ ഉടമകൾ വാടകക്ക് നൽകിയിരിക്കുന്ന വീടുകളും താമസമില്ലാതെ അടച്ചിട്ടിരിക്കുന്ന വീടുകളും ആണ്. അടച്ചിട്ടിരിക്കുന്ന 2 വീടുകളുടെ ഉടമകൾ ജോലി സംബന്ധമായി അന്യ സംസ്ഥാനത്തും വിദേശത്തും താമസിക്കുന്നതിനാൽ താൽക്കാലികമായി അടച്ചിട്ടിരിക്കുന്നതാണ് എന്ന് മനസിലാക്കുന്നു. 1 ഉടമയുടെ പദ്ധതിബാധിതമാകുന്ന സ്ഥലത്ത് നിർമ്മാണം പൂർത്തിയാകാത്ത 2 വില്ലകളുണ്ട്. നാട്ടിൽ തിരിച്ചെത്തി താമസിക്കുന്നതിന് വിദേശത്തും അന്യസംസ്ഥാനത്തും ജോലിചെയ്ത് ലഭിച്ച സമ്പാദ്യം ഉപയോഗിച്ചും ബാങ്ക് വായ്പയിലൂടെയും നിർമ്മിച്ച വീട് ഏറ്റെടുക്കലിൽ ഉൾപ്പെട്ടതിൻെറ വൈകാരികമായ വിഷമതകൾ ഉടമകൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിനോട് പങ്ക് വെച്ചു. ഉടമകൾ നിലവിൽ താമസിച്ചു കൊണ്ടിരിക്കുന്ന പദ്ധതി ബാധിതമാകുന്ന വീടുകളിൽ 14 വീടുകൾ പുനർ നിർമ്മിക്കുവാൻ സ്ഥലം അവശേഷിക്കുന്നില്ല അല്ലെങ്കിൽ അവശേഷിക്കുന്ന സ്ഥലം മതിയായ സൗകര്യങ്ങളോടെ വീട് നിർമ്മിക്കുന്നതിന് മതിയാകുകയില്ല എന്നതിനാൽ ടി കുടുംബങ്ങൾ പ്രദേശത്ത് നിന്നും കുടിയൊഴിപ്പിക്കേണ്ടിവരും എന്ന് മനസിലാക്കുന്നു. പദ്ധതി ബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 1.5.1. ൽ നൽകിയിരിക്കുന്നു.

പട്ടിക 1.5.1. : പദ്ധതിബാധിതമാകുന്ന വീടുകൾ

ക്രമ നമ്പർ	പേരും വിലാസവും	ആഘാതം	നിലവിലെ ഉപയോഗം
1	കെ.എം.മുഹമ്മദ് കുഞ്ഞ് കല്ലുങ്കൽ ഹൗസ് തുരുത്തി ലെയ്ൻ, എടയപ്പുറം	പൂർണ്ണം	കുടുംബം താമസിക്കുന്നു
2	സൈനബ W/O.ഹസൻപിള്ള പഴങ്ങാടി ഹൗസ് തോട്ടുമുഖം, മഹിളാലയം	പൂർണ്ണം	താമസക്കാർ ഗൾഫിൽ പോയതിനാൽ നിലവിൽ അടച്ചിട്ടിരിക്കുന്നു

3	സജീറ സി.എ. & സജീറ മാഹിൻ മാവെല ഹൗസ് അമലഭവൻ അടുത്ത് ആശാലൈൻ, ആലുവ	പൂർണ്ണം	താമസവും കടയും
4	പി.എം.വർഗീസ് പാപ്പാളി ഹൗസ്, അശോകപുരം	ഭാഗികം	കഴിഞ്ഞ 3 മാസമായി അടച്ചിട്ടിരിക്കുന്നു
5	മാജുൻ വർഗീസ്, നെത്സൺ പി.വി & രാജൻ പി.വി പാപ്പാളി ഹൗസ്, ആലുവ	ഭാഗികം	വാടകക്ക് നൽകിയിരിക്കുന്നു
6	മുകുന്ദൻ കെ.പി. കൈപാലത്തിൽ ഹൗസ് എടയപ്പുറം ,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
7	അബ്ദുൾ ഹമീദ് വിളപ്പിൽ ഹൗസ് തോട്ടുമുഖം, ആലുവ	പൂർണ്ണം	കുടുംബം താമസിക്കുന്നു
8	നസീമ മുഹമ്മദ്കുട്ടി തട്ടാരുകുടി ഹൗസ് സീമഹൽ, തൊട്ടുമുഖം	പൂർണ്ണം	കുടുംബം താമസിക്കുന്നു
9	സണ്ണി പാപ്പാളി (Late) പാപ്പാളി ഹൗസ് പപ്പാളി ലൈൻ അശോകപുരം, ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
10	മുഹമ്മദ് ഹാഷിം കെ.എ പഴയപറമ്പിൽ ഹൗസ് തോട്ടുമുഖം	പൂർണ്ണം	കഴിഞ്ഞ കുറച്ച് മാസങ്ങളായി അടച്ചിട്ടിരിക്കുന്നു
11	അലിക്കുഞ്ഞ് സി.എം (Late) സജീർ സി.എ. ചേറാട്ട് ഹൗസ്, തോട്ടുമുഖം	പൂർണ്ണം	താമസവും കടയും
12	മുഹമ്മദ് അഷ്റഫ് വിളപ്പിള്ളിൽ ഹൗസ് തോട്ടുമുഖം	പൂർണ്ണം	കഴിഞ്ഞ കുറച്ച് മാസങ്ങളായി അടച്ചിട്ടിരിക്കുന്നു
13	ബഷീർ കെ.പി കഞ്ഞിരത്തിങ്കൽ ഹൗസ് തോട്ടുമുഖം	പൂർണ്ണം	കുടുംബം താമസിക്കുന്നു 2 കടവാടകക്ക് നൽകിയിരിക്കുന്നു
14	പി.പി.പാപ്പച്ചൻ (Late) പാപ്പാളി ഹൗസ് പാപ്പാളി ലൈൻ, അശോകപുരം	പൂർണ്ണം	കുടുംബം താമസിക്കുന്നു
15	സൈനബ, മാഹിൻ കുട്ടി പി.എ. & ഉസ്മാൻ പി.എ., പുത്തൻപുര ഹൗസ്,കുന്നത്തേരി,	ഭാഗികം	വാടകക്ക് നൽകിയിരിക്കുന്നു

	തായിക്കാട്ടുകര പി.ഒ.		
16	ഷാഹിന കെ.എ., C/o.അബ്ബാസ് റ്റി.എം., തച്ചവള്ളത്ത് ഹൗസ്, ആലുവ ഈസ്റ്റ്,	പൂർണ്ണം	വാടകക്ക് നൽകിയിരിക്കുന്നു 2 വീട്, ഒരു കട വാടകക്ക് നൽകിയിരിക്കുന്നു
17	മേരി ബെന്നി, പുതൂർ പുളിക്കൽ ഹൗസ്, അശോകപുരം,ആലുവ	പൂർണ്ണം	വീടും, പള്ളിയും
18	വേലായുധൻ, പരത്തിക്കാട്ടിൽ ഹൗസ്,അശോകപുരം,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
19	പുഷ്പ, കോണത്ത് ഹൗസ്, മനയ്ക്കപ്പടി അശോകപുരം,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
20	തോമസ് പി.കെ., പുളിയൻ തുരുത്തിൽ, അസ്സീസ്സീ ജംഗ്ഷൻ,	പൂർണ്ണം	കുടുംബം താമസിക്കുന്നു
21	ഹംസ കെ.എ.,& ഷൈല, കല്ലുങ്കൽ ഹൗസ്, ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
22	സബ്നിം, കണ്ണഞ്ചക്കശ്ശേരി ഹൗസ്, തോട്ടുമുഖം,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
23	ഡെന്നി ജേക്കബ്, S/o.തൊമ്മി പാപ്പാളി ഹൗസ്, അണ്ടി കമ്പനി	പൂർണ്ണം	വീട് വാടകക്ക് നൽകിയിരിക്കുന്നു
24	ജോജി ആൻറണി, പനയ്ക്കൽ ഹൗസ്, അമിറ്റി വില്ല, അസ്സീസ്സീ ജംഗ്ഷൻ	ഭാഗികം	വീട് അടിച്ചിട്ടിരിക്കുന്നു. മുബൈയിലാണ് താമസം
25	ലതാ സജീവ്, സ്വാതി ഭവൻ, നേതാജി റോഡ്,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
26	മഹേശൻ സി.കെ,, ചാത്തം പറമ്പിൽ, ചൂർണ്ണിക്കര	ഭാഗികം	വീട് അടിച്ചിട്ടിരിക്കുന്നു
27	അക്ബർ ബാദുഷ & ജമീല സെയ്തുമുഹമ്മദ്, ഇലഞ്ഞിക്കൽ ഹൗസ്,ആലുവ	പൂർണ്ണം	കുടുംബം താമസിക്കുന്നു
28	വർഗ്ഗീസ് പയ്യപ്പിള്ളി, പയ്യപ്പിള്ളി ഹൗസ്, ചർച്ച് ഹിൽ റോഡ്,അശോകപുരം	പൂർണ്ണം	കുടുംബം താമസിക്കുന്നു
29	ഇ.എം. സലിം , ഇലഞ്ഞിക്കായിൽ ഹൗസ്,അശോകപുരം	പൂർണ്ണം	കുടുംബം താമസിക്കുന്നു
30	ഹൈദ്രോസ് അലി, പുതുവയിൽ,അശോകപുരം	പൂർണ്ണം	കുടുംബം താമസിക്കുന്നു

31	കെ.എം. ആൻറണി, കല്ലേല്ലിൽ ഹൗസ്, അസ്സീസ്സീ,ആലുവ	പൂർണ്ണം	വാടകയ്ക്ക് നൽകിയിരിക്കുന്നു.
32	നാസർ ഇ.എം., ഇലഞ്ഞിക്കായിൽ ഹൗസ്,അശോകപുരം	പൂർണ്ണം	വീട്,വർക്ക് ഷോപ്പ് കുടുംബം താമസിക്കുന്നു
33	ഖദീജ മുഹമ്മദ് ഇലഞ്ഞിക്കായിൽ ഹൗസ്,അശോകപുരം	പൂർണ്ണം	വാടകയ്ക്ക് നൽകിയിരിക്കുന്നു.
34	ഷീല ഫ്രാൻസിസ് പാറയ്ക്കൽ അസ്സീസ്സീ ജംഗ്ഷൻ,ആലുവ	ഭാഗികം	കുടുംബം താമസിക്കുന്നു
35	സിന്ധു വി. 128ം ഹാർമോണി അപ്പാർട്ട്മെൻറ് ഓൾഡ് ദേശം റോഡ് തായിക്കാട്ടുകര,ആലുവ	പൂർണ്ണം	2 വില്ലകൾ ഭാഗികമായി



c. വസ്തുവിനോട് ചേർന്ന ചമയങ്ങൾ നഷ്ടമാകൽ

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളിലെ ചില നിർമ്മിതികൾ പദ്ധതിക്ക് വേണ്ടി നശിപ്പിക്കേണ്ടി വരും എന്ന് സർവ്വെയിൽ മനസിലാകുന്നു. ചുറ്റുമതിൽ, ജലസംഭരണി, ശൗചാലയം, കാലിതൊഴുത്ത് തുടങ്ങിയ നിർമ്മിതികൾ ഇതിൽ ഉൾപ്പെടുന്നു. 42 വസ്തുക്കളിലെ നിർമ്മിതികളാണ് ആഘാത ബാധിതമാകുന്നത്. പദ്ധതി ബാധിത മാകുന്ന വീടുകൾ അല്ലാതെയുള്ള പദ്ധതി ബാധിതമാകുന്ന നിർമ്മിതികളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 1.5.2 ൽ നൽകിയിരിക്കുന്നു.

പട്ടിക 1.5.2 പദ്ധതിബാധിതമാകുന്ന നിർമ്മിതികൾ

ക്രമ നമ്പർ	നിർമ്മിതി	എണ്ണം
1	ചുറ്റുമതിൽ	36
2	ഗേറ്റ്	12
3	ജലസംഭരണി	7
4	ശൗചാലയം	14
5	കട	7
6	വർക്ക്ഷോപ്പ്	2
7	കിണർ	13
8	ഷെഡ്	4
9	കന്നുകാലി ഷെഡ്	3
10	സെപ്റ്റിക് ടാങ്ക്	2
11	സെപ്റ്റിക് ടാങ്കിൻെറ ഔട്ട് ലെറ്റ്	1
12	കുളം	1
13	ഗോഡൗൺ	5

d. കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ

ഉടമകൾ നിലവിൽ താമസിച്ചുകൊണ്ടിരിക്കുന്ന പദ്ധതിബാധിതമാകുന്ന വീടുകളിൽ 14 വീടുകൾ പുനർനിർമ്മിക്കുവാൻ സ്ഥലം അവശേഷിക്കുന്നില്ല അല്ലെങ്കിൽ അവശേ ഷിക്കുന്ന സ്ഥലം മതിയായ സൗകര്യങ്ങളോടെ വീട് നിർമ്മിക്കുന്നതിന് മതിയാകു

കയില്ല എന്നതിനാൽ ടി കുടുംബങ്ങൾ പ്രദേശത്ത് നിന്നും കുടിയൊഴിപ്പിക്കേണ്ടിവരും എന്ന് മനസിലാക്കുന്നു.

e. ഉപജീവനമാർഗം നഷ്ടമാകൽ

പദ്ധതിപ്രദേശത്തെ ചില കടകളും കച്ചവട സ്ഥാപനങ്ങളും പൂർണമായോ ഭാഗികമായോ പദ്ധതി ബാധിതമാകുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന കടകളിൽ കച്ചവടം നടത്തുന്നത് ഉടമയായാലും വാടകക്കാരനായാലും ഉപജീവനമാർഗം നഷ്ടമാകുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ഉപജീവനമാർഗം നഷ്ടമാകും. പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്ന ഉടമകൾക്ക് വാടക ഇനത്തിൽ ലഭ്യമാകുന്ന വരുമാനം നഷ്ടമാകും; ടി വാടക തങ്ങളുടെ പ്രധാന വരുമാനമാണെന്ന് ചില ഉടമകൾ വ്യക്തമാക്കി.പദ്ധതിബാധിതമാകുന്ന കൃഷിഭൂമിയിൽ നിന്നും ലഭിക്കുന്ന വിളകളിൽ നിന്നുമുള്ള വരുമാനം പ്രധാന വരുമാനമാണെന്ന് ചില കുടുംബങ്ങൾ വ്യക്തമാക്കി.

സർവ്വെയിൽ പങ്കെടുത്ത 192 ഭൂവുടമകളിൽ 34 കുടുംബങ്ങൾ പദ്ധതി മൂലം തങ്ങളുടെ പ്രധാന വരുമാനമാർഗം നഷ്ടമാകും എന്ന് വ്യക്തമാക്കി. ഇവരിൽ 3 ഉടമകളുടെ കച്ചവടവും, 2 ഉടമകളുടെ വർക്ക്ഷോപ്പ്, 1 ഉടമയുടെ മെറ്റൽ ക്രെഷർ യൂണിറ്റ് 20 കുടുംബങ്ങൾക്ക് കൃഷിഭൂമിയിൽ നിന്നുമുള്ള വരുമാനവും, കന്നുകാലി തൊഴുത്ത് പദ്ധതി ബാധിതമാകുന്ന 1 കുടുംബത്തിന് പശു വളർത്തലിൽ നിന്നും ലഭിക്കുന്ന വരുമാനവും 7 കുടുംബങ്ങൾക്ക് പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളുടെ വാടക ഇനത്തിലുള്ള വരുമാനവുമാണ് നഷ്ടമാകുന്നത്. ടി ഉടമകളെ കൂടാതെ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 9 വ്യക്തികളുടെയും പദ്ധതിബാധിതമാകുന്ന കടകളിൽ/സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 14 തൊഴിലാളികളുടെയും ഉപജീവനമാർഗം നഷ്ടമാകും.

f. കൃഷി നഷ്ടം

ഭൂരിഭാഗവും ജനവാസമില്ലാത്ത പ്രദേശത്ത് കൂടി കടന്നുപോകുന്ന വിധത്തിലാണ് നിർദ്ദിഷ്ട റോഡിൻെറ രൂപരേഖ വിഭാവന ചെയ്തിരിക്കുന്നത്. നെൽകൃഷി പോലെ

യുള്ള പ്രധാന കൃഷികൾ നിലവിൽ ചെയ്യുന്ന ഭൂമി ഒന്നും തന്നെ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും ധാരാളം തെങ്ങുകളുള്ളതും, കപ്പ, വാഴ തുടങ്ങിയ ഇടവിളകൃഷി ചെയ്യുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന ഭൂമിയിലുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പഠനവിധേയമാക്കിയ കുടുംബങ്ങളിൽ 19 കുടുംബങ്ങളുടെ തെങ്ങിൻ തോപ്പും (10 ഉം അതിലധികവും തെങ്ങുകൾ), 25 കുടുംബ ങ്ങളുടെ വാഴകൃഷിയും, 9 കുടുംബങ്ങളുടെ കപ്പ കൃഷിയും, 6 കുടുംബങ്ങളുടെ പച്ചക്കറി തോട്ടവും, 2 കുടുംബങ്ങളുടെ കവുങ്ങ് തോട്ടവും (15 ഉം അതിലധികവും കവുങ്ങുകൾ) 1 കുടുംബത്തിൻെറ ജാതി തോട്ടവും നഷ്ടമാകുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന കൃഷി തങ്ങളുടെ ഉപജീവന മാർഗമാണെന്ന് 20 കുടുംബങ്ങൾ സർവ്വെയിൽ പങ്ക് വെച്ചു. മേൽ പറഞ്ഞ ഫലവൃക്ഷങ്ങൾ ഉൾപ്പടെ ഏകദേശം 1330 വൃക്ഷങ്ങൾ പ്രദേശത്ത് നിന്നും വെട്ടി മാറ്റേണ്ടി വരും.

g. പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിൻെറ അപര്യാപ്തത

ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന സ്ഥലം പദ്ധതി ബാധിതമാകുന്ന നിർമ്മിതി കളുടെ, പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളുടെ, പുനർനിർമ്മാണത്തിനും കാർഷിക പ്രവർത്തനങ്ങൾ തുടരുന്നതിനും അപര്യാപ്തമായിരിക്കും എന്നത് പദ്ധതി യുടെ ഒരു പ്രത്യാഘാതമാണ്. ഭാഗികമായി പദ്ധതി ബാധിതമാകുന്ന 5 വീടുകളുടെ ഉടമകൾ ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന സ്ഥലം മതിയായ സൗകര്യ ങ്ങളോടു കൂടി വീടുകൾ പുനർനിർമ്മിക്കുന്നതിന് അപര്യാപ്തമായിരിക്കും എന്ന് അഭിപ്രാ യപ്പെട്ടു. പദ്ധതി ബാധിതമാകുന്ന ശൗചാലയവും അനുബന്ധ സൗകര്യങ്ങളും പുനർ നിർമ്മിക്കുന്നതിന് അവശേഷിക്കുന്ന സ്ഥലം തികയുകയില്ലെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത 4 കുടുംബങ്ങൾ അഭിപ്രായപ്പെട്ടു. അവശേഷി ക്കുന്ന ഭൂമി തുടർന്ന് കൃഷി നടത്തുവാൻ മതിയാകില്ല എന്ന് 1 കുടുംബം പങ്ക് വെച്ചു.

h. പൊതു ഉപയോഗത്തിലുള്ള വസ്തുക്കൾ പദ്ധതിബാധിതമാകൽ

പ്രദേശത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ക്രെസൻറ് പബ്ലിക് സ്കൂളിൻെറ ഓഡിറ്റോറിയം, മൈതാനം മുതലായ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി വസ്തുവകകൾ നഷ്ടമാകുന്നതിലൂടെ സ്കൂളിൻെറ പ്രവർത്തനാനുമതി നിഷേധിക്കപ്പെടുവാൻ സാധ്യത യുണ്ടെന്ന് സ്കൂൾ അധികൃതർ ആശങ്കപ്പെടുന്നു.

പട്ടിക 1.5.3 പദ്ധതിയുടെ പ്രത്യാഘാതങ്ങൾ

ക്രമനമ്പർ	പ്രത്യാഘാതങ്ങൾ	വിശദീകരണം
1	സ്ഥലം നഷ്ടമാകൽ	**192 ഭൂവുടമകൾ**
2	വീടുകൾ പദ്ധതിബാധിതമാകൽ (പൂർണ്ണമായ്/ഭാഗികമായ്)	**35 ഉടമകളുടെ ഉടമസ്ഥതയിലുള്ള വീടുകൾ (വിശദീകരണം പട്ടിക 1.5.1.ൽ നൽകിയിരിക്കുന്നു)**
3	കടകൾ പദ്ധതിബാധിതമാകൽ	**5 ഭൂവുടമകൾ(3 ഉടമകൾ കച്ചവടം നടത്തുന്നു 2 ഉടമകൾ വാടകക്ക് നൽകിയിരിക്കുന്നു)**
4	നിർമ്മിതികൾ പദ്ധതിബാധിതമാകൽ	ചുറ്റുമതിൽ :36 ഗേറ്റ് : 12 ഷെഡ്/പശുതൊഴുത്ത്: 7 ശൗചാലയം: 14 കിണർ : 13 ജലസംഭരണി : 7 പാർക്കിങ്ങ് ഏരിയ : 1 സെപ്റ്റിക് ടാങ്ക് : 2 ശൗചാലയത്തിൻെറ ഔട്ട്ലെറ്റ്: 1 ഗോഡൗൺ : 5
5	ഉപജീവനമാർഗം നഷ്ടമാകൽ	**57വ്യക്തികൾ** (ഉടമകൾ :34 വാടകക്കാർ : 9 തൊഴിലാളികൾ : 14)
6	കൃഷിനഷ്ടമാകൽ	തെങ്ങിൻ തോപ്പ് :19 കുടുംബങ്ങൾ വാഴകൃഷി : 25കുടുംബങ്ങൾ കപ്പ കൃഷി : 9കുടുംബങ്ങൾ പച്ചക്കറിതോട്ടം : 6കുടുംബങ്ങൾ ജാതിതോട്ടം : 1കുടുംബങ്ങൾ കവുങ്ങ് തോട്ടം :2കുടുംബങ്ങൾ
7	വൃക്ഷങ്ങൾനഷ്ടമാകൽ	ഏകദേശം 1330 വൃക്ഷങ്ങൾ
8	പൊതു ഉപയോഗത്തിലുള്ള വസ്തുക്കൾ പദ്ധതിബാധിതമാകൽ	ക്രെസൻറ് പബ്ലിക് സ്ക്കൂളിൻെറ ആഡിറ്റോറിയം, മൈതാനം, കായിക പരിശീലനത്തിനുള്ള വസ്തുക്കൾ സൂക്ഷിക്കുന്ന മുറി, സെക്യൂരിറ്റിമുറി,ശൗചാലയ സമുച്ചയം തുടങ്ങിയവ നഷ്ടമാകും

കുറിപ്പ്: മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്. രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.

1.6 സാമൂഹ്യ പ്രത്യാഘാതലഘൂകരണ നടപടികൾ

സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിനു വേണ്ടി ആലുവ താലൂക്കിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിൽ നിന്നും കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട തൃക്കാക്കര നോർത്ത് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽ വിവരിച്ചിരിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതിബാധിതർക്ക് നൽകുക.

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ-പുനസ്ഥാപന നടപടികൾ കൈക്കൊള്ളുക.

- വീടുകൾ പദ്ധതി ബാധിതമാകുന്ന കുടുംബങ്ങൾക്ക് അവരുടെ താമസ സൗകര്യങ്ങൾക്ക് യാതൊരുവിധ കുറവും വരാതെ യഥാസമയം പുനസ്ഥാപന നടപടികൾ നടത്തേണ്ടതാണ്.

- ഭാഗികമായ് പദ്ധതിബാധിതമാകുന്ന വീടുകൾക്ക്/ കടകൾക്ക് ഏറ്റെടുക്കലുമായ് ബന്ധപ്പെട്ട് അറ്റകുറ്റപണികൾ വേണ്ടിവരുകയും

തത്സമയം ടി ഭവനത്തിൽ താമസം/ടി കടകളുടെ പ്രവർത്തനം സാധ്യമല്ലാതെയും വന്നാൽ നിർദ്ദിഷ്ട സമയത്തേക്ക് കുടുംബങ്ങൾക്ക് താൽക്കാലിക താമസത്തിനാവശ്യമായ/ഉപജീവനത്തിനാവശ്യമായ ചെലവ് നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്

- കുടുംബങ്ങളുടെ ഉപജീവനമാർഗത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് കടകൾ/മറ്റ് പ്രവർത്തികേന്ദ്രങ്ങൾ കുടിയൊഴിപ്പിക്കുന്നതിനു മുൻപ് തന്നെ പുനരധിവാസ നടപടികൾ സ്വീകരിക്കണം.

- പദ്ധതിപ്രദേശത്തെ പ്രത്യക്ഷത്തിൽ പദ്ധതി ബാധിതമാകുവാൻ സാധ്യതയില്ലാത്ത കടകളുടെ പ്രവർത്തനം പദ്ധതി നിർവ്വഹണ ഘട്ടത്തിൽ തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അഥവാ തടസപ്പെടുകയാണെങ്കിൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉപജീവനത്തിനുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്.

- കുടുംബങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത രീതിയിൽ പദ്ധതി ബാധിതമാകുന്ന അടിസ്ഥാന സൗകര്യങ്ങളായ ശൗചാലയം, സെപ്റ്റിക് ടാങ്ക്, കിണർ എന്നിവ പുനസ്ഥാപിക്കുക.

- പദ്ധതിബാധിതമായേക്കാവുന്ന വീടുകൾ, കടകൾ തുടങ്ങിയവ നിയമം അനുശാസിക്കുന്ന വിധത്തിൽ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം ശേഷിക്കുന്ന ഭൂമി മതിയാകാതെ വന്നാൽ പ്രസ്തുത സ്ഥലം പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ അവശേഷിക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യമായ ഇളവുകൾ പരിഗണിക്കേണ്ടതാണ്.

- ക്രെസൻറ് പബ്ലിക് സ്കൂളിൻെറ പ്രവർത്തനത്തിനു ഭംഗം വരാത്ത വിധത്തിൽ ഭൂമി ഏറ്റെടുക്കൽ ക്രമപ്പെടുത്തുക അല്ലെങ്കിൽ തദനുസൃതമായി പുനസ്ഥാപന നടപടി കൈക്കൊള്ളുക

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷത്തിലധികമായ് കച്ചവടം/ പ്രവർത്തനം നടത്തുന്ന മതിയായ രേഖകളുള്ള വാടകക്കാരെയും ടി സ്ഥാപനങ്ങളിൽ 3 വർഷത്തിലധികമായി ജോലിചെയ്യുന്നതും മതിയായ രേഖകളുള്ളതുമായ തൊഴിലാളികളെയും നഷ്ടപരിഹാരത്തിന് പരിഗണിക്കുക

- സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ടി പ്രദേശത്ത് നടപ്പിലാക്കുന്നതിന് വളരെ വർഷങ്ങളായി ആസൂത്രണം ചെയ്യുന്നു എന്നതിനാൽ പ്രദേശവാസികളായ കുടുംബങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന മാനസിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- പരിസ്ഥിതിയുടെ സുസ്ഥിതിക്ക് വേണ്ടി പ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുക, അഥവാ വെട്ടിമാറ്റേണ്ടി വന്നാൽ കാലതാമസം കൂടാതെ പകരം വൃക്ഷങ്ങൾ നട്ട്പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- കടകളിലേയ്ക്കും വീടുകളിലേയ്ക്കും ഉള്ള പ്രവേശനമാർഗ്ഗവും വാഹന ഗതാതവും ജനസഞ്ചാരവും പദ്ധതി നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടാ തിരിക്കുന്നതിനും, നിർമ്മാണ മാലിന്യങ്ങളുടെ സമയാധിഷ്ടിതവും ശാസ്ത്രീയവുമായ നിർമ്മാർജനത്തിനുമുള്ള നടപടികൾ പദ്ധതി നിർവ്വഹണത്തിന് മുൻപേ ഉറപ്പ് വരുത്തുക.

- ഏറ്റെടുക്കുന്ന നിലത്തിൻെറ ഭാഗങ്ങൾ മുറിഞ്ഞ് പോകുമ്പോൾ പ്രധാന പാടശേഖരത്തിൽ നിന്ന് വേർപെട്ട് പോകുന്ന സ്ഥലങ്ങൾ നീർവാഴ്ച്ചയും ജലസേചന സൗകര്യങ്ങളും നഷ്ടപ്പെട്ട് ജലം കൃഷിക്ക് യോഗ്യമല്ലാതായി തീരുവാനും പുരയിടത്തിൻെറ അവസ്ഥയിലേക്ക് മാറ്റപ്പെടുവാനുമുള്ള സാധ്യ തയുണ്ട്. ഭൂവുടമയുടെ കുഴപ്പം മൂലമല്ലാതെ, പ്രകൃതിയുടെയോ മനുഷ്യരു ടെയോ ഇടപെടൽ മൂലം ഉണ്ടാകുന്ന ഈ അവസ്ഥാന്തരന്യാസത്തിൽ ടി നിലം പുരയിടം വിഭാഗത്തിലേക്ക് മാറ്റികൊടുക്കുവാൻ സാധ്യതയുണ്ടെങ്കിൽ പരിഗണിക്കേണ്ടതാണ്.

- വീട്, കെട്ടിടങ്ങൾ തുടങ്ങിയവ നഷ്ടപ്പെടുന്നവർക്ക് കെട്ടിട ഉടമകൾ ആവശ്യപ്പെടുകയാണെങ്കിൽ ടി കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് നിശ്ച യിക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനം ഈടാക്കി കെട്ടിട അവശിഷ്ടങ്ങൾ ഭൂ ഉടമകൾക്ക് തിരികെ നൽകുന്നത് അവർക്ക് പുതിയ ഭവനം ഉണ്ടാക്കുന്നതിനും വൈകാരികത നിലനിർത്തുന്നതിനും സഹായ കരമായിരിക്കും. കെട്ടിട അവശിഷ്ടങ്ങളുടെ പുനരുപയോഗത്തിലൂടെ

പരിസര മലിനീകരണവും പ്രകൃതി വിഭവങ്ങളുടെ ചൂഷണവും കുറയ്ക്കുന്നതിനും സഹായകരമായിരിക്കും.

- ഭൂമിയുടെ നിരപ്പിൽ നിന്നും ഉയരത്തിൽ നിർദ്ദിഷ്ട റോഡ് നിർമ്മിക്കുകയാണെങ്കിൽ തദ്ഫലമായി റോഡിന് താഴെയായി പോകുന്ന വീടുകളിലേയ്ക്കും കടകളിലേക്കും സ്ഥലങ്ങളിലേയ്ക്കും ഇറങ്ങുവാൻ ആവശ്യമായ റാംപ് സൗകര്യം നൽകണം.

- പദ്ധതി രൂപരേഖ അന്തിമമാക്കപ്പെട്ടിട്ടുണ്ടോ എന്നതിനെക്കുറിച്ച് പദ്ധതി ബാധിതർക്കിടയിൽ ആശങ്ക നിലനിൽക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിനു മുമ്പേ രൂപരേഖയെക്കുറിച്ച് പദ്ധതി ബാധിതർക്കുള്ള ആശങ്ക ദൂരീകരിക്കണം.

അദ്ധ്യായം 2

പദ്ധതിയുടെ വിശദവിവരങ്ങൾ

2.1.പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

1999 ൽ സ്ഥാപിതമായ കൊച്ചി അന്തർദേശീയ വിമാനത്താവളത്തിൻെറ സേവനം എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, തൃശൂർ ജില്ലകളിലെ കേരളത്തിൻെറ ഉൾനാടുകളിലും ഉപയോഗപ്പെടുത്തുന്നു എന്നതിനാൽ. യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനുമായി ഗുണനിലവാരമുള്ള റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് അനുപേക്ഷണീയമായിരിക്കുന്നു. ദേശീയ പാത 66 ലെ ഇരുമ്പനം കവല മുതൽ നെടുമ്പാശേരി എയർപോട്ട് റോഡ് വരെയാണ് സീപോർട്ട്-എയർപോർട്ട് റോഡ് ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ കൊച്ചി അന്തർദേശീയ വിമാനത്താവളവും കൊച്ചി തുറമുഖവും തമ്മിൽ ഒരു മികച്ച ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ നെടുമ്പാശേരി മുതൽ കുണ്ടന്നൂർ വരെ ദേശീയപാതക്ക് ഒരു ബൈപാസ് കൂടിയായിരിക്കും ഇത്. പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടം ഇരുമ്പനം മുതൽ കളമശേരി വരെയും രണ്ടാം ഘട്ടം കളമശേരി മുതൽ നെടുമ്പാശേരി വരെയുമാണ്. ആദ്യഘട്ടം രണ്ട് വരി പാതയായി 2003 ൽ പൂർത്തിയാക്കി. പദ്ധതിയുടെ രണ്ടാം ഘട്ടം 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു; സെക്ഷൻഎ: കളമശേരി എച്ച്.എം.ടി.റോഡ് മുതൽ മഹിളാലയം കവലവരെയും, സെക്ഷൻ ബി: മഹിളാലയം കവല മുതൽ ചൊവ്വര വരെയും, സെക്ഷൻ സി: ചൊവ്വര മുതൽ എയർപോർട്ട് റോഡ് വരെയുമാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള 2 പാലങ്ങൾ ഉൾപ്പടെയുള്ള 1 കി.മീറ്റർ റോഡിൻെറ നിർമ്മാണം, അതായത് സെക്ഷൻ ബി, 2017 ൽ പൂർത്തിയാക്കി. സെക്ഷൻ എ യിൽ ഉൾപ്പെട്ട എച്ച്.എം.ടി റോഡ് പോയിൻറിൽ നിന്നും എൻ.എ.ഡി വരെയുള്ള 2.7 കി.മീറ്റർ റോഡിൻെറ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. സെക്ഷൻ എ യിൽ ശേഷിക്കുന്ന എൻ.എ.ഡി മുതൽ മഹിളാലയം കവല വരെയുള്ള 6.6 കി.മീറ്റർ ദൂരത്തിലുള്ള 4 വരി റോഡിൻെറ നിർമ്മാണമാണ് നിലവിൽ വിഭാവന ചെയ്തിരിക്കുന്നത്. ആയതിനാൽ ഘട്ടംIIൽ സെക്ഷൻ എ യുടെ 2, 3 പാക്കേജുകളായ എൻ.എ.ഡി. ജംഗ്ഷൻ മുതൽ അസീസി ജംഗ്ഷൻ വരെയും അസീസി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുള്ള നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടു

ക്കൽ. 29.06.2018 തീയതിയിലെ ഉത്തരവ് PWD-006-03-PA-01പ്രകാരം പദ്ധതി നിർവ്വഹണത്തിനുള്ള തുക കിഫ്ബി അനുവദിച്ചിട്ടുണ്ട്. 02.12.2016 തീയതിയിലെ ഉത്തരവ് G.O.(Rt)No.1656/2016/PWD പ്രകാരം പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കേരള സംസ്ഥാനത്തിലെ നിരത്തുകളുടെയും പാലങ്ങളുടെയും നിർമ്മാണ ചുമതല നിർവ്വഹിക്കുന്ന, സർക്കാരിൻെറ കീഴിലുള്ള ഒരു സ്വയംഭരണ സംവിധാനമായ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (R.B.D.C.K) ആണ് നിർദ്ദിഷ്ട പദ്ധതി നിർവ്വഹണത്തിനും ചുമതലപ്പെട്ടിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 3 അംഗ സംഘത്തെ R.B.D.C.K. ചുമതലപ്പെടുത്തും. നിർമ്മാണ സ്ഥലത്തെ സുരക്ഷിതത്വ നടപടികൾ, നിർമ്മാണത്തിൻെറ ഗുണനിലവാരം, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി ഒരു പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻറിനെ R.B.D.C.K. നിയമിക്കും. മത്സരാധിഷ്ടിതമായ ലേലത്തിലൂടെ നിയമിക്കപ്പെടുന്ന കോൺട്രാക്ടർക്ക് ആയിരിക്കും ഉടമ്പടി വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള ഉത്തരവാദിത്തം. കോൺട്രാക്ടർ തയ്യാറാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ സമയക്രമം ആർ.ബി.ഡി.സി.കെയും പുറമെ നിന്നുള്ള കൺസൾട്ടൻറും അവലോകനം ചെയ്ത് പദ്ധതിയുടെ സമയാധിഷ്ടിതമായ പൂർത്തീകരണം ഉറപ്പ് വരുത്തും.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

മികച്ച അനുബന്ധ സൗകര്യങ്ങളുടെ വികസനം ഒരു പ്രദേശത്തിൻെറ വളർച്ചയ്ക്കും വികസനത്തിനും അത്യന്താപേക്ഷിതമായ ആദ്യ നടപടിയാണ്. കേരള സംസ്ഥാനത്തിലെ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന നഗരങ്ങളിൽ ഒന്നായ കൊച്ചിയിൽ അന്താരാഷ്ട്ര വിമാനത്താവളത്തിൻെറ ആവിർഭാവം മികച്ച റോഡ് സൗകര്യം എന്ന ആവശ്യകതയ്ക്ക് വഴി തെളിച്ചു. തദ്ഫലമായി വിഭാവന ചെയ്യപ്പെട്ട സീപോർട്ട്-എയർപോർട്ട് പദ്ധതിക്ക് 02.12.2016 തീയതിയിലെ ഉത്തരവ് G.O.(Rt)No.1656/2016/PWD പ്രകാരം സർക്കാർ ഭരണാനുമതി നൽകി. പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. ഘട്ടംII ൽ സെക്ഷൻ എപാക്കേജ് 1 ആയ എച്ച്.എം.ടി. റോഡ് പോയിൻറ് മുതൽ എൻ.എ.ഡി വരെയുള്ള നിർമ്മാണം നടന്നു

കൊണ്ടിരിക്കുന്നു. ഘട്ടംIIൽ സെക്ഷൻ എ യുടെ 2, 3 പാക്കേജുകളായ എൻ.എ.ഡി. ജംഗ്ഷൻ മുതൽ അസീസി ജംഗ്ഷൻ വരെയും അസീസി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുമുള്ള നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ.

ഘട്ടംII പൂർത്തീകരിക്കുമ്പോൾ സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടംI ൻെറ തുടർച്ചയായി അന്താരാഷ്ട്ര വിമാനത്താവളവുമായും ദേശിയ ഹൈവെ 544 ലുമായും ബന്ധിപ്പിക്കും. നഗരാതിർത്തിക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന വിമാനത്താവളത്തിൽ നിന്നും ഏലൂരിൽ നിന്നും സ്മാർട്ട് സിറ്റിയിലേക്കും വൈറ്റില മൊബിലിറ്റി ഹബ്ബിലേക്കും എളുപ്പത്തിൽ എത്തിചേരുന്നതിനുള്ള ഒരു പ്രധാന ബന്ധിപ്പിക്കലും കൂടിയായിരിക്കും ഇത്. സീപോർട്ട്-എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിൻെറ നിർമ്മാണത്തിലൂടെ കൊച്ചി നഗരത്തിന് കൊച്ചി നഗരത്തിൻെറ പുറത്തുള്ള പ്രദേശങ്ങളുമായി മികച്ച രീതിയിലുള്ള ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ വരും വർഷങ്ങളിൽ ഉണ്ടാകുവാനിടയുള്ള വർദ്ധിച്ച ഗതാഗതത്തെ ലളിത മാക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു.

പ്രസ്തുത പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)ബി അനുശാസിക്കുന്ന പൊതു താൽപര്യങ്ങളുടെ കീഴിൽ വരുന്നു.കൂടാതെ ഏപ്രിൽ 7, 2020തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1047 ൽ പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാർ റെവന്യൂ(ബി) ഡിപ്പാർട്ട്മെൻറിൻെറ 20/03/2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.30/2020/RD നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താൽപര്യമാണെന്ന് പ്രസ്താവിക്കുന്നു.

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

എൻ.എ.ഡി. റോഡിൽ ആരംഭിച്ച് ആലുവ-പെരുമ്പാവൂർ റോഡിലെ മഹിളാലയം കവലയിൽ അവസാനിക്കുന്ന വിധത്തിലാണ് നിർദ്ദിഷ്ട 4 വരി പാത വിഭാവന ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട 4 വരി പാതയുടെ നീളം 6.60 കി.മീറ്റർ ആയിരിക്കും.

ആലുവ താലൂക്കിലെ ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിലും കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിലും ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശങ്ങൾ. വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപ

നങ്ങൾ എന്നിവയുടെ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, വീടുകൾ എന്നിങ്ങനെ ധാരാളം നിർമ്മിതികൾ നിറഞ്ഞതാണ് ഈ പ്രദേശം. നിർദ്ദിഷ്ട റോഡ് കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. ചെയിനേജ് 17+350 ൽ നിർദ്ദിഷ്ട റോഡ് പെരിയാർ നദിയിൽ നിന്നുമുള്ള ജലസേചന കനാലിനെ മുറിച്ച് കടക്കും.

MoRTH's സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കും കേരള പൊതുമരാമത്ത് വകുപ്പിൻെറ വില വിവര പട്ടികയും, പദ്ധതി വിവരങ്ങളും പ്രതീക്ഷിത ചെലവും (PRICE) എന്ന പൊതുമരാമത്ത് വകുപ്പിൻെറ സോഫ്റ്റ് വെയറും അടിസ്ഥാനപ്പെടുത്തിയാണ് പദ്ധതിയുടെ അസംസ്കൃത വസ്തുക്കളുടെ പ്രതീക്ഷിത അളവും(രൂപരേഖയും അസംസ്കൃത വസ്തുക്കളുടെ ഉറവിടവും പരിഗണിച്ച്), പദ്ധതിചെലവും (സിവിൽ പാക്കേജ് പ്രകാരം) തീരുമാനിച്ചിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുള്ള 317.75 കോടി രൂപയും പുനരധിവാസ-പുനസ്ഥാപന നടപടികൾക്കുള്ള 50 ലക്ഷം രൂപയും ഉൾപ്പടെ ആകെ 455.84 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിത ചെലവായി വിശദമായ പദ്ധതിരേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിൽ പൂർത്തീകരിച്ച സീപോർട്ട്-എയർപോർട്ട് റോഡ് പദ്ധതിയുടെ ഘട്ടം I ൻെറ തുടർച്ചയാണ് നിർദ്ദിഷ്ട രൂപരേഖ. തർക്കങ്ങൾ പരിഹരിക്കുന്നതിന് ധാരാളം മീറ്റിങ്ങുകൾക്കും ചർച്ചകൾക്കും ശേഷമാണ് കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിൽ പദ്ധതിയുടെ നിലവിലെ രൂപരേഖ തീരുമാനിക്കപ്പെട്ടിരിക്കുന്നത് എന്ന് അർത്ഥനാധികാരി വിശദമായ പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുണ്ട്. നിർദ്ദിഷ്ട രൂപരേഖ കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയും നിലങ്ങളിലൂടെയുമാണ് കടന്നു പോകുന്നത് എന്നതിനാൽ വീടുകൾക്ക് വളരെ കുറവ് ആഘാതങ്ങളേ ഉണ്ടാകുന്നുള്ളൂ. കൂടാതെ പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളില്ല എന്ന് അർത്ഥനാധികാരി സമർപ്പിച്ച ഫോറം നമ്പർ 2 വെളിപ്പെടുത്തുന്നു.

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടം ഇരുമ്പനം മുതൽ കളമശേരി വരെയും രണ്ടാം ഘട്ടം കളമശേരി മുതൽ

നെടുമ്പാശേരി വരെയുമാണ്. കളമശേരി എച്ച്.എം.ടി.റോഡ് മുതൽ മഹിളാലയം കവല വരെയുള്ള രണ്ടാം ഘട്ടം വീണ്ടും 3 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു; ഭാഗം എ: കളമശേരി എച്ച്.എം.ടി.റോഡ് മുതൽ മഹിളാലയം കവലവരെയും, ഭാഗം ബി. മഹിളാലയം കവല മുതൽ ചൊവ്വര വരെയും, ഭാഗം സി. ചൊവ്വര മുതൽ എയർപോർട്ട് റോഡ് വരെയുമാണ്.

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

എൻ.എ.ഡി.റോഡ് മുതൽ മഹിളാലയം ജംഗ്ഷൻ വരെയുള്ള നിർദ്ദിഷ്ട 4 വരി പാത അസീസി ജംഗ്ഷനിൽ സംസ്ഥാന ഹൈവെ 16 ൽ ചേർന്ന് ആലുവ-പെരുമ്പാവൂർ റോഡിലുള്ള മഹിളാലയം ജംഗ്ഷനിൽ അവസാനിക്കും. നിർദ്ദിഷ്ട 4 വരി പാതയുടെ നീളം 6.60 കി.മീറ്റർ ആയിരിക്കും. IRC കോഡിൽ നൽകിയിരിക്കുന്ന ഡിസൈൻ സ്റ്റാൻ ഡേർഡും ദേശീയ പാതകളുടെ നിർമ്മാണത്തിന് ബാധകമായ പ്രത്യേക പ്രസിദ്ധീകരണ ങ്ങളിലെയും MoRTH സർക്കുലറുകളിലെയും നിർദ്ദേശങ്ങളും പിന്തുടർന്നാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് എന്ന് വിശദമായ പദ്ധതിരേഖ വെളിപ്പെടുത്തുന്നു. 4 വരിയിലുള്ള അയവുള്ള തറയാണ് സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം IIൽ നിർദ്ദേ ശിച്ചിരിക്കുന്നത്. ഗതാഗത നിരക്കും അടിഭാഗത്തിൻെറ ഉറപ്പും അടിസ്ഥാനമാക്കി IRC:37-2012, 1.101, പ്ലേറ്റ് 7 എന്നീ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തറയുടെ ഘനം തീരുമാനിക്കും. ഇരുവശങ്ങളിലും 1.50 മീറ്റർ വീതിയിൽ പേവ്ഡ് ഷോൾഡറും 2.00 മീറ്റർ വീതിയിൽ അൺപേവ്ഡ് ഷോൾഡരോടും കൂടിയുള്ള ക്യാരേജ് വേയുടെ വീതി 7.25 മീറ്റർ വീതമായിരിക്കും. മീഡിയൻെറ വീതി 3.0 മീറ്റർ ആയിരിക്കും. നിർദ്ദിഷ്ട റോഡ് പ്രധാന മായും നിലങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്നതിനാൽ 1.5 മീറ്റർRR ഡ്രെയിൻ നൽകും. 12 കലുങ്കുകൾ രൂപരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പടെ എല്ലാ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കും.

ചിത്രം 2.6.1. പദ്ധതിയുടെ സ്ട്രിപ്പ് പ്ലാൻ



2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

അവശ്യ സൗകര്യങ്ങളുടെ പുനസ്ഥാപനത്തിനുള്ള ചെലവ് പദ്ധതിയുടെ പ്രതീക്ഷിത ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരവും വാഹന ഗതാഗതവും തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തുള്ള കടകളിലേക്കും വീടുകളിലേയ്ക്കുമുള്ള പ്രവേശനം തടസപ്പെടാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

2.8 ആവശ്യമായ തൊഴിൽ ശക്തി

മത്സരാധിഷ്ടിതമായ ലേലത്തിലൂടെ കോൺട്രാക്ടറെ നിയമിക്കുകയും ഉടമ്പടി വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ടി കോൺട്രാക്ടർ പദ്ധതി നിർവ്വഹണം നടപ്പിലാക്കുകയും ചെയ്യും. കോൺട്രാക്ടർ തയ്യാറാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ സമയക്രമം ആർ.ബി.ഡി.സി.കെയും പുറമെനിന്നുള്ള കൺസൾട്ടൻറും അവലോകനം ചെയ്ത് പദ്ധതി

യുടെ സമയാധിഷ്ടിതമായ പൂർത്തീകരണം ഉറപ്പ് വരുത്തും. ആവശ്യമായ തൊഴിൽശക്തി ഉപയോഗിച്ച് കോൺട്രാക്ടർ പദ്ധതി പൂർത്തീകരിക്കും.

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

ടോപ്പോഗ്രഫിക് പഠനം, ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, പദ്ധതിപ്രദേശത്തിൻെറ അടിമണ്ണ് പരിശോധന തുടങ്ങിയ സാങ്കേതിക പഠനങ്ങൾ പദ്ധതിക്ക് വേണ്ടി നടത്തിയിട്ടുള്ളതായ് വിശദമായ പദ്ധതിരേഖ വെളിപ്പെടുത്തുന്നു. പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നിലവിൽ നടന്നു കൊണ്ടിരിക്കുന്നു.

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിന് വേണ്ടി ആലുവ താലൂക്കിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ് എന്നീ വില്ലേജുകളിളിൽ നിന്നും കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട തൃക്കാക്കര നോർത്ത് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ❖ ഭൂമിഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുംപുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽകേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017)

തീയതിയിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറനയം

- ❖ വിവരവകാശ നിയമം

അദ്ധ്യായം 3

പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

ആലുവ, കണയന്നൂർ താലൂക്കുകളിൽ ഉൾപ്പെട്ട ചൂർണിക്കര,കീഴ്മാട്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത് എന്നീ വില്ലേജുകളിൽ നിന്നുംഏകദേശം 30.3590 ഹെക്ടർ ഭൂമി സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ നിർമ്മാണത്തിന് വേണ്ടി ആവശ്യമായ് വന്നേക്കാം എന്ന കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറിൻെറ 20/03/2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.30/ 2020/RD ഏപ്രിൽ 7, 2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1047 ൽ പ്രസിദ്ധപ്പെടുത്തി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശ്ശേരിയെ ടി വിജ്ഞാപന പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി, ഓരോരുത്തർക്കും പ്രത്യേക ചുമതലകൾ നൽകി ഒരു പഠന സംഘം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഒരു പഠന സംഘം രൂപീകരിച്ചു.

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എപാക്കേജ് 2 &3 നിർമ്മാണത്തിന് വേണ്ടിഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത് അത്തരം പഠനത്തിൽ പ്രാവീണ്യം നേടിയ 13 അംഗങ്ങളടങ്ങുന്ന സംഘ മാണ്. രാജഗിരി ഔട്ട്റീച്ച് ഡയറക്ടർ കൂടിയായ സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠന യൂണിറ്റിൻെറ ചെയർപേഴ്സൺ ആണ് പഠനത്തിന് നേതൃത്വം നൽകുന്നത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1 പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത പദവി	പ്രവർത്തനപരിചയം
1	ഡോ:ബിനോയ് ജോസഫ്	പി.എച്ച്.ഡി.. എം.എ(എച്ച്.ആർ.എം), എൽ.എൽ.ബി. കൺസൾട്ടൻറ്	അദ്ധ്യാപന/ ഗവേഷണ മേഖലയിൽ 26 വർഷത്തെ പ്രവർത്തന പരിചയം
2.	ഡോ.ഫാ:സാജു.എം.ഡി	എം.ഫിൽ. പി.എച്ച്.ഡി കൺസൾട്ടൻറ്	അദ്ധ്യാപന/ഗവേഷണ മേഖലയിൽ 13 വർഷത്തെ പ്രവർത്തന പരിചയം
3.	ഫാ.ഷിൻേറാ ജോസഫ്	എം.എസ്.ഡബ്ല്യൂ കൺസൾട്ടൻറ്	അദ്ധ്യാപന/ഗവേഷണ/ വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം
4	മീന കുരുവിള	എം.എസ്.ഡബ്ല്യൂ ചെയർപേഴ്സൺ	വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം
5	മരിയ ടെൻസി വി.എസ്	എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 29 വർഷത്തെ പ്രവർത്തന പരിചയം
6	ബിജു സി.പി.	ബി.എ, ഡവലപ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 29 വർഷത്തെ പ്രവർത്തന പരിചയം

7	ജോർജ് വി.എ.	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്,	വികസനമേഖലയിൽ 33വർഷത്തെ പ്രവർത്തന പരിചയം
8.	ജിജിൻ പി.എസ്.	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്,	വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം
9.	ആൽബിൻ നോബിൾ	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്	വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം
	ലിൻറ ചാക്കോ	പി.ജി.ഡി.എ.എച്ച്.എസ്, എം.എ. റിസേർച്ച് അസ്സോസിയേറ്റ്	വികസന മേഖലയിൽ 16 വർഷത്തെ പ്രവർത്തന പരിചയം
11.	എലിസബത്ത് പെനെലോപ്പ് ലോബോ	എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ്	33 വർഷത്തെ പ്രവർത്തന പരിചയം
12	ഫിലോമിന കെ.എ.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	27 വർഷത്തെ പ്രവർത്തന പരിചയം
13	ഇന്ദിര വി. വി..	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	29 വർഷത്തെ പ്രവർത്തന പരിചയം

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതി ബാധിത കുടുംബങ്ങളുടെയും, വ്യക്തികളുടെയും, പദ്ധതിബാധിത വസ്തുവക കളുടെയും എണ്ണം തിട്ടപ്പെടുത്തുക, പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാ തങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്. പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനവും നിരീക്ഷണവും നടത്തിയതിൻെറ അടിസ്ഥാനത്തിൽ പദ്ധതിബാധിത കുടുംബങ്ങളിൽ നിന്ന് വിവരശേഖരണം നടത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കി. കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം, ജനസംഖ്യാപരമായ വിവരങ്ങൾ, പദ്ധതിബാധിതമാകുന്ന വസ്തുവകകളുടെ വിവരങ്ങൾ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങളുടെ അഭിപ്രായങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നു. പിന്നീട് ടി ചോദ്യാവലി ഉപയോഗിച്ച് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്ന് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. പദ്ധതി ബാധിത പ്രദേശത്ത് താമസമില്ലാത്ത ഭൂവുടമകളിൽ നിന്ന് ടെലഫോണിലൂടെ വിവരങ്ങൾ ശേഖരിച്ചു. പ്രദേശത്ത് വിവിധ മാർഗങ്ങളിലൂടെ വിവരപ്രചാരണം നടത്തിയതിൻെറ വെളിച്ചത്തിൽ സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങുകളിൽ പങ്കെടുത്തതും, സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ ആദ്യഘട്ട സർവ്വെയിൽ പങ്കെടുക്കാതിരുന്നതുമായ ഭൂവുടമകളുമായി പിന്നീട് നേരിട്ടും ടെലഫോണിലും വിവരശേഖരണം നടത്തി. കൂടാതെ പദ്ധതി മൂലം പ്രദേശത്ത് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ മനസിലാക്കുന്നതിന് സ്ഥലത്തെ പ്രധാന വ്യക്തികളുമായി ടെലഫോണിൽ അഭിമുഖം നടത്തി.

അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്.

പഠനത്തിൽ ശേഖരിച്ച വിവരങ്ങളും നിഗമനങ്ങളുംശാസ്ത്രീയമായി വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി ഉൾക്കൊള്ളുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട്രേഖ തയ്യാറാക്കി. ടി രേഖ 2020, നവംബർ 5 തീയതിയിൽ ആലുവ ക്രെസൻറ് പബ്ലിക് സ്കൂളിൽ നടത്തിയ പബ്ലിക് ഹിയറിങ്ങുകളിൽ അവതരിപ്പിക്കുകയും പദ്ധതി ബാധിതർക്ക് അന്തിമ രേഖയിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും നിർദ്ദേശിക്കുന്നതിനുള്ള അവസരം നൽകു

കയും ചെയ്തു. കൂടാതെ പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും പദ്ധതി ബാധിതർ ഉന്നയിച്ച സംശയങ്ങൾക്കും ആശങ്കകൾക്കും പദ്ധതിക്ക് വേണ്ടി ചുമതല പ്പെട്ടിരിക്കുന്ന തഹസിൽദാറും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരും പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു:

- റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ കേരള ലിമിറ്റഡ് കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ III നെടുമ്പാശേരി, കാര്യാലയത്തിൽ നിന്നും ലഭ്യമായ രേഖകളുടെ പഠനം
- പദ്ധതി പ്രദേശം സന്ദർശിക്കൽ
- സാമൂഹ്യ-സാമ്പത്തിക സർവ്വെയും ആഘാതബാധിത വസ്തുവകകളുടെ തിട്ടപ്പെടു ത്തലും
- സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനം
- കരട് രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ്
- രണ്ടാം ഘട്ട സർവ്വെയും ലഭ്യമായ വിവരങ്ങളുടെ വിശകലനവും
- പബ്ലിക് ഹിയറിങ്ങിൽ പദ്ധതിബാധിതർ ഉന്നയിച്ചതും രേഖാമൂലം നൽകിയതുമായ ചോദ്യങ്ങളും സംശയങ്ങൾക്കും അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണാധികാരിയിൽ നിന്നും രേഖാപരമായി ഉത്തരം നേടൽ
- അന്തിമ രേഖ തയ്യാറാക്കൽ

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിയ്ക്ക് വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാ ഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃകാ പരിശോ ധനാ രീതിയേക്കാൾ സാമൂഹ്യ-സാമ്പത്തിക സർവ്വെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. 192 പദ്ധതിബാധിത വസ്തുക്കളുടെ ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് പഠന കാലയ

ളവിൽ കണ്ടെത്തുവാൻ കഴിഞ്ഞത്. പ്രസ്തുത ഉടമകളുമായി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവര ശേഖരണം നടത്തി.

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

ആഘാത ബാധിതരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാത സർവ്വെയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു തനതായ ചോദ്യാവലി തയ്യാറാക്കുകയും പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ജനസംഖ്യാപരം, സാമ്പത്തിക, കുടുംബം, ഉപജീവന മാർഗ്ഗം, പദ്ധതി ബാധിതമാകുന്ന വസ്തുവകകളുടെ വിവരം, പ്രത്യാഘാതത്തിൻെറ അളവ് എന്നീ വിവരങ്ങൾ ലഭ്യമാകുന്ന ചോദ്യങ്ങൾ ആണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്.

പഠന സംഘാംഗങ്ങൾ ഗുണപരവും പാരിമാണികവുമായ പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ശാസ്ത്രീയമായി ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്തു. പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ചാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ദ്വിതീയ വിവരങ്ങളും ശേഖരിച്ചു. ലഭ്യമായ പ്രതികരണങ്ങളും ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്തതിൻെറ വെളിച്ചത്തിൽ ലഭിച്ച കണ്ടെത്തലുകൾ നിർദ്ദേശങ്ങളോടൊപ്പം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പഠനത്തിൻെറ ഭാഗമായി വിവിധ യോഗങ്ങളും അഭിമുഖങ്ങളും ചർച്ചകളും പ്രധാന വ്യക്തികളുമായി നടത്തുകയുണ്ടായി.

പട്ടിക 3.5.1 മീറ്റിങ്ങുകളുടെ സമയക്രമം

പ്രവർത്തനങ്ങൾ	തീയതി
പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനം	05/06/2020

അർത്ഥനാധികാരിയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റും സംയുക്തമായ് പദ്ധതിപ്രദേശ സന്ദർശനം	18/06/2020
പദ്ധതിപ്രദേശത്ത് സാമൂഹ്യ സാമ്പത്തിക സർവെ	2020 ആഗസ്റ്റ്, സെപ്തംബർ,ഒക്ടോബർ മാസങ്ങളിൽ
പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടീസ് വിതരണം	31/10/2020
പബ്ലിക് ഹിയറിങ്ങ്	5/11/2020

പബ്ലിക് ഹിയറിങ്ങ്

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഘട്ടംII ൽ സെക്ഷൻ എ യുടെ 2, 3 പാക്കേജുകളായ എൻ.എ.ഡി. ജംഗ്ഷൻ മുതൽ അസീസി ജംഗ്ഷൻ വരെയും അസീസി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുമുള്ള നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായ് 2020 നവംബർ 5 തീയതിയിൽ ആലുവ ക്രെസൻറ് പബ്ലിക് സ്ക്കൂളിൽ 2 പബ്ലിക് ഹിയറിങ്ങുകൾ നടത്തി. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാല യത്തിലെയും അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങളും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു. ചൂർണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എ.ഹാരിസ് അദ്ധ്യക്ഷം വഹിച്ച ആദ്യത്തെ പബ്ലിക് ഹിയറിങ്ങ് ആലുവ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ചെയർപേഴ്സൺ ശ്രീമതി മീന കുരുവിള പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശത്തെക്കുറിച്ച് പദ്ധതി ബാധിതരോട് വിവരിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗമായ ശ്രീമതി. മരിയ ടെൻസി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. തുടർന്ന് പദ്ധതിബാധിതർ ഉന്നയിച്ച സംശയ ങ്ങൾക്ക് സ്പെഷ്യൽ തഹസിൽദാർ ശ്രീ.വിനോദ്.ജി.മുല്ലശേരി, ആർ.ബി.ഡി.സി.കെ ഉദ്യോഗസ്ഥരായ ശ്രീ.അബ്ദുൾ സലാം, ശ്രീ.പി.രാജൻ എന്നിവർ മറുപടി നൽകി.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങളായ ശ്രീ.ബിജു സി.പി., ശ്രീ. ജോർജ് വി.എ. എന്നിവർ പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായവർക്ക് യഥാക്രമം സ്വാഗതവും കൃതജ്ഞതയും പറഞ്ഞു.

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഏകദേശം 18 വർഷങ്ങൾക്ക് മുൻപേ ആസൂത്രണം ചെയ്യപ്പെട്ടതും പദ്ധതി പ്രദേശങ്ങളിൽ അതിർത്തി കല്ലുകൾ ഇട്ടിരുന്നതുമാണ് എന്നതിനാൽ വർഷങ്ങളായി പ്രദേശത്ത് താമസിക്കുന്നവർ വളരെ യധികം വൈഷമ്യങ്ങൾ അനുഭവിച്ചിരുന്നതായ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിനോട് വെളിപ്പെടുത്തി. തങ്ങളുടെ കുടുംബപരമായ ആവശ്യങ്ങൾക്ക് വേണ്ടി സ്ഥലം വിൽക്കുന്നതിനോ വീടുകളുടെ അറ്റകുറ്റങ്ങൾ തീർക്കുന്നതിനോ കഴിഞ്ഞിരുന്നില്ല എന്നത് കുടുംബങ്ങളെ വളരെയധികം ബുദ്ധിമുട്ടിലാക്കിയിരുന്നു എന്നതിനാൽ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് സർവ്വെയിലും പബ്ലിക് ഹിയറിങ്ങിലും പങ്കെടുത്തവർ ശക്തമായി പ്രതികരിച്ചു.

പദ്ധതിബാധിതർ പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ചതും സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠന യൂണിറ്റിന് രേഖാമൂലം നൽകിയതുമായ സംശയങ്ങൾ സാമൂഹ്യ പ്രത്യാ ഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും അർത്ഥനാധികാരിക്കും എഴുതി നൽകുകയും ആയതിന് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തു. ടി ചോദ്യങ്ങളും ഉത്തരങ്ങളും പട്ടിക 3.5.2. ൽ നൽകിയിരിക്കുന്നു

പട്ടിക 3.5.2. പദ്ധതിബാധിതരുടെ ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

വേദി : **ക്രെസൻറ് പബ്ലിക് സ്കൂൾ, ആലുവ**

തീയതി : **5/11/2020**

ക്രമ നമ്പർ	അഭിപ്രായം പറയുന്ന വ്യക്തിയുടെ പേര്, സർവ്വെ നമ്പർ	അഭിപ്രായം/ ആശങ്ക	ബന്ധപ്പെട്ട ഉദ്യോഗസ്ഥൻെറ മറുപടി
1	പി.കെ.അനിൽ കുമാർ 215/3-2 215/4-2	1998-ൽ 10 സെൻറ് സ്ഥലം വാങ്ങി 140 ലോഡ് മണ്ണ് ഇട്ട് നികത്തി വീട് പണിയാൻ വേണ്ടി തയ്യാറാക്കിയതാണ്. ആ സമയത്താണ് സീപോർട്ട് എയർപോർട്ട് റോഡിനായി അളന്ന് കുറ്റിയടിച്ചത്. ആയതിനാൽ ന്യായമായ നഷ്ട പരിഹാരം ലഭിക്കണം.	RFCT LARR Act-ൻെറ പരിധിക്കകത്ത് നിന്നും നൽകാവുന്നന്യായമായ നഷ്ടപരിഹാരം നൽകുന്നതാണ് (എൽ.എ.ഓഫീസർ)
2	സ്മിത ബാലകൃഷ്ണൻ 22/3-4 ആർ 22	ഈ സർവ്വെ നമ്പറിലുള്ള പുരയിടത്തിൻെറ പകുതി ഭാഗമാണ് റോഡിനായി ഏറ്റെടുക്കുന്നത്. ബാക്കിയുള്ള ഭാഗത്ത് ഒരു വീട് വയ്ക്കുവാനോ, ഒരു കടവയ്ക്കുവാനോ ഉള്ള സ്ഥലം പോലും തികയാത്ത സാഹചര്യത്തിലും ടി സ്ഥലത്തേക്കുള്ള റോഡ് നഷ്ടപ്പെടുന്നതിനാലും ഇത് മുഴുവനായി ഏറ്റെടുക്കുവാൻ അപേക്ഷിക്കുന്നു. ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.	അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അർത്ഥനാധികാരിയുമായി ആലോചിച്ച് നിയമത്തിൻെറ പരിധിക്കകത്തു നിന്ന് നടപടി സ്വീകരിക്കുന്നതാണ്. (എൽ.എ.ഓഫീസർ)
3	നെസീമ മുഹമ്മദ്കുട്ടി 69/4	ആകെ 4 സെൻറ് ഭൂമിയാണുള്ളത്. 1979-ൽ വാങ്ങിയഭൂമിയിൽ വീട് വച്ച്താമസിക്കുന്നു. വീട് നഷ്ടപ്പെടുന്നതിൽ വളരെയധികം മനോവിഷമമുണ്ട്.	RFCT LARR Act-ൻെറ പരിധിക്കകത്തു നിന്നും നല്ല തീരുമാനം എടുക്കുന്നതാണ്. (എൽ.എ.ഓഫീസർ)

		താനും,ഭാര്യയും വയോജനങ്ങളാണ് .കൂടാതെ പ്രായാധിക്യം മൂലമുള്ള അസുഖങ്ങളുമുണ്ട്. മകൻ ബുദ്ധി മാന്ദ്യമുള്ളയാളാണ്. 2500 സ്ക്വയർ ഫീറ്റ് വീട് ഘട്ടം ഘട്ടമായി നിർമ്മിച്ചതാണ്. ചികിത്സയും, വിദ്യാഭ്യാസവും കഴിഞ്ഞ് മിച്ചം വച്ച് ചെയ്തതാണ്. വീടിൻെറ താഴത്തെ നില 30,000/- വാടകയ്ക്ക് പലരും ചോദിച്ചു എങ്കിലും റോഡിന് വേണ്ടി കല്ലിട്ട് പോയിരിക്കുന്നതിനാൽ നൽകുവാൻ കഴിയുന്നില്ല. തൻെറ തുഛമായ വരുമാനംകൊണ്ടാണ് ജീവിക്കുന്നത്. ഏറ്റെടുക്കൽ നടപടികൾ 2020 മാർച്ചിനു മുൻപേ പൂർത്തിയാക്കണമെന്നും പുനരധിവാസവും നല്ല രീതിയിലുള്ള നഷ്ടപരിഹാരവും നൽകണമെന്നും മാന്യമായ നിലയ്ക്ക് വീടും സ്ഥലവും ഏറ്റെടുക്കണം എന്നും അപേക്ഷിക്കുന്നു.	
4	അബ്ദുൾ ഗഫൂർ 32/9, 555/11-2, 555/12, 555/13-2	തൻെറ ഭൂമിയുടെ തരം ഡാറ്റാ ബാങ്കിൽ മാറ്റി നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പിൽ നിന്നും സഹായിക്കണമെന്നും സ്ഥലത്ത് ഭാവിയിൽ നിർമ്മാണ പ്രവർത്തന	ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ ആണ് നടപടി സ്വീകരിക്കേണ്ടത്. ഭാവിയിലെ നിർമ്മാണ

		ങ്ങൾ നടത്തുന്നതിന് നിയമ നടപടികളിൽഇളവ് നൽകണമെന്നും അപേക്ഷിക്കുന്നു.	പ്രവർത്തനങ്ങൾക്കുള്ള ഇളവ് ഈ ആഫീസിൻെറ പരിധിയിൽ വരുന്നതല്ല. (എൽ.എ.ഓഫീസർ)
5	മാജിത പി.എം, 557/7-22 ആർ	2016-ൽ മരണപ്പെട്ട പിതാവിൻെറ പേരിലുള്ള 6.1/2സെൻറ് ഭൂമി നാല് സഹോദരങ്ങൾക്ക് അവകാശപ്പെട്ട താണ്. ഈ ഭൂമിയിൽ വീടും, കടമുറിയും പണിയുന്നതിനായി തറ കെട്ടിയിരുന്നതാണ്. ന്യായമായ നഷ്ട പരിഹാരം നൽകണമെന്ന് അപേക്ഷിക്കുന്നു. സ്ഥലത്തിൻെറ തരം പുരയിടമായി മാറ്റി നൽകുന്നതിന് സഹായിക്കണം	RFCT LARR Act-ൻെറ പരിധിക്കകത്ത് നിന്നും ന്യായമായനഷ്ടപരിഹാരം നൽകുന്നതാണ്. സ്ഥലത്തിൻെറ തരം മാറ്റുന്നതിന് ബന്ധ പ്പെട്ട റവന്യു ഡിവിഷണൽ ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. (എൽ.എ.ഓഫീസർ)
6	എം.കെ.അബ്ദുൾ കരീം 454/12, 454/11, 454/6, 454/10-2, 453/7-2	ചൂർണ്ണിക്കര ബ്ലോക്ക് നമ്പർ 34-ൽ നിന്നും ടി സർവ്വേ നമ്പറുകളിൽ നിന്നും ഏറ്റെടുക്കലിനു ശേഷം ബാക്കിയാകുന്ന സ്ഥലം കൃഷി യോഗ്യമല്ലാത്തതാകുന്നതിനാൽ ബാക്കിവരുന്നസ്ഥലംകരഭൂമിയാക്കി ഡാറ്റാബാങ്കിൽ മാറ്റംവരുത്തുകയും നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും വേണം എന്നും അപേക്ഷിക്കുന്നു.	ഇക്കാര്യത്തിൽ തീരുമാനം എടുക്കേ ണ്ടത് ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ ആണ്. അദ്ദേഹത്തിന് അപേക്ഷ നൽകുക. (എൽ.എ.ഓഫീസർ) നിർമ്മാണ പ്രവർത്തന ങ്ങൾക്ക് അനുമതി ക്കായി ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷ സമർപ്പി

			ക്കേണ്ടതാണ് (ആർ.ബി.ഡി.സി.കെ)
7	തൻസീറുദ്ദീൻ പി.എ. (അലിഷ എം. &സഫിയ അലി എന്നിവർക്ക് വേണ്ടി മകൻ)	ചൂർണ്ണിക്കര ബ്ലോക്ക് നമ്പർ 34-ൽ നിന്നും ടി സർവ്വേ നമ്പറുകളിൽ നിന്നും ഏറ്റെടുക്കലിനു ശേഷം ബാക്കിയാകുന്ന സ്ഥലം കൃഷി യോഗ്യമല്ലാത്തതാകുന്നതിനാൽ ബാക്കി വരുന്ന സ്ഥലം കരഭൂമിയാക്കി ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകണം എന്നും അപേക്ഷിക്കുന്നു.	ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ ആണ്. അദ്ദേഹത്തിന് അപേക്ഷ നൽകുക. (എൽ.എ.ഓഫീസർ)
8	റാണി തോമസ് 4356/11 436-3 436/5-1 436/5-2-5 436/7-1-9 29/3	നിർമ്മിക്കുന്ന റോഡിൻെറസ്ക്കെച്ച് കിട്ടുമോ? ഏറ്റെടുക്കുന്ന സ്ഥലത്തിന് പകരം ഭൂമിയാണോ നഷ്ടപരിഹാരമാണോ ലഭിക്കുന്നത് ?	ആർ.ബി.ഡി.സി.കെ യുടെ ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ് (ആർ.ബി.ഡി.സി.കെ) നഷ്ടപരിഹാരം (എൽ.എ.ഓഫീസർ)
9	ജോസ് മാത്യു	2008-ൽ വാങ്ങിയ സ്ഥലം അന്ന് മണ്ണിട്ട് നികത്തി വീട് നിർമ്മിക്കുവാൻ തയ്യാറാക്കിയതാണ്. പക്ഷേ നിലവിൽ റോഡിനുവേണ്ടി കല്ലിട്ടതിനാൽ വീട് വയ്ക്കുവാൻ കഴിഞ്ഞില്ല. പ്രത്യേക പരിഗണന നൽകണം	RFCT LARR നിയമത്തിൻെറപരിധിക്കകത്തു നിന്നുംസാധ്യമായ പരിഗണന നൽകുന്നതാണ്. (എൽ.എ.ഓഫീസർ)
10	മരിയ അബു	മനക്കപടി-കുന്നത്തേരി കട്ടേപടം	RFCT LARR Act-ൻെറ

		വഴിയുള്ളറോഡിൻെറവശത്തുള്ള 6.1/2 സെൻറ് സ്ഥലം വീടും, കടയും പണിയുന്നതിന് പിതാവ് വാങ്ങിയതാണ്. പിതാവ് മരണപ്പെട്ടു. ഞങ്ങൾ നാലു സഹോദരങ്ങൾ ആണ് അവകാശികൾ. സ്ഥലം സ്വഭാവം നിലം എന്നാണ് കിടക്കുന്നത്. സ്ഥലത്തിന് മതിയായ നഷ്ടപരിഹാരം ലഭിക്കണം. നഷ്ടപരിഹാരം കിട്ടുന്നതിന് എല്ലാ അവകാശികളും വരേണ്ടതുണ്ടോ അല്ലെങ്കിൽ authorization ലെറ്റർ നൽകിയാൽമതിയോ?	പരിധിക്കകത്തു നിന്ന് സാധ്യമായഎല്ലാനഷ്ടപരിഹാരവും നൽകുന്നതാണ്. (എൽ.എ.ഓഫീസർ) നിയമാനുസൃതം സാധ്യതയുള്ള ചുമതലപ്പെടുത്തിയ മുക്ത്യാർ അഥവാpowerof attorney മതിയാവുന്നതാണ്. (എൽ.എ.ഓഫീസർ)
11	**കെ.എസ്.കൊച്ചുപിള്ള** 209/7, 209/19, 209/18, 209/4, 209/5, 209/17, 209/6	സീപോർട്ട് എയർപോർട്ട് റോഡിനു വേണ്ടി ഏറ്റെടുക്കുന്ന ഭൂമി അദ്ദേഹത്തിൻെറയും സഹോദരങ്ങളുടെയുമാണ്. ഈ പറഞ്ഞിരിക്കുന്ന സ്ഥലത്ത് മെറ്റൽ ക്രഷർ യൂണിറ്റ് നടന്ന് വന്നിരു ന്നതാണ്. റോഡിൻെറ സർവ്വേ നടക്കുന്ന സമയത്ത് മെറ്റൽ ക്രഷർ യൂണിറ്റ് പ്രവർത്തിച്ചു കൊണ്ടിരുന്നതുമാണ്. ഈ സ്ഥലത്ത് കാണുന്ന കെട്ടിടങ്ങൾ മെറ്റൽ ക്രഷറിലെ തൊഴിലാളികൾ താമസിച്ചിരുന്നതുമാണ്. ആയതിനാൽ റോഡ് വരുന്നത് മൂലം അദ്ദേഹത്തിൻെറ	RFCTLARR നിയമത്തിൻെറ പരിധിക്കകത്തു നിന്ന് സാധ്യമായനഷ്ടപരിഹാരവും നൽകുന്നതാണ് (എൽ.എ.ഓഫീസർ)

		ഉപജീവന മാർഗ്ഗമായ വ്യവസായം നഷ്ടപ്പെട്ട് പോകുന്നു.മറ്റു തൊഴിലിൽ പ്രവേശിക്കുവാൻ കഴിയുകയുമില്ല.ആയതുകൊണ്ട് മെറ്റൽ ക്രഷർ യൂണിറ്റിനും, അവിടെ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനും ഭൂമിക്കും ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന്അപേക്ഷിക്കുന്നു.	
12	**തോമസ് ടി.ലൂക്കോസ്** 443/7.2, 446/01, 443/15, 446/07, 443/05, 446/10, 442/4, 443/12, 443/10, 440/01,442/10, 446/9.2, 442/11, 446/2, 446/3, 442/3, 443/3, 446/9, 443/6, 443/4, 446/8, 446/9-2-2, 446/8- 2, 443/2, 442/2, 446/7, 446/1-2, 448/7-2, 443/13, 443/9, 443/8, 446/7, 443/14, 443/5, 443/15, 443/5, 443/1	ഉടമസ്ഥതയിലുള്ള ഉദ്ദേശം 10 ഏക്കർനിലത്തിൽ കൂടിയാണ് സീപോർട്ട് എയർപോർട്ട് റോഡിൻെറ എക്സ്റ്റൻഷൻ കടന്നു പോകുന്നത്. റോഡിന് ആവശ്യമുള്ള സ്ഥലം ഗവ. പോളിസി അനുസരിച്ച് നിയമപരമായി നൽകുന്ന ന്യായവിലയും മതിപ്പു വിലയും സ്വീകരിച്ച് വിട്ടു തരുന്നതിന് താത്പര്യമാണ്. എന്നാൽ തൻെറ വസ്തുവിൽ കൂടി റോഡ് കടന്നു പോകുമ്പോൾ പിന്നെ മിച്ചമുള്ള സ്ഥലത്തിൽ നിന്നും വെള്ളം ഒഴുകി പോകുവാൻ നിവർത്തിയില്ല. അതുകൊണ്ട് ഒരു കൃഷിയ്ക്കും പറ്റാതെ ഉപയോഗശൂന്യമായി പോകും. അത് എനിക്ക് വലിയ	RFCT LARR നിയമത്തിൻെറ പരിധിക്കകത്തു നിന്ന് സാധ്യമായനഷ്ട പരിഹാരവും നൽകു ന്നതാണ്.പ്രകൃത്യാ ഉള്ള നീർവാഴ്ചയ്ക്ക് തടസ്സം വരാത്ത വിധം നിർമ്മാണ പ്രവർത്തനങ്ങൾ നട ത്തുന്നതിന്, 'അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്' നടപടി സ്വീകരിക്കു ന്നതിനായി അർത്ഥനാ ധികാരിക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഇക്കാര്യം ബന്ധപ്പെട്ട ജില്ലാ കളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ

		നഷ്ടം ഉണ്ടാക്കും.ആയതിനാൽ റോഡിന് എടുത്തതിനു ശേഷം ബാക്കി വരുന്ന സ്ഥലത്തിൻെറ ഘടന മാറ്റി പുരയിടമാക്കിത്തരണ മെന്നും, അവിടെകെട്ടിടങ്ങൾ പണിത് താമസത്തിനോ, ബിസിനസ്സ് ആവശ്യത്തിനോ ഉപയോഗിക്കുവാൻ ഉള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെടുന്നു.	എന്നിവരെ അറിയിക്കുന്നതാണ് (എൽ.എ.ഓഫീസർ) ബാക്കി സ്ഥലത്തുള്ള ജല സ്രോതസ്സിൽ സുഗമ മായ ഒഴുക്ക് നിലക്കാതി രിക്കാൻ കാണകൾ, കലുങ്കുകൾ, റോഡ് നിർമ്മാണത്തിന അനുബന്ധമായി നിർമ്മിക്കുന്നതാണ്. ആയതിനാൽ ബാക്കി വരുന്ന കൃഷി നിലം കൃഷിക്കായി ഉപയോഗിക്കാൻ തടസ്സം നേരിടും എന്നത് അടിസ്ഥാനരഹിതമാണ്. ഭൂമി ഏറ്റെടുക്കൽ മൂലം നീർച്ചാലുകൾ തടസ്സപ്പെടുത്തുന്നില്ല. (ആർ.ബി.ഡി.സി.കെ)
13	**എം.എം.വഹിദ ഷിഹാബുദീൻ** 56 ബ്ലോക്ക് 33	ഈ സർവ്വേ നമ്പറിൽ ഉള്ള സ്ഥലം തൻെറ മക്കൾക്ക് വീട് വയ്ക്കാനായി മാറ്റി വച്ചിരുന്നതാണ്. ഇപ്പോൾ ഞങ്ങളുടെ സ്ഥല ത്തിൻെറ പകുതി റോഡിനായി	RFCT LARR Act-ൻെറ പരിധിക്കകത്തു നിന്ന് സാധ്യമായഎല്ലാനഷ്ടപരി ഹാരവും നൽകുന്നതാണ്. Injurious affection-ന്

		എടുത്തു പോകുന്നു. ആ സ്ഥലം മുഴുവനായുംഏറ്റെടുക്കണമെന്ന് അപേക്ഷിക്കുന്നു.സ്ഥലത്തിൻെറ ചമയങ്ങളും വിലയിട്ട് എടുക്കണം എന്ന് അപേക്ഷിക്കുന്നു.	വേണ്ടി ലഭിക്കുന്ന അപേക്ഷ അർഹത പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. (എൽ.എ.ഓഫീസർ)
14	**വിദ്യാധരൻ പി.എസ്** 317/5	ഈ സർവ്വേ നമ്പറിൽ ഉള്ള (1ഏക്കർ 40സെൻറ്) സ്ഥലത്ത് മുഴുവൻ 36 വയസ്സ് പ്രായമുള്ള തെങ്ങിൽ നിന്നും നല്ല ആദായം ലഭിച്ചിരുന്നതാണ്. ഈ സ്ഥലം വികസനത്തിനയി ഏറ്റെടുക്കുമ്പോൾ ഈ സ്ഥലത്തുള്ള തെങ്ങുകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന്അപേക്ഷിക്കുന്നു.	RFCT LARR Act 2013 പ്രകാരം നിയമാനുസരണമുള്ള നഷ്ടപരിഹാരം നൽകുന്നതാണ്. ആയതിലേയ്ക്ക് തെങ്ങുകൾക്കും മറ്റും ബന്ധപ്പെട്ട കൃഷി ഓഫീസർ, സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെൻറ് എന്നിവരുടെ വിലനിർണ്ണയ പ്രകാരമുള്ള തുകയും നിയമാനുസൃത ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. (ആർ.ബി.ഡി.സി.കെ)
15	**പ്രേംദാസ് കെ.യു** 22/1-4	തൻെറ വീടിനോട് ചേർന്നാണ് സീപോർട്ട് എയർപോർട്ട് റോഡ് പോകുന്നത്. കൂടാതെ വീടിനോട് ചേർന്ന പറമ്പിലേയ്ക്കാണ് വഴി പോകുന്നത്. ആയതിനാൽ വേണ്ട നഷ്ടപരിഹാരം നൽകണമെന്നും അപേക്ഷിക്കുന്നു.	RFCT LARR Act-ൻെറ പരിധിക്കകത്തു നിന്ന് സാധ്യമായഎല്ലാനഷ്ടപരിഹാരവും നൽകുന്നതാണ്. (എൽ.എ.ഓഫീസർ)

16	**സീനത്ത് അഷറഫ്** No survey number	കീഴ്മാട് പഞ്ചായത്തിലെ 18-ാം വാർഡിൽ കീഴ്മാട് സഹകരണ ബങ്കിൻെറ പുറകിൽ ഉള്ള തൻെറ വീടിനോട് ചേർന്നാണ് അലൈൻ മെൻറ് കാണുന്നത്. അതുപ്രകാരം വീടിന് വല്ല ബുദ്ധിമുട്ടു വരുകയാണെങ്കിൽ തക്കതായ നഷ്ട പരിഹാരം തരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.	റോഡ് സമീപത്തു കൂറ്റി പോകുന്നതിനാൽ ബുദ്ധിമുട്ട് നേരിടുമെന്ന് ആശങ്കപ്പെടേണ്ടതില്ല ഭൂമിയോ വീടോ നഷ്ടപ്പെടുന്നുണ്ടെങ്കിൽ RFCTLARR Act 2013 പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്. ഇങ്ങിനെ റോഡ് വരുന്ന തിനാൽ ഭാവിയിൽ വീടിനും സ്ഥലത്തിനും വികസനവും മൂല്യ വർദ്ധനവും ലഭിക്കുമെന്ന ഗുണമാണ് വന്നു ചേരുന്നത് (ആർ.ബി.ഡി.സി.കെ)
17	**സലിം, ഹൈദ്രോസ്, നാസർ, സെയ്ദു മുഹമ്മദ്**	തങ്ങളുടെ സ്ഥലം നിലമായിട്ടാണ് കിടക്കുന്നത്. റോഡിന്എടുത്തതി നുശേഷം ബാക്കിയുള്ള സ്ഥലം ഞങ്ങൾക്ക് കരഭൂമിയാക്കി തരുവാൻ താഴ്മയായി അപേക്ഷിക്കുന്നു.	ബന്ധപ്പെട്ട റവന്യു ഡിവിഷണൽ ആഫീസർ ക്ക്അപേക്ഷനൽകേണ്ടതാ ണ്. (എൽ.എ.ഓഫീസർ)
18	**ഡോ.എം.സി.ദിലീപ്കു മാർ** **ദീപക് .എൻ** 494/10 (23/16) 494/9 (08/04)	ടി സർവ്വേ നമ്പറുകളിൽ തങ്ങളുടെ രണ്ടുപേരുടെയും തുല്യാ വകാശത്തിൽഉള്ള 77 സെൻറിനു മുകളിൽ വിസ്തീർണ്ണമുള്ള സ്ഥല ത്തിൽ നിന്ന് ഏകദേശം	ബന്ധപ്പെട്ട റവന്യു ഡിവിഷണൽ ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

		പകുതിയോളം സ്ഥലം റോഡിനായി ഏറ്റെടുക്കണമെന്നാണ് മനസ്സിലാക്കുന്നത് ഏറ്റെടുത്തതിനു ശേഷം ബാക്കിയാകുന്ന സ്ഥലത്ത് വീട്/കൊമേർഷ്യൽ ആവശ്യത്തിനോ ഉപയോഗിക്കുവാനുള്ള അനുവാദം തരണമെന്ന് അപേക്ഷിക്കുന്നു. പ്രതിഫലം തങ്ങൾക്ക് രണ്ട് പേർക്കും തുല്യമായി തരണമെന്നും അഭ്യർത്ഥിക്കുന്നു	ഉടമസ്ഥതപരിശോധിച്ച് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്. (എൽ.എ.ഓഫീസർ)
19	**ഏലിയാമ്മ ജോസഫ് (സണ്ണി പാപ്പാളി–Late)** 59/98	എത്രയും വേഗം ഏറ്റെടുക്കൽ നടപടികൾ നടത്തുക. വിധവയായ താനും തൻെറ വിവാഹ പ്രായമായ രണ്ടു പെൺമക്കളും താമസിക്കുന്ന തങ്ങളുടെ വീട് 70 വർഷം പഴക്കമുള്ളതാണ്. റോഡിനു വേണ്ടിസ്ഥലംഏറ്റെടുക്കുന്നതിനാൽ വീടിൻെറ പുനരുദ്ധാരണംനടത്തിയിട്ടില്ല, കൂടാതെ പെൺമക്കളുടെ വിദ്യാഭ്യാസത്തിനും, വിവാഹത്തിനും വേണ്ടി സ്ഥലം ക്രയവിക്രയം ചെയ്യുവാനും കഴിഞ്ഞിട്ടില്ല. ആയതിനാൽ ബാക്കിയാകുന്ന സ്ഥലത്ത് ഉപാധികളില്ലാതെ വീട് വയ്ക്കുവാൻ അനുവദിക്കുമോ?	സാധ്യമായ വേഗത്തിൽ നടപടി പൂർത്തീകരിക്കുന്നതാണ് (എൽ.എ.ഓഫീസർ) വീടിൻെറ പുനരുദ്ധാരണം, ക്രയവിക്രയം എന്നിവ നടത്താൻ പാടില്ല എന്ന് നിബന്ധനയുള്ളത് 11(1) നോട്ടിഫിക്കേഷൻ വന്നതിന് ശേഷം മാത്രമാണ് (ആർ.ബി.ഡി.സി.കെ)
20	സജീർ 69/7 മുഹമ്മദ്	ആലുവ മഹിളാലയം ജംഗ്ഷനിൽ	RFCTLARR

	അഷറഫ് 69/5-2 ഫാ.ജെ.പൗലോസ് 68/7 അബ്ദുൾ ഹമീദ് 69/5 സുബൈർ 69/2 നസീമ മുഹമ്മദ്കുട്ടി 69/4 കെ.ആർ ബഷീർ 68/5 സൈനബ 68/6 മുഹമ്മദ് ഹാഷിം 69/4 അനൂപ് 69/8	താമസിക്കുന്നവരാണ് ഞങ്ങൾ 10 പേർ. കഴിഞ്ഞ 20 വർഷത്തോളമായി സീപോർട്ട് എയർപോർട്ട് റോഡുമായി ബന്ധപ്പെട്ട് വസ്തുവകകളും, വീടും ഉൾപ്പെടെ സ്ഥലം അടയാളപ്പെടുത്തുകയും പലതവണവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മാറി വരുന്ന ഒരു സർക്കാരിൽ നിന്നും നാളിതുവരെ യാതൊരുവിധ പുരോഗതിയും ഉണ്ടായില്ല. ശോചനീയമായ വീടിൻെറ അവസ്ഥ കൊണ്ടും, താമസ യോഗ്യമല്ലാതെ വാടകയ്ക്കും താമസം മാറിയവരും, കൃഷി ഉൾപ്പെടെ വരുമാന മാർഗ്ഗം നഷ്ടപ്പെടുന്നവരും ഈ കൂട്ടത്തിലുണ്ട്. ഈ അവസ്ഥയിൽ നിന്നും എത്രയും പെട്ടെന്ന് ഞങ്ങൾക്ക് ഒരു തീർപ്പുണ്ടാക്കി തരണമെന്ന് അപേക്ഷിക്കുന്നു. നിലവിൽ ഈ സ്ഥലത്തിന് 25,00,000.00 കമ്പോള വിലയുള്ളതും മതിയായ നഷ്ടപരിഹാരത്തിന് അർഹതപ്പെട്ടതുമാണ്.	Act-ൻെറപരിധിക്കകത്തു നിന്ന് സാധ്യമായതെല്ലാം നൽകുന്നതാണ്. (എൽ.എ.ഓഫീസർ) നേരത്തേ ഈ പദ്ധതിക്ക് ഫണ്ട് അനുവദിച്ചിരുന്നില്ല. അതുകൊണ്ടാണ് ഭൂമി ഏറ്റെടുക്കൽ നടപടി നടക്കാതെർ പോയത്. എന്നാൽ ഇപ്പോൾ കിഫ്ബിയുടെ ധന സഹായത്തോടെ ഈ പദ്ധതിക്ക് ഫണ്ട് അനുവദിച്ചതിനാൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. (ആർ.ബി.ഡി.സി.കെ)
21	**അബ്ദുൾ ജലീൽ സി.എം** 32/1-3 (ബ്ലോക്ക് നമ്പർ : 33)	ടി വസ്തുവിൻെറ ഉടമസ്ഥാവകാശം കായൽ മഠത്തിൽ മൊയ്തീൻകുട്ടി മകൻ ഫിബീഷ് ആണ്. അദ്ദേഹം ജോലി സംബന്ധമായി	വ്യക്തമായ അപേക്ഷ ആഫീസിൽ അയച്ചു തരുന്നമുറയ്ക്ക് ആയത് പരിശോധിച്ച്

		വിദേശത്താണ്.പറഞ്ഞിരിക്കുന്ന അഡ്രസ്സിൽ ലറ്റർ അയച്ചാൽ കിട്ടുന്നതല്ല.അതുകൊണ്ട് ടി വസ്തു സംബന്ധമായ കത്തുകളുംഭൂമിയുടെ നഷ്ടപരിഹാരവുംഭാര്യാപിതാവിൻെറ അഡ്രസ്സിൽ ലഭിക്കുന്ന രീതിയിൽ അയക്കുവാൻ അപേക്ഷിക്കുന്നു. അബ്ദുൾ ജലീൽ സി.എം ചുങ്കത്ത് വീട്, സൗത്ത് അടുവാശ്ശേരി.പി.ഒ, ചുങ്കം ജംഗ്ഷൻ, Nr.പെട്രോൾപമ്പ്, എറണാകുളം, ഫോൺ : 9349532064/0484-2474048	തീരുമാനം എടുക്കുന്ന താണ്. (എൽ.എ.ഓഫീസർ)
22	**ഗ്രേസി സേവ്യർ**	അണ്ടി കമ്പനി ബസ്റ്റോപ്പിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മീൻ കടയും സ്ഥലവും നഷ്ടമാകും. ടി സ്ഥലം ജംഗ്ഷനിലും ആണ് എന്നത് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ പരിഗണിക്കണം.	RFCTLARR Act-ൻെറപരിധിക്കകത്തു നിന്ന് സാധ്യമായനഷ്ടപരിഹാരം നൽകുന്നതാണ്. (എൽ.എ.ഓഫീസർ)
23	**റാണി ജോമി** 270/1-3 270/1-4	അണ്ടികമ്പനി ബസ്റ്റോപ്പിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മീൻ കടയും സ്ഥലവും നഷ്ടമാകും. ന്യായമായ നഷ്ടപരിഹാരം വേണം.	RFCTLARR Act-ൻെറപരിധിക്കകത്തു നിന്ന് സാധ്യമായ നഷ്ട പരിഹാരം നൽകു ന്നതാണ് (എൽ.എ.ഓഫീസർ)
24	**തങ്കപ്പൻ (S/o.കുഞ്ഞയ്യൻ)** 317/3 317/4	ടി സർവ്വേ നമ്പറുകളിലെ ഭൂമി 30.04.1987 ലെ കച്ചവട ഉടമ്പടി പ്രകരം പരേതനായ കുഞ്ഞപ്പനിൽ	വ്യവഹാരം തീർപ്പ് അനുസരിച്ച് നഷ്ടപരി ഹാരം നൽകുന്നതാണ്. (എൽ.എ.ഓഫീസർ)

		നിന്നും തൻെറ കൈവശമായതാണ് നിലവിൽ ടി സ്ഥലത്തിൻെറ കൈവശവകാശവുമായി ബന്ധപ്പെട്ട് താനും പരേതനായ കുഞ്ഞപ്പൻെറ അനന്തരാവകാശികളുമായികോടതി യിൽ വ്യവഹാരം നിലനിൽക്കുന്നു എന്ന് അറിയിക്കുന്നു.	
25	**ഗീത.കെ.ആർ** 556/4-6	നല്ല കായഫലമുള്ള 14 തെങ്ങ്, 2 മാവ് എന്നിവ നഷ്ടമാകുന്നുണ്ട്. 45 ദിവസം കൂടുമ്പോൾ 400 മുതൽ 450 വരെ തേങ്ങ കിട്ടു ന്നുണ്ട്. 100 വർഷമാണ് തെങ്ങി ൻെറ ആയുസ്സ്. ആയതിനാൽ ന്യായമായ നഷ്ടപരിഹാരം ലഭിക്കണം.	RFCT ARRനിയമപ്രകാരം ന്യായമായനഷ്ടപരിഹാരം നൽകുന്നതാണ് (എൽ.എ.ഓഫീസർ)
26	**വിശ്വനാഥൻ** സെക്രട്ടറി	കേരളചുമട്ട് തൊഴിലാളിയൂണിയൻ, അണ്ടി കമ്പനി പദ്ധതി ബാധിത മാകുന്ന കെട്ടിടത്തിൽ പ്രവർത്തി ക്കുന്ന തൃക്കുന്നത്ത് ഏജൻസീ സിലെ 14 തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നഷ്ടമാ കുന്നു. പുനരധിവാസ, പുന:സ്ഥാപന പാക്കേജിൽ ഉൾപ്പെടുത്തണം.	അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ആയത് പരിഗണനയ്ക്കായി ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുന്നതാണ് (എൽ.എ.ഓഫീസർ)
27	**അബ്ദുൾ ഖഫൂർ**	ഭൂരിഭാഗം സ്ഥലവും താഴ്ന്ന പ്രദേശമാണ്. റോഡ് നിർമ്മിക്കുന്നത് ബ്രിഡ്ജ്	മണ്ണിട്ട് നികത്തിയാണ് റോഡ് നിർമ്മിക്കുന്നത്.സമയബ

		പോലെ പൊക്കിയിട്ടാണോ, മണ്ണിട്ട് പൊക്കിയിട്ടാണോ, എത്ര കാലാവധി ആകും എന്ന് പറയണം, സമയത്തിന് നഷ്ട പരിഹാരം കിട്ടണം. പദ്ധതി എന്നത്തേയ്ക്ക് ആകും എന്നറിയണം.	ന്ധിതമായി നടപടി പൂർത്തീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്.RFCTLARR Act .പ്രകാരം നിയമാനുസരണമുള്ള നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതാണ് (ആർ.ബി.ഡി.സി.കെ)
28	**കുഞ്ഞുമുഹമ്മദ്** കാരോത്ത്കുഴി ഹോസ്പിറ്റൽ 114, 115, 116	പഴയ കല്ലിട്ടതിൻെറ അതിർത്തി വിട്ട് വീട് പണിതു. നിലവിൽ കല്ലിട്ടപ്പോൾ വീട് അകത്തായി.വീട് കഴിയുമെങ്കിൽ ഒഴിവാക്കി കിട്ടണം.	എല്ലാ വിധ ഘടകങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം ഏറ്റവും കുറഞ്ഞ സ്ഥലമെടുപ്പും, സാമൂഹ്യ ആഘാതവും, ചെലവും ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ കിഫ്ബി തലത്തിൽ പരിശോധനയ്ക്കു ശേഷം അലൈൻമെൻറ് അന്തിമമായി അംഗീകരിച്ചിട്ടുള്ളത്. അലൈൻമെൻറിൽ മാറ്റം വരുത്താൻ കഴിയാത്തതാണ്. നേരത്തേ കല്ലിട്ടതു പ്രകാരം തന്നെയാണ് ഇപ്പോഴും സ്ഥലം ഏറ്റെടുക്കുന്നത്

			ആയതിനാൽ പരാതി പരിഹരിക്കാൻ ബുദ്ധി മുട്ടുണ്ട്. (ആർ.ബി.ഡി.സി.കെ)
29	**സാദിഖ്, മേക്കാട്ഹൗസ്, അശോകപുരം**	40 സെൻറോളം സ്ഥലം പോകും കുറച്ച് ഭാഗം ബാക്കി വരുന്നു അത് ഏറ്റെടുക്കുമോ? ഉടമയ്ക്ക് കിട്ടുമോ? വില നിശ്ചയിക്കുന്നത് എങ്ങനെ എന്നറിയണം.	Injurious affection-ന് അപേക്ഷ ലഭിക്കുന്ന ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനം എടുക്കാവുന്നതാണ്. RFCTLARR Act-ൽ പറഞ്ഞപ്രകാരംവില നിശ്ചയിക്കുന്നതാണ് (എൽ.എ.ഓഫീസർ) എൽ.എ.ഓഫീസിൽ നിന്നും സർവ്വേ കഴിഞ്ഞാൽ മാത്രമേ കൃത്യമായി എത്ര സ്ഥലം പോകും ബാക്കി എത്ര വരും എന്ന് അറിയാൻ സാധിക്കുകയുള്ളൂ. (ആർ.ബി.ഡി.സി.കെ)
30	**ഷാനവാസ്**	വീടും സ്ഥലവും നിലം ആയിട്ടാണ് കിടക്കുന്നത്. തിരുത്താൻ അപേക്ഷ കൊടുത്തിട്ടുണ്ട്. അതിൻെറനടപടി യുണ്ടാകുവാൻ സഹായിക്കണം	ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസ ർക്ക് അപേക്ഷ നൽകുക. (എൽ.എ.ഓഫീസർ)ാ
31	**വി.വി.അനൂപ്**		

32	**കാസിം പി.ബി.**	12 സെൻറ് സ്ഥലം എടുത്തതിനു ശേഷം ബാക്കിഭാഗം ഉപയോഗശൂന്യ മാകും	Injurious affection-ന് അപേക്ഷ ലഭിക്കുന്ന ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്. (എൽ.എ.ഓഫീസർ)
33	**സജീവ് കെ.വി. ബ്ലോക്ക് നമ്പർ.60, സർവ്വെ നമ്പർ 105**	ആലുവ നേതാജി റോഡിൽ 9 വർഷമായി വീട് വച്ചു താമസിക്കുന്നു. ഗൾഫിൽ ജോലി ചെയ്ത് ലഭിച്ച ആകെയുള്ള സമ്പാദ്യമാണ് 10 സെൻറ് സ്ഥലവും വീടും. വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന കിഴക്ക് ഭാഗത്തുള്ള തരിശ് പാടത്തേക്ക് റോഡിൻെറ അലൈൻമെൻറ് അൽപ്പം മാറ്റിയാൽ വീട് നഷ്ടപ്പെടുന്നത് ഒഴിവാക്കാം. പ്രസ്തുത ഭാഗത്ത് റോഡിന് വരുന്ന അനാവശ്യമായ വളവ് ിവർത്തുവാനും സാധിക്കും. എൻെറ ഭാര്യ ക്യാൻസർ രോഗിയാണ്. ഈ അവസ്ഥയിൽ ഞങ്ങൾക്ക് വീട് കൂടി നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.	RFCTLARR Act 2013 പ്രകാരമുള്ള നഷ്ട പരിഹാരവും സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.448/2017/ആർ.ഡി തീയതി 29.12.2017 പ്രകാരം അർഹതയുള്ള വർക്ക് നിയമാനുസരണം ലഭിക്കേണ്ട ആർ.ആർ. പാക്കേജ് ലാൻറ് റവന്യൂ കമ്മിഷണറുടെ ഉത്തരവിന് വിധേയമായി ജില്ലാ കളക്ടർ അനുവദിച്ചു നൽകുന്നതാണ്. എല്ലാ വിധ ഘടകങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം ഏറ്റവും കുറഞ്ഞ സ്ഥലമെടുപ്പും, സാമൂഹ്യ ആഘാതവും, ചെലവും

			ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ കിഫ്ബി തലത്തിൽ പരിശോധനയ്ക്കു ശേഷം അലൈൻമെൻറ് അന്തിമമായി അംഗീകരിച്ചിട്ടുള്ളത്. അലൈൻമെൻറിൽ മാറ്റം വരുത്താൻ കഴിയാത്തതാണ്. നേരത്തേ കല്ലിട്ടതു പ്രകാരം തന്നെയാണ് ഇപ്പോഴും സ്ഥലം ഏറ്റെടുക്കുന്നത് ആയതിനാൽ പരാതി പരിഹരിക്കാൻ ബുദ്ധിമുട്ടുണ്ട്. (ആർ.ബി.ഡി.സി.കെ)
34	**സാലി, പാപ്പാളി ബ്ലോക്ക് നമ്പർ.59, റീസർവ്വെ നമ്പർ 96**	എനിക്ക് പാരമ്പര്യ സ്വത്തായി ലഭിച്ച 17.5 സെൻറ് ഭൂമിയിൽ സ്വന്തമായി വീട് നിർമ്മിക്കുവാൻ ആഗ്രഹിച്ചിരുന്നു.കഴിഞ്ഞ 21 വർഷമായി റോഡ് നിർമ്മാണത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിക്ക് വിധേയമാകും എന്നതിനാൽ ഇവിടെവീട് വയ്ക്കുന്നതിനോ, സ്ഥലം വിൽക്കുന്നതിനോ കഴിഞ്ഞില്ല. കഴിഞ്ഞ 10 വർഷമായി ഞാനും	RFCTLARR Act-ൻെറ പരിധിക്കുള്ളിൽ സാധ്യമായതെല്ലാം ചെയ്തു തരുന്നതാണ് (എൽ.എ.ഓഫീസർ) 11(1) വിജ്ഞാപനം വന്നതിനു ശേഷം മാത്രമേ ഏറ്റെടുക്കുന്ന ഭൂമി ക്രയവിക്രയം ചെയ്യാൻ തടസ്സമുള്ളൂ

		വിവാഹപ്രായമെത്തിയ 2 പെൺമക്കളും, പ്രായമായഅമ്മയും വാടക വീട്ടിൽ താമസിക്കുന്നു. ഭർത്താവിൻെറ ചികിത്സയ്ക്കും മക്കളുടെ വിദ്യാഭ്യാസത്തിനും സാമ്പത്തികമായി ഏറെ ക്ലേശിച്ചു. ഈ അവസരത്തിൽ ഭൂമി വിൽക്കുന്നതിന് കഴിഞ്ഞില്ല എന്നത് മാനസികമായും, സാമ്പത്തികമായും വല്ലാതെ വിഷമിപ്പിച്ചു. ആയതിനാൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിൽ വരണമെന്നും ഞങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ബുദ്ധിമുട്ടുകളും പരിഗണിച്ച് ന്യായമായ നഷ്ടപരിഹാരം നൽകണമെന്നും അപേക്ഷിക്കുന്നു.	(ആർ.ബി.ഡി.സി.കെ)
35	**ജോജി ആൻറണി ബ്ലോക്ക് നമ്പർ.33, സർവ്വെനമ്പർ 262/614/2**	ജോലി സംബന്ധമായി കുടുംബം മുംബൈയിൽ താമസിക്കുന്നു. നാട്ടിൽ വരുമ്പോൾ താമസിക്കുന്നതിന് നിർമ്മിച്ച വീടാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ മാനസികമായി വളരെ വിഷമമുണ്ട്. നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ന്യായമായ നഷ്ടപരിഹാരം നൽകുകയും വേണമെന്ന് അപേക്ഷി	RFCT LARR Act-ൻെറ പരിധിക്കകത്തുനിന്ന്സാധ്യമായനടപടിഎത്രയും വേഗം എടുക്കുന്നതാണ് (എൽ.എ.ഓഫീസർ) RFCTLARR Act2013 പ്രകാരം നിയമാനുസരണമുള്ള നഷ്ടപരിഹാരം, പുനരധിവാസ

		ക്കുന്നു.	പാക്കേജ് എന്നിവ ജില്ലാ കളക്ടർ/എൽ.എ.ഒ നിശ്ചയിച്ചു നൽകുന്നതും എറണാകുളം ജില്ലയുടെ സമഗ്രമായ വികസനവുമായി ബന്ധപ്പെട്ടതും ഗതാഗത കുരുക്കിന് ശാശ്വതമായ ഒരു പദ്ധതിയുമാണ്. സ്ഥലം ഏറ്റെടുത്ത് കൈമാറി കിട്ടിയാൽ നിർമ്മാണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. (ആർ.ബി.ഡി.സി.കെ)
36	**ഷീല ഫ്രാൻസീസ് 59/99**	അസീസീ ലൈനിലുള്ള തൻെറ വീടിൻെറ ഒരു മൂല നഷ്ടപ്പെടുന്ന വിധത്തിലായിരുന്നു നേരത്തെ കല്ലിട്ടിരിക്കുന്നത്. നിലവിലെ അലൈമെൻറ് പ്രകാരം വീട് പോകുമോ എന്നറിയണം.	എൽ.എ.ഒ. ഓഫീസിൽ നിന്നും സർവ്വേ നടപടികൾ പൂർത്തീ കരിച്ചതിനു ശേഷം ഇക്കാര്യത്തിൽ വ്യക്തത വരുന്നതാണ് .(ആർ.ബി.ഡി.സി.കെ)
37	ഇബ്രാഹിംകുട്ടി	ആലുവ-പെരുമ്പാവൂർ റൂട്ടിലാണ് വസ്തു. അവിടെ നഷ്ടമാകുന്ന കെട്ടിടം വാടകയ്ക്ക് കൊടുത്തിരി ക്കുകയാണ്. നഷ്ടപരിഹാരം	RFCT LARR Act-ൻെറ പരിധിക്കകത്തു നിന്നാണ് നടപടികൾ സ്വീകരിക്കുക (എൽ.എ.ഓഫീസർ)

		കണക്കാക്കുന്നത് എങ്ങിനെയാണ്? അവശേഷിക്കുന്ന സ്ഥലം ഉപയോഗിക്കാൻ കഴിയാതെ വന്നാൽ എങ്ങനെപരിഗണിക്കും.	അവശേഷിക്കുന്ന സ്ഥലം ഉപയോഗശൂന്യമാകുകയാണെങ്കിൽ; അതുകൂടി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ നൽകുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസരണ നടപടി സ്വീകരിക്കുന്നതാണ് (ആർ.ബി.ഡി.സി.കെ)
38	അബ്ദുൾ ലത്തീഫ്,ചൂർണ്ണിക്കര	ഹോളോ ബ്രിക്സ് യൂണിറ്റ് നടത്തുന്നു. ഈ സ്ഥലത്ത് നേരത്തെ ഇട്ടിരിക്കുന്ന കുറ്റിയിൽ നിന്നും വ്യത്യസ്തമായി അടുത്തിടെയായി പുതിയ കുറ്റിയിട്ടിട്ടുണ്ട്. കൃത്യമായ് ഏതായിരിക്കും അളവ് എന്നറിയണം. റോഡിൻെറ വീതി എത്ര മീറ്ററായിരിക്കും.	എൽ.എ.ഒ. ഓഫീസിലെ സർവ്വേ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം ഇക്കാര്യത്തിൽ വ്യക്തത വരുന്നതാണ്. റോഡിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത് 45 മീറ്റർ വീതിയിലാണ്. (ആർ.ബി.ഡി.സി.കെ)
39	**നൗഫൽ**	ഗോഡൗൺ ഉള്ള വസ്തുവിൻെറ ഉടമയാണ്.10-15 അടി മതിൽ നഷ്ടമാകുന്നു. നഷ്ടപരിഹാരം ലഭിക്കുമോ?	RFCTLARR Act2013 പ്രകാരം നിയമാനുസരണമുള്ള നഷ്ടപരിഹാരം നൽകും (എൽ.എ.ഓഫീസർ)
40	**പ്രതീഷ് ഐപ്പ്**	സ്ഥലം ബാങ്കിൽ പണയപ്പെടുത്തി	ബാങ്കിൻെറ കുടിശ്ശിക

		യിട്ടുണ്ട്. നഷ്ടപരിഹാരം നൽകുമ്പോൾ ബാങ്കുമായുള്ള ഇടപാട് എങ്ങനെയാണ് പരിഗണിക്കുക.	തീർത്തശേഷം ബാക്കി തുക ഉടമയ്ക്ക് നൽകും (എൽ.എ.ഓഫീസർ)
41	**അക്ബർ**	വീടും സ്ഥലവും പോകുന്നുണ്ട്. വീടിരിക്കുന്ന സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുരയിടമായി തിരുത്തുന്നതിന് സഹായിക്കണം.	ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർക്ക് അപേക്ഷ നൽകുക (എൽ.എ.ഓഫീസർ)
42	**ഷാനവാസ്**		
43	**ബിപിൻ**		
44	ജോജു ഫിലിപ്പ് & സോണി ജോയി	നേതാജി റോഡിലെ 6 വീട്ടുകാർ താമസിക്കുന്ന അപ്പാർട്ട്മെൻറിൽ നിലവിൽ ഇട്ടിരിക്കുന്ന കല്ല് അനുസരിച്ച് സെപ്റ്റിക്ക് ടാങ്ക്, കിണർ, പാർക്കിംഗ് നഷ്ടമാകും. തൊട്ടടുത്ത് ഉപയോഗിക്കാത്ത പാടം ഉണ്ട്. അലൈമെൻറ് ചെറുതായി മാറ്റിയാൽ അപ്പാർട്ട്മെൻറിന് ബുദ്ധിമുട്ടുണ്ടാകുകയില്ല.	എല്ലാ വിധ ഘടകങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം ഏറ്റവും കുറഞ്ഞ സ്ഥലമെടുപ്പും, സാമൂഹ്യ ആഘാതവും, ചെലവും ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ കിഫ്ബി തലത്തിൽ പരിശോധനയ്ക്കു ശേഷം അലൈൻമെൻറ് അന്തിമമായി അംഗീക രിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ അലൈൻമെൻറ് 2000ൽ തീരുമാനിച്ചതാണ് ആയത് മാറ്റുന്നത് പദ്ധതിയുടെ നടത്തിപ്പിന് ബാധിക്കുന്നതാണ് അലൈൻമെൻറിൽ മാറ്റം

			വരുത്താൻ കഴിയാത്തതാണ്.(ആർ.ബി.ഡി.സി.കെ)
45	**ജോസ് വർഗീസ്**	റോഡ് വരുന്നത് മണ്ണിട്ട് നികത്തിയാണോ? കോൺക്രീറ്റിട്ടാണോ?	മണ്ണിട്ട് നികത്തിയാണ് (ആർ.ബി.ഡി.സി.കെ)
46	**അനീഷ്കുമാർ പി.എസ്.**	അശോകപുരം-മനക്കപടി-തൈക്കാവ് റോഡിൻെറ ഭാഗത്ത് 7 വീട്ടുകാരുടെ സ്ഥലത്തും മറുവശത്തുള്ള പാടത്തും സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണവുമായ് ബന്ധപ്പെട്ട് 18 വർഷം മുൻപ് ആർ.ബി.ഡി.സി.കെ കല്ലിട്ടിട്ടുണ്ട്. സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഭാഗമായി അവിടെയുള്ള പഞ്ചായത്ത് റോഡ് വീതി കൂട്ടുവാനാണ് ടി കല്ലുകൾ ഇട്ടിരിക്കുന്നത് എന്ന് മനസിലാക്കുന്നു. ടി സ്ഥലങ്ങൾ ഇപ്പോൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നുണ്ടോ എന്നറിയണം	അലൈൻ മെൻറിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയും കെട്ടിടങ്ങളും ആണ് ഏറ്റെടുക്കുന്നത്. സർവ്വേ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം ഏറ്റെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് വ്യക്തത വരുന്നതാണ്. ഇതിനായി എൽ.എ ഓഫീസിൽ നിന്നും സർവ്വേയ്ക്കു ശേഷം അറിയിപ്പ് ലഭിക്കുന്നതാണ്. പഞ്ചായത്ത് റോഡുകൾ വീതി കൂട്ടുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ആർ.ബി.ഡി.സി.കെ)
47	**പി.കെ.ശശി 557/10**	നിലവിൽ കല്ലിട്ടിരിക്കുന്നത് പ്രകാരം സ്ഥലം ഏറ്റെടുക്കലിനുശേഷം വീട്ടിലേക്കുള്ള പ്രവേശനം നഷ്ടമാകും. മതിയായ	ഭൂമി ഏറ്റെടുക്കൽ മൂലം വീട്ടിലേയ്ക്കുള്ള പ്രവേശനം തടസ്സപ്പെടുത്തുന്നില്ലാത്ത

		പ്രവേശനമാർഗം ലഭിക്കണം.	താണ്. (ആർ.ബി.ഡി.സി.കെ)

അദ്ധ്യായം 4

സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ക്ക് വേണ്ടി അതായത് എൻ.എ.ഡി. കവല മുതൽ മഹിളാലയം കവല വരെയുള്ള റോഡ് നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. ഏറ്റെടുക്കപ്പെടുന്ന പ്രദേശങ്ങൾ ആലുവ, കണയന്നൂർ എന്നീ താലൂക്കുകളിലെ ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത് വില്ലേജുകളിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രദേശങ്ങൾ ചൂർണിക്കര, കീഴ്മാട്, എടത്തല പഞ്ചായത്തുകളിലും ആലുവ മുനിസിപ്പാലിറ്റിയിലും ഉൾപ്പെട്ടതാണ്. വ്യാപാര സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, വീടുകൾ എന്നിങ്ങനെ ധാരാളം നിർമ്മിതികൾ നിറഞ്ഞതാണ് ഈ പ്രദേശം. കൂടാതെ കൃഷിക്ക് ഉപയോഗിക്കുന്നതും അല്ലാത്തതുമായ ഒഴിഞ്ഞ സ്ഥലങ്ങളും ഈ പ്രദേശത്തുണ്ട്. നിർദ്ദിഷ്ട റോഡ് കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. ചെയിനേജ് 17+350 ൽ നിർദ്ദിഷ്ട റോഡ് പെരിയാർ നദിയിൽ നിന്നുമുള്ള ജലസേചന കനാലിനെ മുറിച്ച് കടക്കും.

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കൊച്ചി തുറമുഖവുമായി ഒരു മികച്ച ബന്ധപ്പെടുത്തലിലൂടെ പ്രദേശത്തെ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നത്. സീപോർട്ട്-എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിൻെറ നിർമ്മാണത്തിലൂടെ കൊച്ചി നഗരത്തിന് കൊച്ചി നഗരത്തിൻെറ പുറത്തുള്ള പ്രദേശങ്ങളുമായി മികച്ച രീതിയിലുള്ള ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ വരും വർഷങ്ങളിൽ ഉണ്ടാകുവാനിടയുള്ള വർദ്ധിച്ച ഗതാഗതത്തെ ലളിതമാക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോ പാർക്കിൽ നിന്നും സ്മാർട്ട്

സിറ്റിയിൽ നിന്നുമുള്ള യാത്രക്കാർക്ക് നിർദ്ദിഷ്ട റോഡിലൂടെ എയർപോട്ടിലേക്കും കൊച്ചി നഗരത്തിലേക്കും പ്രവേശിക്കുവാനാകും. എയർപോട്ട്-സീപോർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ യാത്രക്കാർക്ക് കൂടുതൽ സമയം നഷ്ടപ്പെടുത്താതെ വിമാനത്താവളത്തിലെത്തി ചേരുവാൻ കഴിയും. ദേശീയ പാത 544 ൽ നിന്നും എയർപോർട്ടിലേക്ക് എത്തുവാൻ കുണ്ടന്നൂർ ജംഗ്ഷനിൽ നിന്നോ വൈറ്റില ജംഗ്ഷനിൽ നിന്നോ പാലാരിവട്ടത്തു നിന്നോ എച്ച്.എം.ടി ജംഗ്ഷനിൽ നിന്നോ തിരിഞ്ഞ് സീപോർട്ട്-എയർപോർട്ട് റോഡിലൂടെ യാത്ര ചെയ്യുവാൻ കഴിയും.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള വൈറ്റില മൊബിലിറ്റി ഹബ്ബിനെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന ലിങ്ക് ആയിരിക്കും ഇത്.മഹിളാലയം വരെയുള്ള ടി റോഡ് പൂർത്തിയാകുമ്പോൾ തൃപ്പൂണിത്തുറയിലെയും തെക്കൻ കൊച്ചിയിലെയും ജനവാസ പ്രദേശങ്ങളും കൊച്ചിയിലെ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്റ്റ് പ്രദേശങ്ങളുമായുള്ള ബന്ധപ്പെടുത്തൽ മെച്ചപ്പെടുത്തും. നിർദ്ദിഷ്ട റോഡിനെ ചിത്രപുഴയിൽ പ്രവർത്തിക്കുന്ന ജല ഗതാഗത സംവിധാനവുമായി (IWT III-അമ്പലമുകൾ ബ്രാഞ്ച്) ബന്ധിപ്പിക്കുന്നതിലൂടെ ദേശീയ പാത 49 ഉം ദേശീയ പാത 47 മായുള്ള സുഗമമായി ബന്ധപ്പെടുത്തുവാൻ കഴിയും. വല്ലാർപാടം ടെർമിനലിൽ നിന്നുമുള്ള ചരക്ക് വാഹനങ്ങൾക്ക് കളമശേരിയിൽ നിന്ന് തിരിഞ്ഞ് എളുപ്പത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചേരുവാൻ കഴിയും. കൂടാതെ വടക്കൻ ദിശയിലേക്ക് പോകുന്ന വാഹനങ്ങൾക്ക് വേണ്ടി ഗതാഗത ആധിക്യമുള്ള കളമശേരി മുതൽ അത്താണി വരെയുള്ള റോഡിന് ഒരു ബൈപാസ് ആയിരിക്കും.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

എൻ.എ.ഡി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെ 6.60 കി.മീ നീളത്തിലാണ് നിർദ്ദിഷ്ട 4 വരി പാത നിർമ്മിക്കുന്നത്. പദ്ധതിക്ക് ആവശ്യമായ് വരുന്നത് 30.3590 ഹെക്ടർ സ്ഥലമാണെന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാ ഫോറം (ഫോറം നമ്പർ 2) വെളിപ്പെടുത്തുന്നു.

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പ്രദേശത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ക്രെസൻറ് പബ്ലിക് സ്കൂളിൻെറ ഓഡിറ്റോറിയം, കായികപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന മൈതാനം മുതലായ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി വസ്തുവകകൾ നഷ്ടമാകുന്നതിലൂടെ സ്കൂളിൻെറ പ്രവർത്തനാനുമതി നിഷേധിക്കപ്പെടുവാൻ സാധ്യതയുണ്ടെന്ന് സ്കൂൾ അധികൃതർ ആശങ്കപ്പെടുന്നു

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പദ്ധതിയ്ക്ക് വേണ്ടി ഭൂമിയൊന്നും വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ ചെയ്തിട്ടില്ല. സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടംIIൽ സെക്ഷൻ എ യുടെ 2, 3 പാക്കേജുകളായ എൻ.എ.ഡി. ജംഗ്ഷൻ മുതൽ അസീസി ജംഗ്ഷൻ വരെയും അസീസി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുമുള്ള നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ.

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

ചൂർണ്ണിക്കര വില്ലേജിലെ ബ്ലോക്ക് നമ്പർ 34 ലെ 42 സർവ്വെ നമ്പറുകളിൽ നിന്നും, കീഴ്മാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 33 ലെ 45 സർവ്വെ നമ്പറുകളിൽ നിന്നും, ആലുവ വെസ്റ്റ് വില്ലേജിലെ 59, 60 ബ്ലോക്ക് നമ്പറുകളിലെ യഥാക്രമം11, 3 സർവ്വെനമ്പറുകളിൽ നിന്നും തൃക്കാക്കര നോർത്ത് വില്ലേജിലെ ബ്ലോക്ക് നമ്പർ 6 ലെ 3 സർവ്വെനമ്പറുകളിൽ നിന്നുമാണ് നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ. പദ്ധതി പ്രദേശങ്ങൾ ചൂർണിക്കര, കീഴ്മാട്, എടത്തല എന്നീ പഞ്ചായത്തുകളിലും, ആലുവ മുനിസിപ്പാലിറ്റിയിലും ഉൾപ്പെടുന്നു.

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ 192 ഉടമകളുടെ വസ്തുക്കളിൽ 105 ഉടമകളുടെ സ്ഥലങ്ങൾ "നിലം" വിഭാഗത്തിലും 83 എണ്ണം"പുരയിടം"

വിഭാഗത്തിലും 4 എണ്ണം"നിലം നികർത്ത് പുരയിടം" വിഭാഗത്തിലും പെടുന്നു.കച്ചവടം, കാർഷികം, ജനവാസം എന്നീ ആവശ്യങ്ങൾക്കായി നിർദ്ദിഷ്ട ഭൂമി ഉപയോഗിക്കുന്നു. നിലവിൽ ഉപയോഗിക്കാത്ത തുറസായ സ്ഥലങ്ങളും പദ്ധതിബാധിത പ്രദേശത്തുണ്ട്. പദ്ധതി ബാധിതമാകുന്ന 192 വസ്തുക്കളിൽ 65 എണ്ണം നിലവിൽ പ്രത്യേകമായി ഉപയോഗിക്കപ്പെടാത്ത തരിശുഭൂമിയാണ്. 69 എണ്ണം കാർഷിക ആവശ്യത്തിനും, 47 എണ്ണം താമസത്തിനും,8 എണ്ണം കച്ചവട ആവശ്യത്തിനും 1 എണ്ണം സ്ക്കൂൾ ആവശ്യ ത്തിനും ഉപയോഗിക്കുന്നു.

നെൽകൃഷി പോലെയുള്ള പ്രധാന കൃഷികൾ നിലവിൽ ചെയ്യുന്ന ഭൂമി ഒന്നും തന്നെ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും ധാരാളം തെങ്ങുകളുള്ളതും, കപ്പ, വാഴ തുടങ്ങിയ ഇടവിളകൃഷി ചെയ്യുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന ഭൂമിയിലുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പഠനവിധേയമാക്കിയ കുടുംബ ങ്ങളിൽ19 കുടുംബങ്ങളുടെ തെങ്ങിൻ തോപ്പും (10 ഉം അതിലധികവും തെങ്ങുകൾ), 25 കുടുംബങ്ങളുടെ വാഴകൃഷിയും, 9 കുടുംബങ്ങളുടെ കപ്പ കൃഷിയും, 6 കുടുംബങ്ങളുടെ പച്ചക്കറി തോട്ടവും 2 കുടുംബങ്ങളുടെ കവുങ്ങ് തോട്ടവും 1 കുടുംബത്തിൻെറ ജാതി തോട്ടവുംപദ്ധതിബാധിതഭൂമിയിലുണ്ട്.

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 192 വസ്തുക്കളുടെ ഉടമകൾക്ക്പദ്ധതിബാധിത പ്രദേശത്ത് ആകെ കൈവശമായ ഭൂമിയെക്കുറിച്ച് പ്രസ്തുത കുടുംബങ്ങൾ സർവ്വെയിൽ പങ്ക് വച്ച വിവരങ്ങൾ ചിത്രം 4.8.1.ൽ നൽകിയിരിക്കുന്നു.

ചിത്രം 4.8.1: കുടുംബങ്ങൾക്ക് കൈവശമായ ഭൂമിയുടെ അളവ്



പദ്ധതി ബാധിതമാകുന്ന 192ഉടമകളിൽ 15 ഉടമകൾക്ക് 5 സെൻറിൽ താഴെയും, 52 ഉടമകൾക്ക് 5–15 സെൻറും, 34 ഉടമകൾക്ക് 15–25 സെൻറും, 13 ഉടമകൾക്ക് 25–35 സെൻറും, 22 ഉടമകൾക്ക് 35–50 സെൻറും സ്ഥലം ആണ് കൈവശമായിട്ടുള്ളത് എന്ന് മുകളിൽ നൽകിയിരിക്കുന്ന ചിത്രം സൂചിപ്പിക്കുന്നു. 50 സെൻറിനും 75 സ്ൻറിനും ഇടയിൽ സ്ഥലമുള്ള 10 ഉടമകളും 75 സെൻറിനും 100 സെൻറിനും ഇടയിൽ സ്ഥലമുള്ള 18 ഉടമകളും ഉണ്ട്. 13 കുടുംബങ്ങൾക്ക് 1 ഏക്കറിന് മുകളിൽ സ്ഥലം ഉണ്ട്. 15 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ 192 പദ്ധതി ബാധിത വസ്തുക്കളിൽ 25 എണ്ണം കൂട്ടുടമസ്ഥതയിലുള്ളതാണ്.

ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള 35 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള വീടുകൾ പൂർണ്ണമായോ ഭാഗികമായോ പദ്ധതിബാധിതമാകും.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ച്, 6 വസ്തുക്കളിൽ ഒഴിച്ച് ഏറ്റെടുക്കപ്പെടുന്ന മറ്റ് വസ്തുക്കളിൽ കഴിഞ്ഞ 3 വർഷ കാലയളവിൽ യാതൊരുവിധ വ്യവഹാരങ്ങളും

നടന്നിട്ടില്ല. ഏറ്റെടുക്കപ്പെടുന്ന 6 വസ്തുക്കളുടെ ഉടമകൾക്ക് ടി ഭൂമി കഴിഞ്ഞ 3 വർഷ കാലയളവിലാണ് തങ്ങളുടെ പൂർവ്വികരിൽ നിന്ന് നിയമപരമായി കൈവശമായത്.

നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഉപയോഗം വിലയിരുത്തുമ്പോൾ കച്ചവടം, കാർഷികം, ജനവാസം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് കാണാവുന്നതാണ്.

പദ്ധതിബാധിതമാകുന്ന 192 വസ്തുക്കളിൽ 65 എണ്ണം നിലവിൽ പ്രത്യേകമായി ഉപയോഗിക്കപ്പെടാത്ത തരിശുഭൂമിയാണ്. 69 എണ്ണം കാർഷിക ആവശ്യത്തിനും, 47 എണ്ണം താമസത്തിനും, 8 എണ്ണം കച്ചവട ആവശ്യത്തിനും 1 എണ്ണം സ്ക്കൂൾ ആവശ്യത്തിനും ഉപയോഗിക്കുന്നു.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷആഘാതബാധിതരായും ഉപജീവന ത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതി ഘട്ടംII സെക്ഷൻ എ പാക്കേജ് 2 &3 നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ ആഘാത ബാധിത കുടുംബങ്ങ ളുണ്ടെന്ന് മനസിലാക്കുന്നു.

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതി ഘട്ടംII സെക്ഷൻ എ പാക്കേജ് 2 &3 നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ സർവ്വെ നമ്പറുകൾ, ബ്ലോക്ക് നമ്പറുകൾ, വില്ലേജ്, താലൂക്ക് എന്നീ വിവരങ്ങൾ വെളിപ്പെടുത്തി ക്കൊണ്ട് 20/03/2020 തീയതിയിൽ കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച വിജ്ഞാപനം G.O.(P)No.30/2020/RD ഏപ്രിൽ 7, 2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ:1047 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 30.3590 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് ആവശ്യമായ് വരുന്നത് എന്ന് ടി വിജ്ഞാപനം പറയുന്നു. പദ്ധതി ബാധിതമാകുന്ന 192 വസ്തുക്കളുടെ ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങൾ അനുബന്ധം 8 ൽ നൽകിയിരിക്കുന്നു.

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്നതോ പ്രത്യേക വനവകാശ നിയമത്തിൽ കീഴിൽ വരുന്നതോ ആയ കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതു വിഭവങ്ങൾ പദ്ധതിബാധിതമാകുന്നില്ല

5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിപ്രദേശത്ത് കടകൾ, വർക് ഷോപ്പ്, സിമൻറ് ഗോഡൗൺ, മെറ്റൽ ക്രെഷർ യൂണിറ്റ്എന്നിവയുംഏതാനും സ്ഥലങ്ങളിൽ കൃഷിയും ഉണ്ട്. പ്രദേശത്ത് കച്ചവടം ചെയ്യുന്ന വരും, പദ്ധതി ബാധിതമാകുന്ന കടകൾ/കെട്ടിടങ്ങൾ വാടകക്ക് നൽകിയിരിക്കുന്ന ഉടമകളും കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്ന ഉടമകളും പ്രദേശത്ത് നിന്നും ലഭിക്കുന്ന വരുമാനം തങ്ങളുടെ കുടുംബത്തിൻെറ പ്രധാന വരുമാനമാണെന്ന് സർവ്വെയിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷമോ അതിലധികമോ ആയ വാടകയ്ക്ക് പ്രവർത്തിക്കുന്ന 9 വ്യക്തികളെയും പദ്ധതി ബാധിതമാകുന്ന സിമെൻറ് ഗോഡൗണിൽ

(തൃക്കുന്നത്ത് ഏജൻസീസ്) ജോലി ചെയ്യുന്ന 14 തൊഴിലാളികളെയുമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന് കണ്ടെത്തുവാൻ കഴിഞ്ഞത്.

പട്ടിക 5.6.1.1. 3 വർഷമോ അതിലധികമോ ആയ വാടകക്കാർ

ക്രമനമ്പർ	പേരും വിലാസവും
1	നാദിർഷ പള്ളിക്കുഴി ഹൗസ് തോട്ടുമുഖം.പി.ഒ, ആലുവ
2	ജെൻസി എർളിത്തറ ഹൗസ് പാപ്പാളി ലെയ്ൻ, അസ്സിസി, ആലുവ
3	സജിദ്.വി.എം വെള്ളുകുഴിയിൽ ഹൗസ് എടയപ്പുറം, ആലുവ
4	ഇബ്രാഹിം കല്ലുവെട്ടിപ്പറമ്പിൽ എടയപ്പുറം, ആലുവ
5	സനീറ പുത്തൻമാളിയേക്കൽ ഹൗസ് തോട്ടുമുഖം.പി.ഒ, ആലുവ
6	മൊയ്ദീൻകുഞ്ഞ് നെടുവത്ത് ഹൗസ് മഹിളാലയം ജംഗ്ഷൻ തോട്ടുമുഖം.പി.ഒ, ആലുവ
7	സജി വർഗീസ് ചക്കച്ചാലിൽ ഹൗസ് ചുണങ്ങംവേലി, ഏരുമത്തല.പി.ഒ, ആലുവ
8	ജോയിവർഗീസ് തൃക്കുന്നത്ത് ഏജൻസീസ് സിമെൻറ് ഗോഡൗൺ
9	ചെന്താമരൻ ആർ. പുളിപ്പറമ്പ് ഹൗസ് നെന്മാറ, പാലക്കാട്

പട്ടിക 5.6.1.2. 3 വർഷമോ അതിലധികമോ ആയ തൊഴിലാളികൾ

ക്രമനമ്പർ	പേര്
1	വിശ്വനാഥൻ.എം.പി
2	ടോമി എം.പി
3	ബെന്നി.എം.പി
4	ലൂയിസ് പി.വി
5	ഡൊമ്മിനി.പി.വി
6	ഹെൻട്രി.പി.വി
7	മനോജ്.പി.വി
8	കാർത്തികേയൻ.പി.കെ
9	അംബുജാക്ഷൻ.പി.കെ
10	പോൾസൺ.കെ.ആർ
11	ദിനേശ്.പി.എ
12	ആൻറണി.പി.ഒ
13	ചന്ദ്രൻ വി.എ (ബോപി)
14	ഫ്രാൻസിസ്.കെ.സി (ജെയിംസ്)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

കുടുംബങ്ങൾ കൃഷി, കച്ചവടം, താമസം എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളും നിലവിൽ ഉപയോഗിക്കപ്പെടാത്ത തുറസായ സ്ഥലങ്ങളും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. നെൽകൃഷി പോലെയുള്ള പ്രധാന കൃഷികൾ ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ നിലവിൽ നടക്കുന്നില്ല. എന്നിരുന്നാലും ധാരാളം തെങ്ങുകളുള്ളതും, കപ്പ, വാഴ തുടങ്ങിയ ഇടവിള കൃഷി ചെയ്യുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന ഭൂമിയിലുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പഠന വിധേയമാക്കിയ കുടുംബങ്ങളിൽ 19 കുടുംബങ്ങൾക്ക് തെങ്ങിൻ തോപ്പും (10 ഉം അതിലധികവും തെങ്ങുകൾ), 25 കുടുംബങ്ങൾക്ക് വാഴകൃഷിയും, 9 കുടുംബങ്ങൾക്ക് കപ്പ കൃഷിയും, 6 കുടുംബങ്ങൾക്ക് പച്ചക്കറി തോട്ടവും, 2 കുടുംബങ്ങൾക്ക് കവുങ്ങ് തോട്ടവും, 1 കുടുംബത്തിന് ജാതി തോട്ടവും പദ്ധതിബാധിതമാകുന്ന സ്ഥലത്ത് ഉണ്ട്. കൂടാതെ പ്രദേശത്ത് നിലവിലുള്ള ഏകദേശം 1330 വൃക്ഷങ്ങൾ പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റേണ്ടി വരും. പദ്ധതി

ബാധിത പ്രദേശത്ത് നിൽക്കുന്ന വൃക്ഷങ്ങളുടെ പേരും ഏകദേശ എണ്ണവും പട്ടിക 5.6.2.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 5.6.2.1 : പദ്ധതിബാധിതമായേക്കാവുന്ന വൃക്ഷങ്ങൾ

വൃക്ഷത്തിൻെറ പേര്	**ഏകദേശ എണ്ണം**
പ്ലാവ്	93
കവുങ്ങ്	207
തേക്ക്	62
തെങ്ങ്	474
മാവ്	50
മഹാഗണി	4
ജാതി	169
മാംഗോസ്റ്റിൻ	5
ആഞ്ഞിലി	20
മറ്റ് വൃക്ഷങ്ങൾ	246
ആകെ	**1330**

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

പദ്ധതിപ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യ പശ്ചാത്തലം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് പദ്ധതി ബാധിത പ്രദേശത്ത് നടത്തിയ സർവ്വെയിൽ കണ്ടെത്തിയ 192 വസ്തുക്കളിൽ 47 വസ്തുക്കൾ ഉടമകൾ താമസ ആവശ്യത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് മനസിലാക്കുന്നു. പ്രസ്തുത സ്ഥലങ്ങളിൽ താമസിക്കുന്ന 49 കുടുംബങ്ങൾ സന്ദർശിച്ച് മുൻപേ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം പഠിച്ചു. പ്രസ്തുത കുടുംബങ്ങളുടെ വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

സീപോർട്ട്-എയർപോർട്ട് റോഡ് ഘട്ടം II, സെക്ഷൻ എ പാക്കേജ് 2 & 3 നിർമ്മാണത്തിനു വേണ്ടിഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകളിൽ പദ്ധതിപ്രദേശത്ത് താമസിക്കുന്ന 49 കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിവരിക്കുന്നു.

ചിത്രം 6.1.1. പദ്ധതി പ്രദേശത്തെപദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യ



പദ്ധതി പ്രദേശത്തെ പദ്ധതി ബാധിതകുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ ആകെ ജനസംഖ്യയായ 213 ൽ109 (51%) പുരുഷന്മാരും 104 (49%)സ്ത്രീകളുമാണ് എന്ന് ചിത്രം6.1.1 വ്യക്തമാക്കുന്നു.

ചിത്രം 6.1.2–ൽ പദ്ധതി പ്രദേശത്തെപദ്ധതി ബാധിത കുടുംബാംഗങ്ങളുടെ വയസ്സ്



പദ്ധതിബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയായ 213 ൽ 44 പേർ 0–18 പ്രായ വിഭാഗത്തിലും 59 പേർ 19–35 പ്രായവിഭാഗത്തിലും ഉള്ളവരാണ്. 36–45 പ്രായത്തിലുള്ള 30 കുടുംബാംഗങ്ങളും 46–59 പ്രായത്തിലുള്ള 42 കുടുംബാംഗങ്ങളും ഉണ്ട്. 60 വയസിനു മുകളിലുള്ള 38 വയോജനങ്ങളിൽ 25 പേർ 60–70 പ്രായവിഭാഗത്തിലും 11 പേർ 71–80 പ്രായവിഭാഗത്തിലും ശേഷിക്കുന്ന 2 പേർ 80 വയസിന് മുകളിൽ പ്രായമുള്ളവരുമാണ്.

പദ്ധതി പ്രദേശത്തെപദ്ധതി ബാധിത *കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം*

ചിത്രം6.1.3.* പദ്ധതി പ്രദേശത്തെ*പദ്ധതിബാധിത കുടുംബങ്ങളുടെ മതം



പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും അതായത് 22 കുടുംബങ്ങൾ (45%) മുസ്ലീം മതത്തിലും 10 കുടുംബങ്ങൾ (20.4%) ഹിന്ദുമതത്തിലും ശേഷിച്ച 17 കുടുംബങ്ങൾ (35%) ക്രിസ്തുമതത്തിലും ഉള്ളവരാണ്.

ചിത്രം 6.1.4. പദ്ധതി പ്രദേശത്തെപദ്ധതി ബാധിതകുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം



പദ്ധതിയുടെ ആഘാതബാധിതരായ 30 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും, 18 കുടുംബങ്ങൾ പൊതു വിഭാഗത്തിലും 1 കുടുംബം പട്ടിക ജാതിയിലും ഉൾപ്പെടുന്നു എന്ന് ചിത്രം 6.1.4.-ൽ കാണിക്കുന്നു.

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പൊതുവിതരണ സംവിധാനമനുസരിച്ച് 2 കുടുംബങ്ങൾക്ക് പിങ്ക് റേഷൻ കാർഡും, 22 കുടുംബങ്ങൾക്ക് നീലയും 22കുടുംബങ്ങൾക്ക് വെള്ളയും1കുടുംബത്തിന്മഞ്ഞ റേഷൻ കാർഡുമാണ് കൈവശമായിട്ടുള്ളത്. 2 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭ്യമല്ല

പട്ടിക6.2.1. പദ്ധതി പ്രദേശത്തെപദ്ധതി ബാധിതകുടുംബങ്ങളുടെ മാസവരുമാനവും ചെലവും

തുക (രൂപയിൽ)	**മാസവരുമാനം. കുടുംബങ്ങളുടെ എണ്ണം**	**ചെലവ് കുടുംബങ്ങളുടെ എണ്ണം**
1000-5000	3	3
5001-10000	4	11
10001-15000	13	13
15001-25000	10	7
25001-30000	11	4
30001-40000	6	1
40001-50000	3	1

50001-75000	2	0
75001-1 ലക്ഷം	2	1
1 ലക്ഷത്തിന് മുകളിൽ	**1**	**0**

പദ്ധതിബാധിത കുടുംബങ്ങൾക്ക് 1 മാസത്തിൽ ലഭിക്കുന്ന വരുമാനവും 1 മാസം ചെലവഴിക്കുന്ന തുകയും പട്ടിക 6.2.1. താരതമ്യം ചെയ്യുന്നു. പദ്ധതിബാധിത കുടുംബങ്ങളിൽ 3 കുടുംബങ്ങളുടെ വരുമാനവും ചെലവും 1000–5000 രൂപക്കും ഇടയിലാണ്. 4 കുടുംബങ്ങൾക്ക് 5001 നും 10000- നുമിടയിൽ മാസ വരുമാനം ഉണ്ട്. അത്രയും തന്നെ ചെലവഴിക്കുന്ന കുടുംബങ്ങളുടെ എണ്ണം 11 ആണ്. 10001നും 15000-ത്തിനും ഇടയിൽ വരുമാനവും ചെലവുമുള്ള13 കുടുംബങ്ങൾ വീതമുണ്ട്. 15001നും 25000-ത്തിനും ഇടയിൽ മാസ വരുമാനമുള്ള 10കുടുംബങ്ങളും അത്രയും തുക ചെലവഴിക്കുന്ന 7 കുടുംബങ്ങളുമാണുള്ളത്. 2 കുടുംബങ്ങളും, 4 കുടുംബങ്ങളും 25001നും 30000-ത്തിനും ഇടയിലുമുള്ള തുക യഥക്രമം വരുമാനം നേടുകയും ചെലവഴിക്കുകയും ചെയ്യുന്നു. 30001നും 40000 ത്തിനും ഇടയിൽ വരുമാനം നേടുകയും ചെലവഴിക്കുകയും ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം യഥാക്രമം 6 ഉം 1 ഉം ആണ്. 3 കുടുംബങ്ങൾക്ക് 40001നും 50000-ത്തിനും ഇടയിൽ വരുമാനം ലഭിക്കുമ്പോൾ 1 കുടുംബം അത്രയും തുക ചെലവഴിക്കുന്നു. 50001നും 75001 നും ഇടയിലും 75001നും 100000-ത്തിനും ഇടയിലും മാസ വരുമാനം നേടുന്ന 2 കുടുംബങ്ങൾ വീതവും 1 ലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനമുള്ള 1 കുടുംബവും പദ്ധതി ബാധിതരും പ്രദേശവാസികളുമായവരിലുണ്ട്.

6.3 ദുർബ്ബലജനവിഭാഗം

ആഘാത ബാധിതരും പ്രദേശവാസികളുമായ ജനസംഖ്യയിൽ 44 വ്യക്തികൾ 18 വയസ്സിൽ താഴെയുള്ള കുട്ടികളും 38 വ്യക്തികൾ 60 വയസ്സിന് മുകളിലുള്ള വയോജനങ്ങളുമാണ്. ടി കുടുംബങ്ങളിൽ 10 വിധവകളും 1 വിഭാര്യനും ഉണ്ട്. കൂടാതെ വിവാഹ ബന്ധം വേർപിരിഞ്ഞു താമസിക്കുന്ന വികലാംഗയായ 1 യുവതിയും പദ്ധതിബാധിത കുടുംബത്തിലുണ്ട്. പദ്ധതിബാധിത കുടുംബങ്ങളിലെ 17 അംഗങ്ങൾ ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾ, ക്യാൻസർ മുതലായ രോഗബാധിതരാണ്. ഇവരിൽ വീട് പദ്ധതി ബാധിതമാകുന്ന

ക്യാൻസർ രോഗബാധിതയായ ഉടമയും ഉൾപ്പെടുന്നു. പദ്ധതി ബാധിത കുടുംബങ്ങളിൽ 1 കുടുംബം പട്ടിക ജാതി വിഭാഗത്തിൽ പെട്ടതാണ്.

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഉപയോഗം വിലയിരുത്തുമ്പോൾ കച്ചവടം, കാർഷികം, ജനവാസം എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് കാണാവുന്നതാണ്. നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന തുറസായ സ്ഥലങ്ങളും പദ്ധതി പ്രദേശത്തുണ്ട്. സർവ്വെയിൽ പങ്കെടുത്ത 192 ഭൂവുടമകളിൽ 34 കുടുംബങ്ങൾ പദ്ധതി മൂലം തങ്ങളുടെ പ്രധാന വരുമാനമാർഗം നഷ്ടമാകും എന്ന് വ്യക്തമാക്കി. ഇവരിൽ 3 ഉടമകളുടെ കച്ചവടവും,2 ഉടമകളുടെ വർക്ക്ഷോപ്പ്, 1 ഉടമയുടെ മെറ്റൽ ക്രെഷർ യൂണിറ്റ് 20 കുടുംബങ്ങൾക്ക് കൃഷി ഭൂമിയിൽ നിന്നുമുള്ള വരുമാനവും, കന്നുകാലി തൊഴുത്ത് പദ്ധതിബാധിതമാകുന്ന 1 കുടുംബത്തിന് പശു വളർത്തലിൽ നിന്നും ലഭിക്കുന്ന വരുമാനവും 7 കുടുംബങ്ങൾക്ക് പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളുടെ വാടക ഇനത്തിലുള്ള വരുമാനവുമാണ് നഷ്ടമാകുന്നത്. ടി ഉടമകളെ കൂടാതെ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 9 വ്യക്തികളുടെയും പദ്ധതി ബാധിതമാകുന്ന കടകളിൽ/സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 14 തൊഴിലാളികളുടെയും ഉപജീവനമാർഗം നഷ്ടമാകും.

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി പ്രദേശത്ത് കടകളും കച്ചവട സ്ഥാപനങ്ങളും ഉണ്ട്. കൂടാതെ തെങ്ങ്, കപ്പ, ജാതി തുടങ്ങിയ കൃഷികളുള്ള കൃഷിഭൂമിയും ഉണ്ട്. പ്രദേശത്തെ 6 കടകളും2 വർക്ക് ഷോപ്പുകളും 1 സിമൻറ് ഗോഡൗണും 1 മെറ്റൽ ക്രെഷർ യൂണിറ്റും 34 കുടുംബങ്ങളുടെ കൃഷിഭൂമിയും പദ്ധതിബാധിതമാകുന്നുണ്ട്.

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി പ്രദേശത്ത് കടകളും, കൃഷിഭൂമിയും, തരിശ് ഭൂമിയും ഉണ്ട്. പദ്ധതി പ്രദേശത്ത് കടകളും കച്ചവട സ്ഥാപനങ്ങളും ഉണ്ട്. കൂടാതെ തെങ്ങ്, കപ്പ, ജാതി തുടങ്ങിയ കൃഷികളുള്ള കൃഷിഭൂമിയും ഉണ്ട്. പ്രദേശത്തെ 5 കടകളും 2 വർക്ക് ഷോപ്പുകളും 1

സിമൻറ് ഗോഡൗണും 1 മെറ്റൽ ക്രെഷർ യൂണിറ്റും പദ്ധതി ബാധിതമാകുന്നുണ്ട്. പ്രദേശ വാസികളും പദ്ധതി ബാധിതരുമായ കുടുംബങ്ങളിൽ കുടുംബങ്ങളിൽ 19 കുടുംബങ്ങൾക്ക് തെങ്ങിൻ തോപ്പും (10 ഉം അതിലധികവും തെങ്ങുകൾ), 25 കുടുംബങ്ങൾക്ക് വാഴകൃഷിയും, 9 കുടുംബങ്ങൾക്ക് കപ്പ കൃഷിയും, 6 കുടുംബങ്ങൾക്ക് പച്ചക്കറി തോട്ടവും, 2 കുടുംബങ്ങൾക്ക് കവുങ്ങ് തോട്ടവും, 1 കുടുംബത്തിന് ജാതി തോട്ടവും 3 കുടുംബങ്ങളുടെ പശുതൊഴുത്തും പദ്ധതി ബാധിതമാകുന്ന സ്ഥലത്ത് ഉണ്ട്.

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പ്രദേശത്തെ ഭൂരിഭാഗം ആഘാത ബാധിത കുടുംബങ്ങളും അണുകുടുംബങ്ങളാണ്. പദ്ധതി ബാധിത പ്രദേശത്തെ സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

6.8 ഭരണ സംഘടനകൾ

പദ്ധതി മൂലം ഭരണ സംഘടനകൾ യാതൊന്നും ആഘാത ബാധിതമാകുന്നില്ല.

6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

ഇത്തരത്തിലുള്ള സംഘടനകൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

രാജ്യത്തെ വളരെ വേഗത്തിൽ വികസനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ടയർ II നഗരങ്ങളിൽ ഒന്നാണ് കൊച്ചി. കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിലൊന്നായ നെടുമ്പാശ്ശേരിയിൽ 1999ൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം നിലവിൽ വന്നത് കൊച്ചിയുടെ വികസനത്തിൽ ഒരു നാഴികകല്ലായി. കൂടാതെ മെട്രോ റെയിലും ഒരു വ്യവസായിക നഗരമായുള്ള കൊച്ചിയുടെ വളർച്ചയും കൊച്ചിയുടെ മുഖഛായ മാറ്റി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഉൾപ്പടെയുള്ള നൂതന സംവിധാനങ്ങൾ ജനങ്ങളുടെ സഞ്ചാരം, ചരക്ക്

വാഹന ഗതാഗതം എന്നിവയ്ക്കായി മികച്ച റോഡ് സൗകര്യങ്ങളുടെ ആവശ്യകതയ്ക്ക് വഴിതെളിച്ചു.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

സീപോർട്ട്-എയർപോർട്ട്റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ക്ക് വേണ്ടി അതായത് എൻ.എ.ഡി. കവല മുതൽ മഹിളാലയം കവല വരെയുള്ള റോഡ് നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. കച്ചവട സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, മതപരമായ സ്ഥപനങ്ങൾ, ജനവാസ സ്ഥലങ്ങൾ എന്നിവ ഉൾപ്പെട്ട ധാരാളം നിർമ്മിതികൾ നിറഞ്ഞതാണ് പദ്ധതി പ്രദേശം. കൂടാതെ കൃഷിക്ക് അനുയോജ്യമായതും നിലവിൽ ഉപയോഗിക്കാത്തതുമായ തുറസായ സ്ഥലങ്ങളും ഉണ്ട്. പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അവശ്യ സൗകര്യങ്ങളുടെ പ്രാപ്യതയുണ്ട്.

അദ്ധ്യായം 7
സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം 4 ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തുന്നത്. ആദ്യഘട്ടത്തിൽ പദ്ധതി പ്രദേശം സന്ദർശിച്ച് ഒരു പ്രാഥമിക പഠനം നടത്തി പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും നേട്ടങ്ങളും വിലയിരുത്തി. പിന്നീട് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വെ നടത്തി അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം, ഭൂമി ഏറ്റെടുക്കുമ്പോൾ ഓരോ കുടുംബത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, തുടങ്ങിയവിവരങ്ങൾ ശേഖരിച്ചു. മൂന്നാമതായി സ്ഥലത്തെ പ്രധാന വ്യക്തികളുമായും തൽപര കക്ഷികളുമായും അഭിമുഖം നടത്തി പദ്ധതിയുടെ പൊതുവായ ആഘാതങ്ങളും നേട്ടങ്ങളും മനസ്സിലാക്കി. നാലാം ഘട്ടമായി 05.11.2020 വ്യാഴാഴ്ച്ച പകൽ 10.30 മുതൽ 5 മണി വരെ ആലുവയിലെ ക്രെസൻറ് പബ്ലിക് സ്ക്കൂളിൽ പബ്ലിക് ഹിയറിങ്ങുകൾ നടത്തി. പ്രസ്തുത ഹിയറിങ്ങിൽ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും അർത്ഥനാധികാരിയുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരും പദ്ധതിബാധിതരുടെ ഭൂമി ഏറ്റെടുക്കലുമായും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകി. സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും പദ്ധതിബാധിതർക്ക് സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖയുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ പറയുവാൻ അവസരം നൽകുകയും ചെയ്തു. സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നടത്തിയ ആദ്യഘട്ട സർവ്വേയിൽ പങ്കെടുക്കാത്തതും പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തതുമായ പദ്ധതി ബാധിതരുമായി പിന്നീട് നേരിട്ടും ടെലഫോണിലും വിവരശേഖരണം നടത്തുകയും ടി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുകയും ചെയ്തു.

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഏറ്റവും കുറവ് ആഘാതം ഉണ്ടാകുന്ന വിധത്തിലാണ് അർത്ഥനാധികാരി ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നിരുന്നാലും കുടുംബങ്ങൾക്ക് സ്ഥലം, കെട്ടിടം, ഉപജീവനമാർഗം എന്നിവ നഷ്ടമാകുന്നതിന് പദ്ധതി കാരണമാകുന്നു ണ്ടെന്ന് മനസിലാക്കുന്നു. പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപ ടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാര മുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതർക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്ന തിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ-പുനസ്ഥാപന നടപടികൾ കൈക്കൊള്ളുക.

- വീടുകൾ പദ്ധതിബാധിതമാകുന്ന കുടുംബങ്ങൾക്ക് അവരുടെ താമസ സൗകര്യങ്ങൾക്ക് യാതൊരുവിധ കുറവും വരാതെ യഥാസമയം പുനസ്ഥാ പനനടപടികൾ നടത്തേണ്ടതാണ്.

- ഭാഗികമായ് പദ്ധതിബാധിതമാകുന്ന വീടുകൾക്ക്/കടകൾക്ക് ഏറ്റെടുക്കലുമായ് ബന്ധപ്പെട്ട് അറ്റകുറ്റ പണികൾ വേണ്ടി വരുകയും തത്സമയം ടി ഭവനത്തിൽ താമസം/ടി കടകളുടെ പ്രവർത്തനം സാധ്യമല്ലാതെയും വന്നാൽ നിർദ്ദിഷ്ട സമയത്തേക്ക് കുടുംബങ്ങൾക്ക് താൽക്കാലിക താമസത്തിനാവശ്യമായ/ ഉപജീവനത്തിനാവശ്യമായ ചെലവ് നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്

- കുടുംബങ്ങളുടെ ഉപജീവനമാർഗത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് കടകൾ കുടിയൊഴിപ്പിക്കുന്നതിനു മുൻപ് തന്നെ പുനരധിവാസ നടപടികൾ സ്വീകരിക്കണം.

- പദ്ധതിപ്രദേശത്തെ പ്രത്യക്ഷത്തിൽ പദ്ധതി ബാധിതമാകുവാൻ സാധ്യതയില്ലാത്ത കടകളുടെ പ്രവർത്തനം പദ്ധതി നിർവ്വഹണ ഘട്ടത്തിൽ തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അഥവാ തടസപ്പെടുകയാണെങ്കിൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉപജീവനത്തിനുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്.

- കുടുംബങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത രീതിയിൽ പദ്ധതി ബാധിതമാകുന്ന അടിസ്ഥാന സൗകര്യങ്ങളായ ശൗചാലയം, സെപ്റ്റിക് ടാങ്ക്, കിണർ എന്നിവ പുനസ്ഥാപിക്കുക.

- പദ്ധതി ബാധിതമായേക്കാവുന്ന വീടുകൾ, കടകൾ തുടങ്ങിയവ നിയമം അനുശാസിക്കുന്ന വിധത്തിൽ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം ശേഷിക്കുന്ന ഭൂമി മതിയാകാതെ വന്നാൽ പ്രസ്തുത സ്ഥലം പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ അവശേഷിക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യമായ ഇളവുകൾ പരിഗണിക്കേണ്ടതാണ്.

- ക്രെസൻറ് പബ്ലിക് സ്കൂളിൻെറ പ്രവർത്തനത്തിനു ഭംഗം വരാത്ത വിധത്തിൽ ഭൂമി ഏറ്റെടുക്കൽ ക്രമപ്പെടുത്തുക അല്ലെങ്കിൽ തദനുസൃതമായി പുനസ്ഥാപന നടപടി കൈക്കൊള്ളുക

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷത്തിലധികമായ് കച്ചവടം/ പ്രവർത്തനം നടത്തുന്ന മതിയായ രേഖകളുള്ള വാടകക്കാരെയും ടി സ്ഥാപന ങ്ങളിൽ 3 വർഷത്തിലധികമായി ജോലിചെയ്യുന്നതും മതിയായ രേഖകളുള്ള തുമായ തൊഴിലാളികളെയും നഷ്ടപരിഹാരത്തിന് പരിഗണിക്കുക

- സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ടി പ്രദേശത്ത് നടപ്പിലാക്കു ന്നതിന് വളരെ വർഷങ്ങളായി ആസൂത്രണം ചെയ്യുന്നു എന്നതിനാൽ പ്രദേശ വാസികളായ കുടുംബങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന മാനസിക ബുദ്ധിമു ട്ടുകൾ പരിഗണിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- പരിസ്ഥിതിയുടെ സുസ്ഥിതിക്ക് വേണ്ടി പ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുക, അഥവാ വെട്ടി മാറ്റേണ്ടി വന്നാൽ കാലതാമസം കൂടാതെ പകരം വൃക്ഷങ്ങൾ നട്ട്പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- കടകളിലേയ്ക്കും വീടുകളിലേയ്ക്കും ഉള്ള പ്രവേശന മാർഗ്ഗവും വാഹന ഗതാ തവും ജനസഞ്ചാരവും പദ്ധതി നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടാതിരിക്കുന്നതി നും, നിർമ്മാണ മാലിന്യങ്ങളുടെ സമയാധിഷ്ടിതവും ശാസ്ത്രീയവുമായ നിർമ്മാർ ജനത്തിനുമുള്ള നടപടികൾ പദ്ധതി നിർവ്വഹണത്തിന് മുൻപേ ഉറപ്പ് വരുത്തുക.
- ഏറ്റെടുക്കുന്ന നിലത്തിൻെറ ഭാഗങ്ങൾ മുറിഞ്ഞ് പോകുമ്പോൾ പ്രധാന പാട ശേഖരത്തിൽ നിന്ന് വേർപെട്ട് പോകുന്ന സ്ഥലങ്ങൾ നീർവാഴ്ച്ചയും ജല സേചന സൗകര്യങ്ങളും നഷ്ടപ്പെട്ട് ജലം കൃഷിക്ക് യോഗ്യമല്ലാതായി തീരു വാനും പുരയിടത്തിൻെറ അവസ്ഥയിലേക്ക് മാറ്റപ്പെടുവാനുമുള്ള സാധ്യത

യുണ്ട്. ഭൂവുടമയുടെ കുഴപ്പം മൂലമല്ലാതെ, പ്രകൃതിയുടെയോ മനുഷ്യരുടെയോ ഇടപെടൽ മൂലം ഉണ്ടാകുന്ന ഈ അവസ്ഥാന്തരന്യാസത്തിൽ ടി നിലം പുരയിടം വിഭാഗത്തിലേക്ക് മാറ്റികൊടുക്കുവാൻ സാധ്യതയുണ്ടെങ്കിൽ പരിഗണിക്കേണ്ട താണ്.

- വീട്, കെട്ടിടങ്ങൾ തുടങ്ങിയവ നഷ്ടപ്പെടുന്നവർക്ക് കെട്ടിട ഉടമകൾ ആവശ്യ പ്പെടുകയാണെങ്കിൽ ടി കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് നിശ്ചയിക്കുന്ന വില യുടെ ഒരു നിശ്ചിത ശതമാനം ഈടാക്കി കെട്ടിട അവശിഷ്ടങ്ങൾ ഭൂ ഉടമ കൾക്ക് തിരികെ നൽകുന്നത് അവർക്ക് പുതിയ ഭവനം ഉണ്ടാക്കുന്നതിനും വൈകാരികത നിലനിർത്തുന്നതിനും സഹായകരമായിരിക്കും. കെട്ടിട അവശിഷ്ട ങ്ങളുടെ പുനരുപയോഗത്തിലൂടെ പരിസര മലിനീകരണവും പ്രകൃതി വിഭവങ്ങ ളുടെ ചൂഷണവും കുറയ്ക്കുന്നതിനും സഹായകരമായിരിക്കും.

- ഭൂമിയുടെ നിരപ്പിൽ നിന്നും ഉയരത്തിൽ നിർദ്ദിഷ്ട റോഡ് നിർമ്മിക്കുകയാ ണെങ്കിൽ തദ്ഫലമായി റോഡിന് താഴെയായി പോകുന്ന വീടുകളിലേയ്ക്കും കടകളിലേക്കും സ്ഥലങ്ങളിലേയ്ക്കും ഇറങ്ങുവാൻ ആവശ്യമായ റാംപ് സൗകര്യം നൽകണം.

    - പദ്ധതി രൂപരേഖ അന്തിമമാക്കപ്പെട്ടിട്ടുണ്ടോ എന്നതിനെക്കുറിച്ച് പദ്ധതി ബാധിതർക്കിടയിൽ ആശങ്ക നിലനിൽക്കുന്നതിനാൽ പദ്ധതി നിർവ്വഹണ ത്തിനു മുമ്പേ രൂപരേഖയെക്കുറിച്ച് പദ്ധതി ബാധിതർക്കുള്ള ആശങ്ക ദൂരീകരിക്കണം.

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാ പനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സീപോർട്ട്-എയർപോർട്ട്റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3ന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

7.4 അർത്ഥനാധികാരി പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ഭൂമി ഏറ്റെടുക്കലിനുള്ള ചെലവായി Rs.31.75 കോടി രൂപയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമായി 50 ലക്ഷം രൂപയും പദ്ധതിയുടെ വിശദമായ പദ്ധതിരേഖയിൽ പ്രതീക്ഷിത ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

കുടുംബങ്ങൾക്ക് വളരെക്കുറവ് ആഘാതം ഉണ്ടാകുന്ന രീതിയിലാണ് അർത്ഥനാധികാരി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നിരുന്നാലും ആലുവ നേതാജി റോഡിൽ ആലുവ വെസ്റ്റ് ബ്ലോക്ക് 60/105 സർവ്വെ നമ്പറിലെ പദ്ധതി ബാധിതമാകുന്ന വീട് ഒഴിവാക്കുന്ന വിധത്തിൽ അലൈന്മെൻറിൽ ചെറിയ മാറ്റം വരുത്തണമെന്ന് പ്രസ്തുത കുടുംബം അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വീടിൻെറ ഭാഗത്തുള്ള വർഷങ്ങളായി ഉപയോഗിക്കപ്പെടാതെ കിടക്കുന്ന തരിശ് ഭൂമിയിലേക്ക് റോഡിൻെറ അലൈന്മെൻറ് അൽപ്പം മാറ്റിയാൽ തങ്ങളുടെ വീട് ഒഴിവാക്കാമെന്നും പ്രസ്തുത ഭാഗത്ത് റോഡിന് ഉണ്ടായേക്കാവുന്ന വളവ് ഒഴിവാക്കുന്നതിനും കഴിയും എന്ന് കുടുംബം അഭിപ്രായപ്പെട്ടു.അതുപ്രകാരം അലൈന്മെൻറിൽ മാറ്റം സാധ്യമാണെങ്കിൽ ക്യാൻസർ രോഗബാധിതയായ ഉടമയുടെ വീട് പദ്ധതി ബാധിതമാകുന്നത് ഒഴിവാക്കുന്നതിന് കഴിയും.

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും

പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3ന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു

പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

ക്രമ നമ്പർ	പ്രത്യാഘാതം	പ്രത്യാഘാതലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARRനിയമം 2013ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തുക
2	വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം	RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക		ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക
3	കുടിയൊഴിപ്പി	RFCTLARR നിയമം 2013 ഒന്നാം		വേഗത്തിലുള്ള

	ക്കൽ ഉൾപ്പടെ വീടുകൾ പദ്ധതിബാധിതമാകൽ	പട്ടിക പ്രകാരവും രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും പുനരധിവാസ- പുന:സ്ഥാപന പാക്കേജും നൽകുക		പുനസ്ഥാപന നടപടികൾ.കുടിയൊഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപനം. കുടുംബങ്ങളുടെ തമസവും അടിസ്ഥാന സൗകര്യങ്ങളും ഒരു ദിവസം പോലും ബുദ്ധിമുട്ടിലാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ
4	ഉപജീവന മാർഗം നഷ്ടമാകൽ	RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക		ഉടമകളുടെയും 3 വർഷമോ അതിലധികമോ പദ്ധതി പ്രദേശത്ത് പ്രവർത്തിച്ച്കൊണ്ടിരിക്കുന്ന, മതിയായ രേഖകളുള്ള വാടകക്കാരുടെയും തൊഴിലാളികളുടെയും നഷ്ടമാകുന്ന ഉപജീവനമാർഗത്തിന് ന്യായമായ പരിഗണന
5	കടകൾ ഒഴിപ്പിക്കൽ	RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരവും പുനരധിവാസ-പുന:സ്ഥാപന പാക്കേജും നൽകുക		കുടുംബങ്ങളുടെ ഉപജീവനമാർഗം ഒരു ദിവസം പോലും നഷ്ടമാകാത്ത വിധത്തിൽ ഒഴിപ്പിക്കുന്നതിന് മുൻപേ വേഗത്തിലുള്ള പുനസ്ഥാപന നടപടികൾ
6	കൃഷി/വൃക്ഷങ്ങൾ പദ്ധതിബാധിതമാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക പദ്ധതിപ്രദേശത്തെ വൃക്ഷങ്ങൾ		പ്രദേശത്തിൻെറ പരിസ്ഥിതി സംരക്ഷണം

		കഴിയുന്നത്ര സംരക്ഷിക്കുക. നശിപ്പിക്കപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക		
7	അവശേഷിക്കുന്ന സ്ഥലം പുനർനിർമ്മാണത്തിന് അപര്യാപ്തമാകൽ	പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കുക/ ആവശ്യമെങ്കിൽ നിർമ്മാണവുമായ് ബന്ധപ്പെട്ട നിയമങ്ങളിൽ സാധ്യമായ ഇളവുകൾ പരിഗണിക്കുക		പദ്ധതി ബാധിതമാകുന്ന വീടുകൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗങ്ങൾ എന്നിവയ്ക്ക് ന്യായമായ പരിഗണന
8	ഏറ്റെടുക്കലിൽ ഉൾപ്പെടാത്ത/ ഭാഗികമായ് ബാധിതമാകുന്ന കെട്ടിടങ്ങളിലെ കച്ചവടപ്രവർത്തനങ്ങൾ പദ്ധതിനിർമ്മാണ ഘട്ടത്തിൽ തടസപ്പെടൽ	പ്രദേശത്തെ കച്ചവട പ്രവർത്തനങ്ങൾ തടസപ്പെടാത്ത വിധത്തിൽ പദ്ധതി നിർമാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. തടസപ്പെടുകയാണെങ്കിൽ നിർദ്ദിഷ്ട സമയത്തേക്ക് നഷ്ടപരിഹാരം പരിഗണിക്കുക		പദ്ധതി നിർമാണ ഘട്ടത്തിൽ പ്രദേശത്തെ കച്ചവട പ്രവർത്തനങ്ങൾ/ കുടുംബങ്ങളുടെ ഉപജീവനമാർഗം തടസപ്പെടാതിരിക്കൽ
9	ക്രെസൻറ് സ്ക്കൂളിൻെറ സൗകര്യങ്ങൾ പദ്ധതിബാധിതമാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും പുനരധിവാസ- പുന:സ്ഥാപന പാക്കേജും നൽകുക		സ്ക്കൂളിൻെറ തുടർ പ്രവർത്തനങ്ങൾക്ക് തടസം ഉണ്ടാകാത്ത വിധത്തിൽ അനുയോജ്യവും സമയാധിഷ്ഠിതവുമായ പുനസ്ഥാപന നടപടികൾ
10	പദ്ധതി നിർമ്മാണ ഘട്ടത്തിൽഉണ്ടാകുവാനിടയുള്ളഗതാഗത തടസ്സം, ജനങ്ങളുടെ സഞ്ചാര തടസ്സം	സുരക്ഷാ നടപടികൾ, സുരക്ഷിതവും നിർവിഘ്ന വുമായ ഗതാഗതം, ജനസഞ്ചാരം, എന്നിവയ്ക്കുള്ള നടപടികൾ പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ആസൂത്രണം ചെയ്യുക.	പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക	പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം, ജനങ്ങളുടെ സഞ്ചാരം എന്നിവ തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികളുടെ ആസൂത്രണവും നടപ്പിലാക്കലും
11	നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം	നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം	പദ്ധതി നിർമ്മാണ ഘട്ടത്തിനു	പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം

	ചെയ്യാതിരിക്കൽ	ചെയ്യുക	മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക	ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശരിയായ വിധത്തിൽ നിർമ്മാജ്ജനം ചെയ്തു എന്ന് ഉറപ്പ് വരുത്തുക

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8
സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015,ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2 & 3ന് വേണ്ടി എറണാകുളം ജില്ലയിലെ ആലുവ, കണയന്നൂർ താലൂക്കുകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ താഹസിൽദാർ (എൽ.എ.) കെ.ഐ.എ നമ്പർ 3, നെടുമ്പാശ്ശേരി ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RDപ്രകാരവുംകേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

2.പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക്നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/

കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. ഗവൺമെൻറേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവചിച്ചിരിക്കുന്നു. അതിൻ പ്രകാരം സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3ന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2020 മാർച്ച് 20-ാം തീയതിയിലെ വിജ്ഞാപനത്തിലൂടെ (G.O.(P)No.30/2020/RD) കേരള സർക്കാർ റെവന്യൂ(ബി) ഡിപ്പാർട്ട്മെൻറ് രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ആയ രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ഘട്ടം II സെക്ഷൻ A പാക്കേജ് 2 & 3 ന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതംകൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതി ഘട്ടംII സെക്ഷൻ എ പാക്കേജ് 2 &3 നിർമ്മാണത്തിന് വേണ്ടിഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ സർവ്വെ നമ്പറുകൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് 20/03/2020 തീയതിയിൽ കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് വിജ്ഞാപനം G.O.(P)No.30/2020/RD പുറപ്പെടുവിച്ചു. ഏകദേശം 30.3590 ഹെക്ടർ സ്ഥലമാണ് പദ്ധതിക്ക് ആവശ്യമായ് വരുന്നത് എന്ന് ടി വിജ്ഞാപനം പറയുന്നു. പദ്ധതിബാധിതമാകുന്ന പ്രസ്തുത സ്ഥലങ്ങളുടെ 192 ഉടമകളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. ഉടമകൾ താമസിക്കുന്നതും, വാടകയ്ക്ക് നൽകിയിരിക്കുന്നതും, അടച്ചിട്ടിരിക്കുന്നതും, നിർമ്മാണത്തിലിരിക്കുന്നതുമായ 35 ഉടമകളുടെ സ്ഥലത്തുള്ള വീടുകളും, 5 ഉടമകളുടെ കടകളും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 54 ഉടമകൾക്ക് കൃഷി ഉൾപ്പെടെയുള്ള ഉപജീവനമാർഗ്ഗം നഷ്ടമാകുന്നുണ്ട്. കുടുംബങ്ങളുടെ കുടി ഒഴിയൽ, വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം, ഉപജീവനമാർഗം നഷ്ടമാകൽ എന്നിങ്ങനെയുള്ള ആഘാതങ്ങൾ പദ്ധതിമൂലം ഉണ്ടാകുന്നുണ്ട് എന്നതിനാൽ പദ്ധതിക്ക് പുനരധിവാസം, പുനസ്ഥാപനം എന്നിവ ആവശ്യമായ് വരും എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ മനസിലാക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുള്ള 317.75 കോടി രൂപയും പുനരധിവാസ-പുനസ്ഥാപന നടപടികൾക്കുള്ള 50 ലക്ഷം രൂപയും ഉൾപ്പടെ ആകെ 455.84 കോടി രൂപയാണ് പദ്ധതിയുടെ പ്രതീക്ഷിത ചെലവായി വിശദമായ പദ്ധതിരേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 29.06.2018 തീയതിയിലെ ഉത്തരവ് PWD-006-03-PA-01 പ്രകാരം പദ്ധതി നിർവ്വഹണത്തിനുള്ള തുക കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൻെറ എല്ലാ പ്രത്യാഘാതങ്ങളും കണക്കിലെടുത്തു കൊണ്ട് പദ്ധതിക്കായി ചുമതല ഏറ്റിട്ടുള്ള അഡ്മിനിസ്ട്രേറ്റർ പുനരധിവാസ പുനസ്ഥാപന പദ്ധതിയുടെ കരട് രേഖ തയ്യാറാക്കും.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3.സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10
സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- സ്ഥലവിലയും നഷ്ടപരിഹാരതുകയും
- നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനംഎന്നീ നടപടികളുടെ സമയക്രമം
- പ്രദേശത്തെ വസ്തുക്കളിലേക്ക് പ്രവേശനവും വ്യവഹാര പ്രവർത്തനങ്ങളും തടസപ്പെടാത്ത വിധത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ
- പ്രദേശത്തെ വസ്തുക്കളിലേക്ക് പദ്ധതിനിർവ്വഹണത്തിന് ശേഷംനിലവിലുള്ള പ്രവേശനമാർഗംതടസ്സപ്പെടാതിരിക്കൽ
- പദ്ധതി ബാധിതമാകുന്ന സ്കൂളിൻെറ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത വിധത്തിലുള്ള പുനസ്ഥാപന നടപടികൾ
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണമാലിന്യങ്ങൾ സമയാധിഷ്ടിതമായും ശാസ്ത്രീയവുമായും നീക്കം ചെയ്യൽ

10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

സീപോർട്ട്–എയർപോർട്ട് നിർമ്മാണ പദ്ധതി *ഘട്ട*II സെക്ഷൻ എ പാക്കേജ് 2 &3 നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)കെ.ഐ.എ.നമ്പർ 3, നെടുമ്പാശേരി പദ്ധതിയുടെ പുനരധിവാസ പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. അഡ്മിനിസ്ട്രേറ്റർ തയ്യാറാ

ക്കുന്ന പുനരധിവാസപുന സ്ഥാപനസ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

സീപോർട്ട്–എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ക്ക് വേണ്ടി അതായത് എൻ.എ.ഡി. കവല മുതൽ മഹിളാലയം കവല വരെയുള്ള റോഡ് നിർമ്മാണത്തിന് വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. സീപോർട്ട്–എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിൻെറ നിർമ്മാണത്തിലൂടെസീപോർട്ട്–എയർപോർട്ട് റോഡ് ആദ്യഘട്ട നിർമ്മിതിയെകൊച്ചി അന്താരാഷ്ട്ര വിമാനത്താവളവുമായും ദേശീയ പാത 544 മായും ബന്ധിപ്പിക്കും. പ്രസ്തുത റോഡ് നഗരത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഏലൂർ, അന്താരാഷ്ട്ര വിമാനത്താവളം എന്നിവയെ സ്മാർട്സിറ്റി, വൈറ്റില മൊബിലിറ്റി ഹബ് എന്നിവയുമായ് ബന്ധിപ്പിച്ച് യാത്ര എളുപ്പമാക്കും. കൊച്ചി നഗരത്തിന് കൊച്ചി നഗരത്തിൻെറ പുറത്തുള്ള പ്രദേശങ്ങളുമായി മികച്ച രീതിയിലുള്ള ബന്ധിപ്പിക്കൽ ലഭിക്കും. കൂടാതെ വരും വർഷങ്ങളിൽ ഉണ്ടാകുവാനിടയുള്ള വർദ്ധിച്ച ഗതാഗതത്തെ ലളിതമാക്കുകയും ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കിൽ നിന്നും സ്മാർട്ട് സിറ്റിയിൽ നിന്നുമുള്ള യാത്രക്കാർക്ക് നിർദ്ദിഷ്ട റോഡിലൂടെ എയർപോട്ടിലേക്കും കൊച്ചി നഗരത്തിലേക്കും പ്രവേശിക്കുവാനാകും. സീപോർട്ട്–എയർപോർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ യാത്രക്കാർക്ക് കൂടുതൽ സമയം നഷ്ടപ്പെടുത്താ തെ വിമാനത്താവളത്തിലെത്തി ചേരുവാൻ കഴിയും. ദേശീയ പാത 544 ൽ നിന്നും എയർ പോർട്ടിലേക്ക് എത്തുവാൻ കുണ്ടന്നൂർ ജംഗ്ഷനിൽ നിന്നോ വൈറ്റില ജംഗ്ഷനിൽ നിന്നോ പാലാരിവട്ടത്തു നിന്നോ എച്ച്.എം.ടി ജംഗ്ഷനിൽ നിന്നോ തിരിഞ്ഞ് സീപോർട്ട്–എയർപോർട്ട് റോഡിലൂടെ യാത്ര ചെയ്യുവാൻ കഴിയും. കരിങ്ങാച്ചിറ,

കാക്കനാട്, തൃക്കാക്കര, കളമശേരി മുതലായ ഇടങ്ങളിലെ വർദ്ധിച്ച് വരുന്ന ഗതാഗതത്തെ പുതിയ രൂപരേഖ ലളിതമാക്കും.

കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതം എന്നത് പരിഗണിച്ചുകൊണ്ടാണ് നിലവിലെ രൂപരേഖ അർത്ഥനാധികാരി തീരുമാനിച്ചിരിക്കുന്നത്. വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, വീടുകൾ എന്നിങ്ങനെ ധാരാളം നിർമ്മിതികൾ നിറഞ്ഞതാണ് ഈ പ്രദേശം. കൂടാതെ കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളും ഒഴിഞ്ഞ സ്ഥലങ്ങളും ഈ പ്രദേശത്തുണ്ട്. 6.60 കി.മീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട റോഡ് കൂടുതലായും ഒഴിഞ്ഞ സ്ഥലങ്ങളിലൂടെയാണ് കടന്പോകുന്നത്. എന്നിരുന്നാലും സ്ഥലം നഷ്ടമാകൽ, കുടുംബങ്ങളുടെ കുടിയൊഴിയൽ, കടകൾ ഒഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ എന്നീ പ്രത്യാഘാതങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ കാരണമാകുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ 192 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. ഉടമകൾ താമസിക്കുന്നതും, വാടകയ്ക്ക് നൽകിയിരിക്കുന്നതും, അടച്ചിട്ടിരിക്കുന്നതും, നിർമ്മാണത്തിലിരിക്കു ന്നതുമായ 35 ഉടമകളുടെ സ്ഥലത്തുള്ള വീടുകളും, 5 ഉടമകളുടെ കടകളും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ 57 വ്യക്തികൾക്ക് കൃഷി ഉൾപ്പെടെയുള്ള ഉപജീവനമാർഗ്ഗം നഷ്ടമാകുന്നുണ്ട്. കുടുംബങ്ങളുടെ കുടി ഒഴിയൽ, വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം, ഉപജീവനമാർഗം നഷ്ടമാകൽ എന്നിങ്ങനെയുള്ള ആഘാതങ്ങൾ പദ്ധതിമൂലം ഉണ്ടാകുവാനിടയുണ്ടെന്ന് മനസിലാക്കുന്നു.പ്രദേശത്തിൻെറ വികസനത്തിന് കാരണമാകും എന്നതിനാൽ സർവ്വെയിൽ പങ്കെടുത്ത കുടുംബങ്ങൾ പദ്ധതിയോട് അനുകൂല മനോഭാവമാണ് പ്രകടിപ്പിച്ചത്. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം നഷ്ടപരിഹാരവും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജും പദ്ധതി ബാധിതർക്ക് നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്.

11.2മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ന് വേണ്ടി ഭൂമിയേറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം പദ്ധതിബാധിതർക്ക് വിപരീത ആഘാതങ്ങളുണ്ടെങ്കിലും പ്രദേശത്തിൻെറ വികസനത്തിനും സംസ്ഥാനത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതി കാരണമാകും. ആയതിനാൽ വിപരീത ആഘാതങ്ങളേക്കാൾ ഗുണപരമായ പ്രത്യാഘാതങ്ങൾക്കാണ് കൂടുതൽ സാധ്യത എന്നതിനാൽ തങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളുമായി പദ്ധതി ബാധിത കുടുംബങ്ങൾ താദാത്മ്യം പ്രാപിക്കും എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ അലൈൻമെൻറ് പ്രകാരം സീപോർട്ട്-എയർപോർട്ട് നിർമ്മാണ പദ്ധതിയുടെ ഘട്ടംII പാക്കേജ് 2& 3 ന് വേണ്ടി എറണാകുളം ജില്ലയിലെ ആലുവ കണയന്നൂർ താലൂക്കുകളിൽ ഉൾപ്പെട്ട ചൂർണിക്കര, കീഴ്മാട്, ആലുവ വെസ്റ്റ്, തൃക്കാക്കര നോർത്ത് എന്നീ വില്ലേജുകളിൽ നിന്നുമുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ വിപരീത പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതിബാധിതർക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD

പ്രകാരവും 29/12/2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള പുനരധിവാസ-പുനസ്ഥാപന നടപടികൾ കൈക്കൊള്ളുക.

- വീടുകൾ പദ്ധതി ബാധിതമാകുന്ന കുടുംബങ്ങൾക്ക് അവരുടെ താമസ സൗകര്യങ്ങൾക്ക് യാതൊരുവിധ കുറവും വരാതെ യഥാസമയം പുനസ്ഥാപനനടപടികൾ നടത്തേണ്ടതാണ്.

- ഭാഗികമായ് പദ്ധതിബാധിതമാകുന്ന വീടുകൾക്ക്/ കടകൾക്ക് ഏറ്റെടുക്കലുമായ് ബന്ധപ്പെട്ട് അറ്റകുറ്റപണികൾ വേണ്ടിവ രുകയും തൽസമയം ടി ഭവനത്തിൽ താമസം/ടി കടകളുടെ പ്രവർത്തനം സാധ്യമല്ലാതെയും വന്നാൽ നിർദ്ദിഷ്ട സമയത്തേക്ക് കുടുംബങ്ങൾക്ക് താൽക്കാലിക താമസത്തിനാവശ്യമായ/ഉപജീവനത്തിനാവശ്യമായ ചെലവ് നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്

- കുടുംബങ്ങളുടെ ഉപജീവനമാർഗത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് കടകൾ കുടിയൊഴിപ്പിക്കുന്നതിനു മുൻപ് തന്നെ പുനരധിവാസ നടപടികൾ സ്വീകരിക്കണം.

- പദ്ധതിപ്രദേശത്തെ പ്രത്യക്ഷത്തിൽ പദ്ധതി ബാധിതമാകുവാൻ സാധ്യതയില്ലാത്ത കടകളുടെ പ്രവർത്തനം പദ്ധതി നിർവ്വഹണ ഘട്ടത്തിൽ തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അഥവാ തടസപ്പെടുകയാണെങ്കിൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉപജീവനത്തിനുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്.

- കുടുംബങ്ങൾക്ക് അസൗകര്യം ഉണ്ടാകാത്ത രീതിയിൽ പദ്ധതി ബാധിതമാകുന്ന അടിസ്ഥാന സൗകര്യങ്ങളായ ശൗചാലയം, സെപ്റ്റിക് ടാങ്ക്, കിണർ എന്നിവ പുനസ്ഥാപിക്കുക.

- പദ്ധതി ബാധിതമായേക്കാവുന്ന വീടുകൾ, കടകൾ തുടങ്ങിയവ നിയമം അനുശാസിക്കുന്ന വിധത്തിൽ പുനസ്ഥാപിക്കുന്നതിന് ഏറ്റെടുക്കലിനു ശേഷം ശേഷിക്കുന്ന ഭൂമി മതിയാകാതെ വന്നാൽ പ്രസ്തുത സ്ഥലം പൂർണ്ണമായി ഏറ്റെടുത്തുകൊണ്ട് പുനസ്ഥാപന നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ അവശേഷിക്കുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യമായ ഇളവുകൾ പരിഗണിക്കേണ്ടതാണ്.

- ക്രെസൻറ് പബ്ലിക് സ്കൂളിൻെറ പ്രവർത്തനത്തിന് ഭംഗം വരാത്ത വിധത്തിൽ ഭൂമി ഏറ്റെടുക്കൽ ക്രമപ്പെടുത്തുക അല്ലെങ്കിൽ തദനുസൃതമായി പുനസ്ഥാപന നടപടി കൈക്കൊള്ളുക

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷത്തിലധികമായ് കചവ്വടം/ പ്രവർത്തനം നടത്തുന്ന മതിയായ രേഖകളുള്ള വാടകക്കാരെയും ടി സ്ഥാപനങ്ങളിൽ 3 വർഷത്തിലധികമായി ജോലിചെയ്യുന്നതും മതിയായ രേഖകളുള്ളതുമായ തൊഴിലാളികളെയും നഷ്ടപരിഹാരത്തിന് പരിഗണിക്കുക

- സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണ പദ്ധതി ടി പ്രദേശത്ത് നടപ്പിലാക്കുന്നതിന് വളരെ വർഷങ്ങളായി ആസൂത്രണം ചെയ്യുന്നു എന്നതിനാൽ പ്രദേശവാസികളായ കുടുംബങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന മാനസിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- പരിസ്ഥിതിയുടെ സുസ്ഥിതിക്ക് വേണ്ടി പ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുക, അഥവാ വെട്ടിമാറ്റേണ്ടി വന്നാൽ കാലതാമസം കൂടാതെ പകരം വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

- കടകളിലേയ്ക്കും വീടുകളിലേയ്ക്കും ഉള്ള പ്രവേശനമാർഗ്ഗവും വാഹന ഗതാതവും ജനസഞ്ചാരവും പദ്ധതി നിർമ്മാണഘട്ടത്തിൽ തടസ്സപ്പെടാതിരിക്കുന്നതിനും, നിർമ്മാണ മാലിന്യങ്ങളുടെ സമയാധിഷ്ടിതവും ശാസ്ത്രീയവുമായ നിർമ്മാർജനത്തിനുമുള്ള നടപടികൾ പദ്ധതി നിർവ്വഹണത്തിന് മുൻപേ ഉറപ്പ് വരുത്തുക

- ഏറ്റെടുക്കുന്ന നിലത്തിൻെറ ഭാഗങ്ങൾ മുറിഞ്ഞ് പോകുമ്പോൾ പ്രധാന പാടശേഖരത്തിൽ നിന്ന് വേർപെട്ട് പോകുന്ന സ്ഥലങ്ങൾ നീർവാഴ്ച്ചയും ജലസേചന സൗകര്യങ്ങളും നഷ്ടപ്പെട്ട് ജലം കൃഷിക്ക് യോഗ്യമല്ലാതായി തീരുവാനും പുരയിടത്തിൻെറ അവസ്ഥയിലേക്ക് മാറ്റപ്പെടുവാനുമുള്ള സാധ്യതയുണ്ട്. ഭൂവുടമയുടെ കുഴപ്പം മൂലമല്ലാതെ, പ്രകൃതിയുടെയോ മനുഷ്യരുടെയോ ഇടപെടൽ മൂലം ഉണ്ടാകുന്ന ഈ അവസ്ഥാന്ത രന്യാസത്തിൽ ടി നിലം പുരയിടം വിഭാഗത്തിലേക്ക് മാറ്റികൊടുക്കുവാൻ സാധ്യതയുണ്ടെങ്കിൽ പരിഗണിക്കേണ്ടതാണ്.

- വീട്, കെട്ടിടങ്ങൾ തുടങ്ങിയവ നഷ്ടപ്പെടുന്നവർക്ക് കെട്ടിട ഉടമകൾ ആവശ്യപ്പെടുകയാണെങ്കിൽ ടി കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് നിശ്ചയിക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനം ഈടാക്കി കെട്ടിട അവശിഷ്ടങ്ങൾ ഭൂ ഉടമകൾക്ക് തിരികെ നൽകുന്നത് അവർക്ക് പുതിയ ഭവനം ഉണ്ടാക്കുന്നതിനും വൈകാരികത നിലനിർത്തുന്നതിനും സഹായകരമായിരിക്കും. കെട്ടിട അവശിഷ്ടങ്ങളുടെ പുനരുപയോഗത്തിലൂടെ

പരിസര മലിനീകരണവും പ്രകൃതി വിഭവങ്ങളുടെ ചൂഷണവും കുറയ്ക്കുന്നതിനും സഹായകരമായിരിക്കും.

- ഭൂമിയുടെ നിരപ്പിൽ നിന്നും ഉയരത്തിൽ നിർദ്ദിഷ്ട റോഡ് നിർമ്മിക്കുകയാണെങ്കിൽ തദ്ഫലമായി റോഡിന് താഴെയായി പോകുന്ന വീടുകളിലേയ്ക്കും കടകളിലേക്കും സ്ഥലങ്ങളിലേയ്ക്കും ഇറങ്ങുവാൻ ആവശ്യമായ റാംപ് സൗകര്യം നൽകണം

- പദ്ധതി രൂപരേഖ അന്തിമമാക്കപ്പെട്ടിട്ടുണ്ടോ എന്നതിനെക്കുറിച്ച് പദ്ധതി ബാധിതർക്കിടയിൽ ആശങ്ക നിലനിൽക്കുന്നതിനാൽ പദ്ധതി നിർവ്വഹണത്തിനു മുമ്പേ രൂപരേഖയെക്കുറിച്ച് പദ്ധതി ബാധിതർക്കുള്ള ആശങ്ക ദൂരീകരിക്കണം.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം
5. റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ കേരള ലിമിറ്റഡ് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ